KOTTAYAM PUBLIC LIBRARY

Call No. M08 Acc. No. 14112

Author ഗ്രിഗറി

Title വി: അമ്മ ത്രേസ്യ

14112

14112

# വിശുദ്ധ അമ്മ ത്രേസ്യാ

## രണ്ടാം ഭാഗം

(അല്ഫോൻസ് ലിഗോരി പുണ്യവാൻെറ കൃതികളിൽനിന്നെടുത്ത)

1. വിശുദ്ധയുടെ നവനാൾ ധ്യാനങ്ങൾ
2. വിശുദ്ധയുടെ നവനാൾ ജപങ്ങൾ
3. വിശുദ്ധയുടെ പുണ്യപൂർണ്ണതയ്ക്കുള്ള കുറുക്കുവഴി

(രണ്ടാം പതിപ്പ്)

പ്രസാധകൻ,
ഫാദർ ഗ്രഗറി, സി. ഡി.

NATIONAL BOOK-STALL * KOTTAYAM * BR.
S.P.C.S. LTD.

1947 / S. J. Press, / Mannanam.

**Nihil obstat**

Fr. Anastasius, T. O. C. D.
Fr. Jerome, T. O. C. D.

*Censores Deputati.*

*Coonamavoo,*
*12—3— '38.*

**Imprimi potest**

Fr. Bartholomew of Jesus,
Prior General, T. O. C. D.

*Thevara'*
*16—4— '38*

**Re-imprimatur**

† James Kalacherry,
Bp. of Changanacherry.

*Changanacherry,*
*18—11—'44*

*J. M. J. T.*

# I. വിശുദ്ധ അമ്മ ത്രേസ്യായുടെ നവനാൾ ധ്യാനങ്ങൾ

## ഒന്നാം ദിവസം

വി. അമ്മത്രേസ്യായുടെ വിശ്വാസസ്ഥിരതയും
ദിവ്യകാരുണ്യ ഭക്തിയും

രൂപീകരണം:— പരിശുദ്ധ കുർബ്ബാനയുടെ സന്നിധിയിൽ വി. അമ്മ ത്രേസ്യാ സ്നേഹപരവശയായി നില്ക്കുന്നതു കാണുന്നതായി വിചാരിക്കുക.

അഭ്യർത്ഥന:— തന്നിൽ പ്രശോഭിച്ചിരുന്ന വിശ്വാസത്തിന്റെയും ദിവ്യകാരുണ്യഭക്തിയുടെയും ഒരംശം നിനക്കു പ്രാപിച്ചു തരുന്നതിനായി പുണ്യവതിയോട് അപേക്ഷിക്കുക.

### ധ്യാനം

I

വി. അമ്മ ത്രേസ്യായിൽ തിളങ്ങിവിളങ്ങിയിരുന്ന അചഞ്ചലമായ വിശ്വാസം അനന്യസാധാരണമായ ഒന്നായിരുന്നു. "വിശ്വാസത്തിനെതിരായി എന്നെ പരീക്ഷിക്കുവാൻ പിശാചിന് ഒരിക്കലും ശക്തിയുണ്ടായിട്ടില്ല. വിശ്വാസസംബന്ധമായ കർമ്മങ്ങൾ സാധാരണ രീതിയിൽ എത്ര അസാദ്ധ്യമെന്നു തോന്നിയിരുന്നുവോ അത്രയ്ക്കു അധികമായി അവയിൽ ഞാൻ വിശ്വസിക്കുകയും അവ എത്ര അവിശ്വസനീയമായി തോന്നിയിരുന്നുവോ അത്രയ്ക്കു അവ എന്നിൽ ഭക്തി ജനിപ്പിക്കുകയും ചെയ്തിരുന്നു" എന്നു സാഭിമാനം തന്റെ ജീവചരിത്രത്തിൽ എഴുതത്തക്കവണ്ണം പുണ്യവതിയുടെ വിശ്വാസസ്ഥിരത അത്രയ്ക്കു ദൃഢതര

മായ ഒന്നായിരുന്നു വിശുദ്ധയുടെമേൽ ഇൻകവിസിഷൻ കച്ചേരിയിൽ കുററാരോപണം ഉണ്ടാകാനിടയുണ്ടെന്നു ആരോ ഒരിക്കൽ പറയുകയുണ്ടായി. തത്സംബന്ധമായി അവൾ എഴുതിയിരിക്കുന്ന സമാധാനം ശ്രദ്ധേയമാണ്; "ഇതു കേട്ടപ്പോൾ ഞാൻ ചിരിക്കുകയാണു ചെയ്തതു്. എന്തെന്നാൽ വിശ്വാസ സംബന്ധമായ കാര്യങ്ങൾക്കുവേണ്ടി, എന്നുവേണ്ട തിരുസഭയുടെ ഏററം അല്പമായ ഒരു ക്രമത്തിനു വേണ്ടിപ്പോലും എൻെറ ജീവൻ കൂടെയും ആയിരം പ്രാവശ്യം ഉപേക്ഷിക്കുവാൻ ഞാൻ സന്നദ്ധയായിട്ടാണിരിക്കുന്നതു്."

ഏഴു വയസ്സു മാത്രം പ്രായമുണ്ടായിരുന്നപ്പോൾ അഫ്രിക്കയിലെ മൂർജാതിക്കാരുടെ ഇടയിൽ വിശ്വാസത്തിനുവേണ്ടി ജീവത്യാഗം ചെയ്യുവാൻ ഉറച്ചു് സ്വസഹോദരനുമൊരുമിച്ചു് വീട്ടിൽ നിന്നിറങ്ങിത്തിരിക്കുവാനുള്ള സ്ഥൈര്യവും ധൈര്യവും നൽകിയതും ഈ സുസ്ഥിരമായ വിശ്വാസമല്ലാതെ മറെറാന്നുമല്ലായിരുന്നു. പ്രായം വദ്ധിച്ചതിനോടൊപ്പം പുണ്യവതിയുടെ വിശ്വാസവും വദ്ധമാനമായിക്കൊണ്ടിരുന്നു. മതവൈപരീത്യത്തിലകപ്പെട്ടിരുന്ന ലൂതറിൻെറ അനുയായികളെ ആകമാനം, അവക്കു പററിയ തെററിനെ മനസ്സിലാക്കി, സത്യത്തിൻെറ വഴിയിലേക്കു ആനയിക്കുവാൻ തനിക്കു തന്നെ സാധിക്കുമെന്നു ധൈര്യം തോന്നത്തക്കവണ്ണം ത്രേസ്യായുടെ വിശ്വാസം അത്ര ദൃഢതരമായിരുന്നു. മതത്തോടും മതപഠനങ്ങളോടും ഉണ്ടായിരുന്ന അതിരററ വിശ്വാസം ഹേതുവാൽ സ്വമതാനുയായികളെ കാണുമ്പോൾ പുണ്യവതിക്കനുഭവപ്പെട്ടിരുന്ന സന്തോഷവും സംതൃപ്തിയും എത്രമാത്രമെന്നു് വിവരിക്കുക അസാദ്ധ്യം. ഈ സന്തോഷാധിക്യം ഹേതുവാൽ തൻെറ അന്ത്യവേളയിൽ "ഞാൻ വിശുദ്ധ സഭയുടെ ഒരു പുത്രിയാകുന്നു; ഞാൻ വിശുദ്ധ സഭയുടെ ഒരു പുത്രിയാകുന്നു" എന്നു അവൾ ആവത്തിച്ചാവത്തിച്ചു പറഞ്ഞിരുന്നു.

നമ്മുടെ വിശ്വാസത്തിൻെറ പരമരഹസ്യമെന്നു സാത്ഥകമായും പറയാവുന്ന വി. കുബ്ബാനയുടെ നേരെ പുണ്യവതിക്കുണ്ടായിരുന്ന അനിതരസാധാരണവും അത്ഭുതകരവുമായ ഭക്തിക്കും സ്നേഹത്തിനും ഉള്ള നിദാനവും ഈ അസാധാരണ വിശ്വാസസ്ഥിരതയല്ലാതെ മറെറാന്നുമായിരുന്നില്ല. പാപംമൂലം അധഃപതിച്ചുപോയ മനുഷ്യവംശത്തിൻെറ പുനരുദ്ധാരണാത്ഥം ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തതു് എത്രമാത്രം അനു

ഗ്രഹപ്രദമായിരുന്നു എന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. എന്നാൽ അതിനേക്കാൾ വലിയ ഒരനുഗ്രഹമാണ് വി. കുർബ്ബാനയുടെ സ്ഥാപനം വഴിയായി താൻ ചെയ്തിരിക്കുന്നതെന്ന് വി. അമ്മത്രേസ്യാം ആയുഷ്ക്കാലത്തു് പലപ്പോഴും പറയുക പതിവായിരുന്നു. തനിക്ക് ഈ പരമരഹസ്യത്തോടുള്ള വിശ്വാസവും, വണക്കവും, സ്നേഹവും അതിരററതായിരുന്നു എന്ന് മരണാനന്തരം പുണ്യവതി തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. തൻെറ വിശ്വാസം വഴിയായി ഇവൾ വ. കുർബ്ബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ദിവ്യരക്ഷകനെ പ്രത്യക്ഷത്തിൽ കണ്ടിരുന്നതിനാൽ, മിശിഹാ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ജനിച്ചിരുന്നു എങ്കിൽ തന്നെ പ്രത്യക്ഷത്തിൽ കാണ്മാൻ സാധിക്കുമായിരുന്നല്ലൊ എന്നു ആരെങ്കിലും പറയുന്നതു കേൾക്കുമ്പോൾ ചിരിച്ചുകൊണ്ടു "കർത്താവു പരിശുദ്ധ കുർബ്ബാനയിൽ എഴുന്നള്ളി നമ്മുടെ ഇടയിൽ ഇരിക്കുന്നു. ഇതിൽ കൂടുതൽ എന്താണ് നിങ്ങൾക്കു വേണ്ടതു്. മിശിഹാ ലോകത്തിലായിരുന്നപ്പോൾ രോഗങ്ങൾ നീങ്ങുവാൻ തൻെറ വസ്ത്രത്തിന്മേൽ സ്പർശിച്ചാൽ മതിയായിരുന്നു എങ്കിൽ, നമ്മുടെ ഹൃദയത്തിൽ താൻ മുഴുവനായി എഴുന്നള്ളി ഇരിക്കുന്ന അവസരത്തിൽ എന്താണ് താൻ നമുക്കുവേണ്ടി ചെയ്യുകയില്ലാത്തതു്?" എന്നാണു് നമ്മുടെ വിശുദ്ധ പറഞ്ഞിരുന്നതു്. വിശ്വാസത്തിൻെറ ഉത്തമ മാതൃകയായിരുന്ന പുണ്യവതി തുടന്ന് ഇങ്ങനെ എഴുതിയിരിക്കുന്നു: "ആട്ടിടയൻ സാക്ഷാൽ ഒരാടുതന്നെയായി പരിവർത്തനം ചെയ്യുക എന്നതു എത്ര ആനന്ദസംദായകമായ ഒരു കാര്യമാണ്? മ്ശിഹാ നമുക്ക് ആഹാരം നൽകുന്നതിനാൽ താൻ ഒരു യഥാർത്ഥ ആട്ടിടയനാകുന്നു. താൻ തന്നെ നമുക്ക് ആഹാരവും കുടിയാകയാൽ താൻ സാക്ഷാൽ ഒരു കുഞ്ഞാടും ആകുന്നു. നമ്മെ പോഷിപ്പിക്കുന്നതിനാൽ താൻ ഒരു ആട്ടിടയനാകുന്നു. മിശിഹാ തന്നെ പോഷകസാധനവുമാകയാൽ യഥാർത്ഥത്തിൽ താൻ ഒരു കുഞ്ഞാടുതന്നെയും ആകുന്നു. നമ്മുടെ അനുദിന ഭക്ഷണത്തിന്നായി നാം മിശിഹായോടു പ്രാർത്ഥിക്കുമ്പോൾ ആട്ടിടയനായ താൻതന്നെ നമുക്കാഹാരവും നമ്മുടെ സംരക്ഷകനുമാകണമെന്നാണ് നാം അവശ്യപ്പെടുന്നതു്."

സ്നേഹത്തിൻെറ കൂദാശയായ പരിശുദ്ധ കുർബ്ബാനയുടെ നേരെ അവിശ്വാസികളും ശീശ്മക്കാരും കാണിച്ചിരുന്ന നിന്ദാവമാനങ്ങൾ ഓർത്തു് ത്രേസ്യാപുണ്യവതിയുടെ മനസ്സ് സദാ വെന്തു

രുകിയിരുന്നു. ഈ ചിന്ത നിമിത്തമുള്ള ആകുലാധിക്യത്താൽ അവൾ പലപ്പോഴും ഇങ്ങനെ പ്രലപിച്ചിരുന്നു: "ഹാ! എൻെറ സ്രഷ്ടാവായ ദൈവമെ! മനുഷ്യരുടെ നേരെയുള്ള അതിരററ സ്നേഹത്താലും, മനുഷ്യസ്നേഹത്തെപ്രതിയുള്ള അങ്ങെ തിരുച്ചിത്തം നിറവേററുന്നതിനുവേണ്ടിയും അങ്ങെ സ്നേഹകുമാരനാൽ സ്ഥാപിക്കപ്പെട്ട ഈ സ്നേഹക്രൂദാശ ഇങ്ങനെ അനാദരിക്കപ്പെടുവാനും, നിന്ദിക്കപ്പെടുവാനും അനുവദിക്കുന്നത് എന്തുകൊണ്ടാണ്? ലോകത്തിൽ സഞ്ചരിച്ചിരുന്ന കാലത്ത് അങ്ങെ സ്നേഹസുതനു തല ചായിപ്പാൻ പോലും സ്ഥലമില്ലായിരുന്നു. അതുകൊണ്ടും മതിയാകാഞ്ഞിട്ടാണോ മനുഷ്യരുടെ ബലഹീനതയ്ക്കു് അവശ്യാവശ്യമായ ജീവൻെറ അപ്പത്തിൻ പക്കലേയ്ക്കു് ഏവരേയും സകരുണം ക്ഷണിച്ചുകൊണ്ടു് ആ ദിവ്യനാഥൻ സ്നേഹബന്ധനത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈ പരിശുദ്ധ സ്ഥലങ്ങൾ കൂടി നശിപ്പിക്കുവാനും താൻ നിന്ദിക്കപ്പെടുവാനും ഇപ്പോൾ നീ അനുവദിക്കുന്നതു്?

ഇരുപത്തിമൂന്നു സംവത്സരം മുടങ്ങാതെ പുണ്യവതി ദിവ്യകാരുണ്യകർത്താവിനെ അർഹിക്കുന്ന ഭക്തിയോടും ആദരവോടും ഒരുക്കത്തോടും കൂടെ സ്വീകരിച്ചു. ദിവ്യകാരുണ്യസ്വീകരണാർത്ഥം ആവശ്യമെന്നുവന്നാൽ വെട്ടുവാനായി വാൾ ഓങ്ങി നിൽക്കുന്ന ഒരു സൈന്യനിരയെത്തന്നെയും നിർഭയം അഭിമുഖീകരിക്കുവാൻ അവൾ സന്നദ്ധയായിരുന്നു. എന്തെന്നാൽ, ഈ പരിശുദ്ധ ക്രൂദാശയുടെനേരെ അവൾക്കുണ്ടായിരുന്ന ഭക്തിതീക്ഷ്ണതയും വിശ്വാസവും ആദരവും അത്ര അളവററതായിരുന്നു. അതിരററവിധം തന്നെ സ്നേഹിച്ചിരുന്ന ഈ ജ്ഞാനമണവാട്ടിയെ ദിവ്യകാരുണ്യ കർത്താവും അവളുടെ സ്നേഹത്തിനനുയോജ്യമായവിധം സ്നേഹിച്ചിരുന്നു. സൂര്യൻെറ സാന്നിദ്ധ്യത്തിൽ അന്ധകാരം കണക്കെ, ദിവ്യകാരുണ്യ സ്വീകരണത്തോടുകൂടി പുണ്യവതിയുടെ മാനസികവും ശാരീരികവുമായ അവശതകളും അസ്വസ്ഥതകളും ആകുലങ്ങളും അപ്രത്യക്ഷമായിരുന്നു. ദിവ്യകാരുണ്യസ്വീകരണത്തോടുകൂടി തൻെറ ആത്മാവു് തൻെറ ദിവ്യമണവാളനോട് ഐക്യപ്പെട്ടു തന്നിൽ ലയിച്ചുപോയിരുന്നതിനാൽ തൻെറ ആത്മാവിൻെറ സകല പക്ഷങ്ങളും ആഗ്രഹങ്ങളും അസ്തമിച്ചുപോയിരുന്നതുപോലെ പുണ്യവതിക്കു തോന്നിയിരുന്നു. പ്രകൃത്യാ ഉണ്ടായിരുന്ന ശാരീരികമായ അസ്വസ്ഥതകളും ഉഗ്രമായ തപോ

വൃത്തിയുംമൂലം അവളുടെ വദനം വിളറി ശരീരം ക്ഷീണിച്ചാണിരുന്നത്. എങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കുന്ന ക്ഷണത്തിൽ ആ വദനം സ്ഫടികസമാനം തിളങ്ങിവിളങ്ങിയിരുന്നു. മാത്രമല്ല, എത്ര ദിവ്യനായ ഒരു അതിഥിയാണ് അവളിൽ കുടികൊണ്ടിരിക്കുന്നതെന്ന് ആൎക്കും ഗ്രഹിക്കത്തക്കവണ്ണം പുണ്യവതിയുടെ വദനത്തിൽ അപ്പോൾ ഒരു രാജകീയപ്രഭാവം കളിയാടിയിരുന്നു എന്നു ഒരു ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. താദൃശവേളകളിൽ അവളുടെ ശരീരം പരലോകത്തേക്ക് ഗമിക്കുകയാണോ എന്നു തോന്നുമാറ്, ഇതര കന്യാസ്ത്രീകളുടെ സാന്നിദ്ധ്യത്തിൽ വച്ച് ഭൂമിയിൽനിന്നും അന്തരീക്ഷത്തിലേക്ക് ഉയൎന്നുപോകുന്നതായും കാണപ്പെട്ടിരുന്നു. ഒരു ദിവസം പുണ്യവതി ദിവ്യകാരുണ്യസ്വീകരണത്തിനായി ഒരുങ്ങുകയായിരുന്നു. ചാവദോഷത്തിൽ ഉൾപ്പെട്ടിരുന്ന ഒരു വൈദികനാണ് അപ്പോൾ ദിവ്യപൂജ അൎപ്പിച്ചിരുന്നത്. കൎത്താവ് ആ വൈദികന്റെ കരങ്ങളിൽ എഴുന്നെള്ളിയിരുന്നുകൊണ്ട്, "കണ്ടാലും, നിന്റെയും മറ്റെല്ലാവരുടെയും നന്മക്കായി എന്റെ ശത്രുവിന്റെ കരങ്ങളിൽ സ്വയം എഴുന്നെള്ളിയിരിക്കുവാൻ മനസ്സായ എന്റെ അനുഗ്രഹാധിക്യത്തെ നീ കണ്ടാലും" എന്ന് ശാന്തസ്വരത്തിൽ പുണ്യവതിയോട് അരുളിച്ചെയ്തു.

വേറൊരവസരത്തിൽ, ഒരു ഓശാന ഞായറാഴ്ച, ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനായി നമ്മുടെ വിശുദ്ധ ഒരുങ്ങുകയായിരുന്നു. ഓർശ്ലേമിൽവച്ച് മിശിഹാ കൎത്താവിനെ ലോകരക്ഷകനായി അംഗീകരിച്ചുകൊണ്ട് ആൎത്തുവിളിച്ച ജനങ്ങളിൽ ആരുംതന്നെ, തങ്ങളുടെ വസതികളിലേക്കു തന്നെ ക്ഷണിക്കയുണ്ടായില്ലല്ലോ എന്നോൎത്ത് തന്റെ പാവപ്പെട്ട ഹൃദയത്തിലേക്ക് എഴുന്നള്ളിവരണമെന്നു പറഞ്ഞ് ദിവ്യനാഥനെ ക്ഷണിച്ചുകൊണ്ട് ദിവ്യകാരുണ്യം ഉൾക്കൊള്ളുവാനായി അവൾ എഴുന്നേററു യാത്രയായി. വിശുദ്ധയുടെ ആന്തരികമായ ഈ ക്ഷണം ദിവ്യരക്ഷകനെ അത്യന്തം സംതൃപ്തനാക്കി. അതിന്റെ ഫലവും അപ്പോൾതന്നെ അറിയുവാൻ സാധിച്ചു. തിരുഓസ്തി വായിൽവച്ചു കഴിഞ്ഞപ്പോൾ തന്റെ വായ് നിറയെ ചുടുരക്തം ഒഴിച്ചതുപോലെ പുണ്യവതിക്കു തോന്നി. അതോടുകൂടി സ്വൎഗ്ഗീയമായ ഒരു മാധുൎയ്യവും അനുഭവപ്പെട്ടു. "മകളേ, എന്റെ രക്തം നിനക്ക് ഉപകാരപ്പെടണമെന്നായിരുന്നു എന്റെ ചിത്തം.

അതിയായ പീഡകൾ സഹിച്ചുകൊണ്ടു ഞാൻ രക്തം ചൊരിഞ്ഞു. നീയാകട്ടെ, ഇപ്പോൾ അനുഭവപ്പെടുന്നതുപോലെ, വളരെ ആനന്ദത്തോടെ അത് ആസ്വദിക്കുന്നു" എന്നുള്ള ദിവ്യരക്ഷകൻെറ സ്വരം അപ്പോൾതന്നെ പുണ്യവതിയുടെ ശ്രവണപുടങ്ങളിൽ പതിക്കുവാനും ഇടയായി.

II

നമ്മിൽ ഓരോരുത്തരെയും സത്യവിശ്വാസികളുടെ ഗണത്തിൽ ഉൾപ്പെടുത്തി സത്യസഭാംഗങ്ങളാക്കിത്തീർത്തതിന് നമുക്കും പുണ്യവതിയെ അനുകരിച്ചും അവളോടു യോജിച്ചുംകൊണ്ട് ദൈവത്തെ നിത്യം സ്തുതിക്കാം. ദൈവനീതിയുടെ ന്യായാസനത്തിൻമുമ്പാകെ ഒരുപേക്ഷ നമ്മേക്കാൾ കുറഞ്ഞ കുററക്കാരായ എത്രയോ ജനങ്ങൾ സത്യവിശ്വാസത്തേയും സത്യസഭയേയും പററി ഗ്രഹിക്കാതെ അജ്ഞാനാന്ധകാരത്തിൽ കിടന്ന് നട്ടം തിരിയുന്നുണ്ടായിരിക്കാം. ഈ സ്ഥിതിക്ക സത്യസഭാംഗങ്ങളായിരിക്കുന്നതിനുള്ള ഭാഗ്യം നമുക്ക് കൈവരുത്തിയതിന് ദൈവത്തെ നിത്യം സ്തുതിക്കുവാൻ നാം പ്രത്യേകവിധത്തിൽ കടപ്പെട്ടവരല്ലയോ? "ഹൃദയശുദ്ധതയിലും ദൈവസ്നേഹത്തിലും നിത്യാനന്ദം അനുഭവിക്കുന്നവരായ മോക്ഷവാസികളും, സങ്കടങ്ങളുടെ മദ്ധ്യേ ജീവിക്കുന്നവരായ ലോകവാസികളും തുല്യരായിരിക്കണം. ദൈവത്തെ പ്രത്യക്ഷത്തിൽ ദശിക്കുന്നവരായ ഞങ്ങൾ ദൈവസാന്നിദ്ധ്യത്തിൽ അനുവത്തിക്കുന്നതുതന്നെ പരി. കുർബാനയുടെ സന്നിധിയിൽ നിങ്ങളും അനുവത്തിക്കണം. എൻെറ ജ്ഞാനമക്കളെല്ലാവരോടും ഈ വസ്തുത അറിയിക്കുക." എന്നിങ്ങനെ ത്രേസ്യാപുണ്യവതി ഒരിക്കൽ ഒരു ഭക്താത്മാവിന് സ്വർഗ്ഗത്തിൽനിന്നും വെളിപ്പെടുത്തുകയുണ്ടായി.

മിശിഹാ വി. കുർബാന വഴിയായി തന്നെത്തന്നെ നമ്മുടെ ആഹാരവും സംരക്ഷകനും ഉപകാരിയുമായി തന്നിരിക്കുന്നു. ഇത്ര വലിയ ഒരു അനുഗ്രഹത്തിന്, ഈ മഹാഭാഗ്യത്തിന് നമ്മെ അർഹരാക്കിത്തീർത്തതിനെ പരിഗണിച്ച് അമ്മത്രേസ്യായുടെ ഉപദേശാനുസരണം നമുക്കും മോക്ഷവാസികളോടൊപ്പം വിശ്വാസത്തോടും ഭക്തിയോടുംകൂടി ദിവ്യകാരുണ്യ കത്താവിനെ ആരാധിക്കാം. സ്നേഹത്തിൻെറ ഈ ക്രൂദാശയിൽ നമുക്കുവേണ്ടി എഴുന്നെള്ളിയിരിക്കുന്ന നമ്മുടെ കത്താവിനെ നാം സ്നേഹിക്കേണ്ട വിധവും പുണ്യവതി നമുക്ക് ഉപദേശിച്ചു തരുന്നുണ്ട്. "നാം നമ്മുടെ

ഇടയനിൽനിന്നും അകന്നു പോകാതെയും, താൻ നമ്മുടെ ദൃഷ്ടിയിൽനിന്നും മാറിപ്പോകാതെയും ഇരിക്കത്തക്കവിധം നമുക്കു ജീവിക്കാം. എന്തെന്നാൽ ഇടയനിൽനിന്നും അകന്നുപോകാതെ ഇരിക്കുന്ന ആടുകൾ ഇടയൻെറ പ്രത്യേക ലാളനയ്ക്കും സംരക്ഷണത്തിനും പാത്രമാവുക സാധാരണമാണ്. ഇടയൻ ഒരു പക്ഷെ നിദ്രാധീനനാകുന്ന പക്ഷം വിശ്വസ്തരായ ആടുകൾ ഇടയൻ ഉണരുകയൊ, ഇടയനെ ഉണർത്തുകയൊ ചെയ്യുന്നതുവരെ ഇടയൻെറ സമീപത്തു തന്നെ കിടക്കും. ഇടയൻ നിദ്രയിൽനിന്നും ഉണരുമ്പോൾ ആ ആടുകൾ വീണ്ടും അയാളുടെ ലാളനക്ക് പാത്രീഭവിക്കുകയും ചെയ്യും" എന്ന് പുണ്യവതി തൻെറ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു

ദൈവസ്നേഹം സംബന്ധിച്ചിടത്തോളം വേറൊരു സ്രാപ്പായായിരുന്ന ഫിലിപ്പ് നേരി എന്ന വിശുദ്ധൻ, ദിവ്യകാരുണ്യം വഴിയായി മിശിഹാ തൻെറ ഹൃദയത്തിൽ എഴുന്നെള്ളിയിരുന്നപ്പോൾ, ദൈവസ്നേഹത്താൽ മതിമറന്നു അറിയാതെ തന്നെ "കണ്ടാലും എൻെറ സ്നേഹം, ഇതാ! എൻെറ സ്നേഹം" എന്നു വിളിച്ചു പറഞ്ഞിരുന്നു. ദിവ്യരക്ഷകൻ നമ്മിൽ ഓരോരുത്തരിലും എഴുന്നെള്ളി വരുമ്പോൾ കണ്ടാലും ഞങ്ങളുടെ സ്നേഹം, ഇതാ! ഞങ്ങളുടെ സ്നേഹം എന്നു നമുക്കും പ്രസ്തുത വിശുദ്ധനെ അനുകരിച്ച് വിശ്വാസപൂർവ്വം വിളിച്ചു പറയാം. സ്നേഹമസൃണമായ ഈ അഹ്ളാദപ്രകടനം, ദൈവം സ്നേഹമാകുന്നു എന്നുള്ള സ്വരം നാം ഓരോരുത്തരിൽനിന്നും ദൈവം പ്രതീക്ഷിക്കുന്നുണ്ട്. താൻ കേവലം ഒരു സ്നേഹിതനല്ല സ്നേഹം തന്നെയാകുന്നു എന്നും സ്നേഹവിഷയം കൂടാതെ സാക്ഷാൽ സ്നേഹം അടങ്ങുന്നതല്ലെന്നും അതിനാൽ സ്നേഹംതന്നെയാകുന്ന തനിക്ക് തൻെറ സൃഷ്ടികളെ സ്നേഹിക്കാതിരിക്കാൻ നിവൃത്തിയില്ലെന്നും നമ്മെ മനസ്സിലാക്കാൻ ദൈവം ആഗ്രഹിക്കുന്നു.

സംഭാഷണം:– എത്രയും പ്രിയംനിറഞ്ഞ ഈശോയെ, നിൻെറ വാത്സല്യപുത്രിയായ ത്രേസ്യാ പുണ്യവതിയുടെ ഹൃദയത്തിൽ നീ ചിന്തിയ വിസ്മയകരമായ മനോധൈര്യം മൂലം, ഏഴു വയസ്സു പ്രായമായിരിക്കെയിൽ അവൾ മാതാപിതാക്കന്മാരെ വിട്ട്, ഒന്നുകിൽ സത്യവേദം പ്രസംഗിക്കണം അല്ലെങ്കിൽ സത്യവേദത്തെ പ്രതി മരിക്കണം എന്നുള്ള നിശ്ചയത്തോടുകൂടെ അഫ്രി

ക്കായിലേക്കു പോകുവാൻ യാത്രയായല്ലൊ. നല്ല ഈശോയെ, ജീവനില്ലാത്ത ഞങ്ങളുടെ വിശ്വാസം, കത്തോലിക്കാ സത്യവേദത്തിനു യോഗ്യമായ വ്യാപാരങ്ങളെയും പ്രവൃത്തികളെയും ജനിപ്പിക്കുന്ന ജീവനുള്ള വിശ്വാസമാകുവാൻ നിൻെറ പ്രിയ മണവാട്ടിയായ വി. അമ്മത്രേസ്യായുടെ സജീവമായ വിശ്വാസത്തിൻെറ യോഗ്യതകളെക്കുറിച്ചു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ദിവ്യ ഈശോയെ ഞങ്ങളുടെ ഹൃദയത്തെയും നീ കുത്തിമുറിപ്പെടുത്തണമെ.

# രണ്ടാം ദിവസം

### വി. അമ്മത്രേസ്യായുടെ സുസ്ഥിരമായ ശരണം

ഭാവനാസങ്കല്പം:– പരി. കുർബ്ബാനയുടെ സന്നിധിയിൽ വി. അമ്മത്രേസ്യാ സ്നേഹപരവശയായി നില്ക്കുന്നതു കാണുന്നതായി വിചാരിക്കുക.

അഭ്യർത്ഥന:– പുണ്യവതിയിൽ വിളങ്ങിയിരുന്ന സുസ്ഥിരമായ ശരണം നിന്നിലും ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കുക.

## ധ്യാനം

I

ഒരാത്മാവ് സർവ്വശക്തനായ ദൈവത്തിൽ എത്രമാത്രം ശരണപ്പെടുന്നുവോ, അത്രസ്സ് ആ ആത്മാവ് തൻെറ അനുഗ്രഹങ്ങൾക്ക് പാത്രീഭവിക്കുന്നു. ഏതൊരു ആത്മാവിൽ തൻെറ അനുഗ്രഹവർഷങ്ങൾ ചൊരിയുവാൻ ദൈവം തിരുമനസ്സാകുന്നുവോ ആ ആത്മാവിനെ താൻ ആദ്യംതന്നെ ശരണമെന്ന ദൈവികപുണ്യത്തിൻെറ വിളനിലമാക്കുകയാണ് ചെയ്യുന്നത്. സർവ്വേശക്തനായ ദൈവത്തിൽ വി. അമ്മത്രേസ്യാക്കുണ്ടായിരുന്ന ശരണം എത്രമാത്രമായിരുന്നു എന്നു വിവരിക്കുകതന്നെ അസാദ്ധ്യമാണ്. തന്നിമിത്തം ദൈവസ്തുതിക്കായി പുണ്യവതി ആരംഭിച്ച ഏതു സംരം

ഭവും സർവ്വത്ര വിജയത്തിൽ പര്യവസാനിച്ചിരുന്നു. പുണ്യവതി യുടെ ഈ അനുഭവം നിമിത്തം സാധാരണ ജനങ്ങൾ അവളെ 'സർവ്വശക്തയായ ത്രേസ്യാ' എന്നുപോലും അഭിസംബോധന ചെയ്തിരുന്നു.

'ദൈവം വിശ്വസ്തനാകുന്നു, തൻെറ വാഗ്ദാനത്തെ ഒരിക്കലും ഒരു കാരണവശാലും താൻ നിറവേററാതിരിക്കുന്നതല്ല' എന്നുള്ള വി. ശ്ലീഹായുടെ വാക്യം ത്രേസ്യാപുണ്യവതി സദാ അനുസ്മരിച്ചിരുന്നതിനാൽ മഹാ വലിയ ദുർഘടഘട്ടങ്ങളിൽപോലും പുണ്യവതിക്കു നിരാശയ്ക്കു ഇടയായിട്ടില്ല. ഈ ചിന്ത വിപൽഘട്ടങ്ങളിൽ അവൾക്കു വലിയ ആശ്വാസത്തിനു കാരണമായിരുന്നു. "അങ്ങെ സ്നേഹിക്കുന്നവരോടു അങ്ങു എത്ര വിശ്വസ്തതയോടെയാണു വർത്തിക്കുന്നതെന്നു ആക്കു വെളിപ്പെടുത്തുവാൻ സാധിക്കും? സകലരാലും ഉപേക്ഷിക്കപ്പെട്ടാലും അങ്ങ് എന്നെ കൈവിടാതിരുന്നാൽ മതി. അങ്ങിൽ പൂർണ്ണമായി ശരണപ്പെടുന്നവരുടെ മഹാഭാഗ്യം എത്ര വലുതെന്നു അനുഭവിച്ചറിഞ്ഞവർ ആരുണ്ട്?" എന്നു നമ്മുടെ വിശുദ്ധ പലപ്പോഴും പറഞ്ഞിരുന്നു.

അചഞ്ചലവും മഹത്തരവുമായ ഈ ശരണം നിമിത്തമത്രെ മനുഷ്യരും പിശാചും തനിക്കെതിരായിരുന്നിട്ടും, സഹായത്തിനു ആരും ഇല്ലാതിരുന്നിട്ടും, നിരവധി പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും അതൊന്നും വകവയ്ക്കാതെ കർമ്മലീത്താസഭയുടെ നവീകരണത്തിനും ആശ്രമങ്ങൾ അവിടവിടെ സ്ഥാപിക്കുന്നതിനും പുണ്യവതി ധൈര്യസമേതം തയ്യാറായത്. സഭാനവീകരണമെന്ന ഭാരമേറിയ ജോലി അത്ര ക്ഷിപ്രസാദ്ധ്യമല്ലെന്ന് നമ്മുടെ വിശുദ്ധ ഗ്രഹിക്കാതിരുന്നില്ല. പുതിയ ആശ്രമങ്ങൾ സ്ഥാപിക്കുന്നതിനു പണം കൂടിയേ കഴിയൂ എന്നും അറിയാമായിരുന്നു. എങ്കിലും ഈ പ്രതിബന്ധങ്ങൾ ഒന്നും അമ്മത്രേസ്യായെ തൻെറ ഉദ്യമത്തിൽ നിന്നും പിൻതിരിക്കുവാൻ പര്യാപ്തമായിരുന്നില്ല വമ്പിച്ച ഈ ഉദ്യമങ്ങളിൽ അവൾക്കുണ്ടായിരുന്ന ഏകാലംബം ദൈവത്തിൻെറ സർവ്വവല്ലഭത്വത്തിലുള്ള ശരണവും, തന്നെ സ്നേഹിക്കുന്നവരെ ദൈവം കൈവിടുന്നതല്ലെന്നുള്ള ദൃഢമായ വിശ്വാസവും മാത്രമായിരുന്നു. ദൈവത്തിൽ പൂർണ്ണമായി ശരണപ്പെടുന്നവക്കു ഇതും ഇതിൽ അപ്പുറവും സാധിക്കും. 'ഒരു ഭവനം വാടകയ്ക്കെടുത്ത് ഒരു മണിയും കരസ്ഥമാക്കിയാൽ ഒരു ആശ്രമം സ്ഥാപിത

മായി' എന്നു പുണ്യവതി പലപ്പോഴും പറഞ്ഞിരുന്നു. ശേഷമെല്ലാം താനേ ലഭ്യമാകുമെന്നു അവൾ പൂർണ്ണമായും വിശ്വസിച്ചിരുന്നു അല്പവിശ്വാസികൾക്ക് ഇതിൽ വിസ്മയം തോന്നുന്നു എങ്കിൽ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

പ്രതിബന്ധങ്ങൾ എത്ര കണ്ടു പ്രബലതരങ്ങളായിരുന്നുവോ അത്രയ്ക്കു വി. അമ്മത്രേസ്യായുടെ ധൈര്യവും ദൈവത്തിലുള്ള ശരണവും വർദ്ധിക്കുകയാണു ചെയ്തിരുന്നതു്. പ്രതിബന്ധങ്ങൾ വർദ്ധിക്കുന്നതനുസരിച്ചു് കൂടുതൽ ഫലപ്രാപ്തിയും സിദ്ധിച്ചിരുന്നു എന്നു് അവൾ പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ അനുഭവവും അങ്ങനെതന്നെ ആയിരുന്നു. ഏതു സംഗതിയിൽ അവൾ കൂടുതൽ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിച്ചുവോ ആ സംഗതി പ്രതീക്ഷയിൽ കവിഞ്ഞു് വിജയത്തിലാണു കലാശിച്ചിരുന്നതു്. ഇതു അവൾക്കു നിത്യം അനുഭവപ്പെട്ടിരുന്ന ഒരു സംഗതിയാണു്. ഈ അനുഭവത്തെ അടിസ്ഥാനമാക്കി പുണ്യവതി ഇങ്ങനെ എഴുതിയിരിക്കുന്നു. "അങ്ങനെ ഞാൻ ശരണപ്പെട്ടിരുന്നു. എന്തെന്നാൽ വീഴ്ചയിൽനിന്നും രക്ഷപെടാനുള്ള സുഗമമായ മാർഗ്ഗം കുരിശിൽ തൂങ്ങിയ കർത്താവിൽ ശരണപ്പെട്ടുകൊണ്ടു കുരിശിനെ അവലംബിക്കുക എന്നതത്രെ. ഇതിൽ എനിക്കുള്ള വിശ്വാസത്തിന്റെ ആധിക്യം നിമിത്തം പ്രപഞ്ചം അകമാനം എനിക്കു എതിരായിരുന്നാലും ദൈവാനുഗ്രഹം മാത്രം ഉണ്ടെങ്കിൽ എല്ലാററിനോടും എതിരിട്ടു നിന്നുകൊള്ളാമെന്നു എനിക്കു തോന്നിയിരുന്നു." മനുഷ്യശക്തിയിലും മനുഷ്യസഹായത്തിലും വിശ്വസിച്ചിരുന്നവരോടു പുണ്യവതിക്കുണ്ടായിരുന്ന നീരസത്തിന്റെയും വെറുപ്പിന്റെയും രഹസ്യവും ഇതല്ലാതെ മറെറാന്നുമായിരുന്നില്ല.

കർമ്മലീത്ത സഭയുടെ പരിഷ്കരണസംരംഭം അപജയത്തിലേ പര്യവസാനിക്കുകയുള്ളു എന്നു് തോളെദോയിൽ വെച്ചു് ഒരു വൈദികൻ വി. അമ്മത്രേസ്യായോടു നേരിട്ടു പറയുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തെ ധൈര്യപൂർവ്വം ഖണ്ഡിക്കത്തക്കനില ഒന്നും അപ്പോൾ ഇല്ലായിരുന്നു എങ്കിലും പുണ്യവതി ദൈവസഹായത്തിൽ പരിപൂർണ്ണമായും ശരണപ്പെട്ടുകൊണ്ടു് "അച്ചാ, എന്തെല്ലാം പ്രതിബന്ധങ്ങൾ നേരിട്ടാലും എല്ലാം മംഗളമായിത്തന്നെ കലാശിക്കും" എന്നാണു് ആ വൈദികനു് മറുപടി നൽകിയതു്. ദൈവത്തിലുള്ള ശരണം നിമിത്തം യാത്രാവേളകളിലും മററും എന്തെങ്കിലും അപകടഘട്ടം തരണം ചെയ്യേണ്ടതായി

വന്നിരുന്നപ്പോളെല്ലാം തെല്ലും അധൈര്യപ്പെടാതെ മുൻപോട്ടിറങ്ങി മററുള്ളവരെക്കൂടി അവൾ ധൈര്യപ്പെടുത്തിയിരുന്നു. നരകത്തെതന്നെയും ഈ വിശുദ്ധ ഭയപ്പെട്ടിരുന്നില്ല. നിരുപദ്രവികളും അല്പപ്രാണികളുമായ ചിത്രശലഭങ്ങളെപ്പോലെ മാത്രമെ പിശാചുക്കളെ ഞാൻ കരുതിയിരുന്നുള്ളു എന്നു പുണ്യവതി തന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. അനുകൂലമായിരിക്കട്ടെ പ്രതികൂലമായിരിക്കട്ടെ ഒരു കാര്യത്തിലും അവൾ അതിയായി ദുഃഖിക്കുകയോ സന്തോഷിക്കുകയോ ചെയ്തിരുന്നില്ല. പ്രത്യുത ഏതവസരത്തിലും ശാന്തചിത്തയായി സമാധാനത്തിൽ വർത്തിച്ചിരുന്നു. ഒരിക്കലും ഒരു കാരണവശാലും അവളുടെ ശരണത്തിനു തെല്ലും ഭംഗം നേരിട്ടിരുന്നില്ല. തന്നെ സ്നേഹിക്കുന്നവരെ ദൈവം ഭഗ്നാശരാക്കുന്നതല്ലെന്നു പുണ്യവതി ദൃഢമായി വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തോടുകൂടിയാണു സദാ അവൾ പ്രാർത്ഥിച്ചിരുന്നത്. ദൈവസ്തുതിക്കായിട്ടുള്ള കാര്യങ്ങളല്ലാതെ മറെറാന്നും അവളാവശ്യപ്പെട്ടിരുന്നില്ല. തന്നിമിത്തം "നീ അവശ്യപ്പെടുന്ന എന്തും ഞാൻ സാധിച്ചു തരാം" എന്നു ദിവ്യരക്ഷകൻ പുണ്യവതിയോടു വാഗ്ദാനം തന്നെയും ചെയ്തിരുന്നു.

ഒരു ദിവസം അവൾ ഏതോ ഒരനുഗ്രഹം അപേക്ഷിച്ചുകൊണ്ടിരിക്കുകയിൽ അതു ലഭിക്കുമോ എന്നു ശങ്കിച്ചു ഉടനെ ദിവ്യരക്ഷകൻ പ്രത്യക്ഷനായി തന്റെ ഇടതുകരത്തിലെ തിരുമുറിവിനെ കാണിച്ചുകൊണ്ട് "ഒരിക്കലും സംശയിക്കരുത്, നിന്നോടു ഞാൻ വാഗ്ദാനം ചെയ്തിട്ടുള്ളതനുസരിച്ച്. നീ അപേക്ഷിക്കുന്ന ഏതു നന്മയും ഞാൻ നൽകുന്നതാണ്. നിനക്കുവേണ്ടി ഇത്ര വലിയ പീഡകൾ സഹിച്ചിട്ടുള്ള ഒരാൾ ഒരിക്കലും നിന്റെ അപേക്ഷ ഉപേക്ഷിക്കുന്നതല്ല. അതിനാൽ എന്റെ വാക്കുകളെ നീ അവിശ്വസിക്കേണ്ട" എന്നു അരുളിച്ചെയ്തു. ഈ വാഗ്ദാനം യഥാർത്ഥത്തിൽ പുണ്യവതിക്കനുഭവപ്പെടുകയും ചെയ്തു. ആവശ്യപ്പെട്ടിരുന്നതു മാത്രമല്ല തന്റെ ആയുഷ്ക്കാലം മുഴുവനുംകൂടി അവശ്യപ്പെടുവാൻ പാടുണ്ടായിരുന്നതിലധികം നന്മകൾ തനിക്കു ലഭിച്ചിരുന്നതായി വിശുദ്ധ തന്നെ സാക്ഷിച്ചിരിക്കുന്നു. തുടർന്ന് ഇങ്ങനെയും രേഖപ്പെടുത്തിയിരിക്കുന്നു. "ദൈവം എനിക്കു പ്രദാനം ചെയ്തിട്ടുള്ള നന്മകളെ ഓരോന്നായി എണ്ണിപ്പറയുന്ന പക്ഷം, എത്ര എത്ര ആത്മാക്കളെയാണ് എന്റെ അപേക്ഷ നിമിത്തം പാപബന്ധനത്തിൽനിന്നും മോചി

പ്പിച്ചിട്ടുള്ളതെന്നും, എത്ര പേരാണ് പുണ്യപൂർണ്ണതയിലേയ്ക്ക് ഉയർത്തപ്പെട്ടിട്ടുള്ളതെന്നും വിവരിക്കുന്ന പക്ഷം, അത് നിങ്ങൾക്കും എനിക്കു തന്നെയും അസഹ്യമായിത്തീരുന്നതാണ്.

ഒരു ദിവസം രാത്രിയിൽ പുണ്യവതി തനിക്കു ലഭിച്ച അനുഗ്രഹങ്ങൾക്കു ഉപകാരസ്മരണ ചെയ്തുകൊണ്ടിരിക്കുകയിൽ ദിവ്യരക്ഷകൻ സ്നേഹമസൃണമായി ഇങ്ങനെ അരുളിച്ചെയ്തു: "മകളെ, നീ ചോദിച്ചാൽ ഞാൻ നിനക്കു തരികയില്ലാത്തതായി എന്താണ് ഉള്ളത്?" വേറൊരവസരത്തിൽ ദിവ്യരക്ഷകൻ ഇങ്ങനെയും അരുളിച്ചെയ്തു: "നമ്മൾ തമ്മിലുള്ള ഖരാർ എന്താണെന്ന് നീ അറിയുന്നു. അതാണ് ഞാൻ സഹിച്ച പീഡകളെല്ലാം നിനക്കും യാത്രയാക്കുന്നതു്. ആ പീഡകളെല്ലാം നിന്റെതായി എന്റെ പിതാവിനു സമർപ്പിച്ചുകൊണ്ടു് നീ അഗ്രഹിക്കുന്നതെല്ലാം നിനക്കംവശ്യപ്പെടാവുന്നതാണ്."

നമുക്ക് ഒരു പാഠമാകുന്നതിനായി പുണ്യവതി ഇങ്ങനെ പ്രലപിച്ചിരുന്നു. "അല്ലയോ, കർത്താവേ! എത്രയോ ലഘുവായ ശരണമാണ് ഞങ്ങൾ അങ്ങിൽ നിക്ഷേപിക്കുന്നതു്. എങ്കിലും ഇതിൽ ഞങ്ങൾക്കു തന്നിട്ടുള്ളതിൽ വലുതായ എന്തു സമ്പത്താണ്, എന്തു നിധിയാണ് ഞങ്ങൾക്ക് ഇനി തരുവാനുള്ളതു്? അനുഗ്രഹം നിറഞ്ഞ പിതാവേ, നിന്റെ 'ദിവ്യകുമാരന്റെ മുപ്പത്തിമൂന്നു കൊല്ലത്തെ പ്രയത്നം അങ്ങു ഞങ്ങൾക്കായി തന്നു. ഞങ്ങളുടെ നന്ദികേടിനെ നേരത്തെ ഗ്രഹിച്ചുകൊണ്ടു അങ്ങേ പുത്രന്റെ ജീവനെയും ഞങ്ങൾക്കു തന്നു. അങ്ങിൽനിന്നും ഞങ്ങൾക്കു പ്രാപിക്കുവാൻ പാടില്ലാത്തതായി ഒന്നും ഇല്ലാതിരിക്കത്തക്കവണ്ണം വില മതിയാത്ത ആ പുത്രനെത്തന്നെയും പരിശുദ്ധ കുർബ്ബാന വഴിയായി ഞങ്ങൾക്കു നൽകുവാൻ അങ്ങ് മടിച്ചില്ല. ഇവ വഴിയായി അക്ഷയവും വിലമതിയാത്തതുമായ നിത്യസമ്മാനം കരസ്ഥമാക്കിയ വിശുദ്ധന്മാരുടെ ആത്മാക്കളേ, അനന്തമായ ഈ നന്മയെ എങ്ങനെയാണ് നിങ്ങൾ ഉപകാരപ്പെടുത്തിയതു് എന്നു ഞങ്ങളെ അറിയിക്കണമെ. ആ നന്മയോടു സമീപിച്ചിരിക്കുന്ന നിങ്ങൾ ഞങ്ങളെയും അങ്ങോട്ടാകർഷിക്കണമെ. ദാഹത്താൽ മരിക്കുവാൻപോകുന്ന ഞങ്ങൾക്ക് അവിടെനിന്നും ജലം എടുത്തു തരണമെ."

II

പൂർണ്ണ ശരണത്തോടെയുള്ള അപേക്ഷയെ ദൈവം പ്രത്യേകവിധം ശ്രവിക്കുന്നു. ശരണത്തോടുകൂടി ചോദിക്കുക, ആഗ്രഹിക്കുന്നതെല്ലാം ലഭിക്കും. സ്വർഗ്ഗവും ഭൂമിയും നിങ്ങളെ ഭഗ്നാശരാക്കി എന്നു വരാം. പക്ഷേ, 'ചോദിക്കുന്നവർക്കെല്ലാം ലഭിക്കുന്നു' (മത്തായി. vii-8.) എന്നുള്ള മിശിഹായുടെ വാഗ്ദാനം ഒരിക്കലും വിഫലമാകുന്നതല്ല. വി. തോമ്മാമല്ലാൻ പറയുന്നതുപോലെ, ആരു ചോദിക്കുന്നുവോ, അർഹിക്കാത്തസമയത്തുതന്നെയും, അവനു ലഭിക്കുന്നു. ചോദിക്കാത്തവനോ എന്നാൽ ലഭിക്കുന്നുമില്ല. പരീക്ഷകളിൽ നമ്മുടെ വിജയം എന്തിനെ ആശ്രയിച്ചിരിക്കുന്നു എന്ന് ആലോചിക്കുക. "കർത്താവിനെ സ്തുതിച്ചുകൊണ്ട് തന്നെ ഞാൻ വിളിക്കും. അവിടുന്നു എന്റെ ശത്രുക്കളിൽനിന്നും എന്നെ രക്ഷിക്കും" (സങ്കീർത്തനം. xvii-4.) ദൈവത്തെ നമുക്കു ശരണീകരിക്കാം. നാം വിജയികളാകും. നാം പ്രാപിക്കേണ്ട നന്മകൾ 'ചോദിപ്പിൻ തരപ്പെടും' എന്നതിനെ ആശ്രയിച്ചു സ്ഥിതി ചെയ്യുന്നു. അതിനാൽ നമുക്ക് ആവശ്യമുള്ളതെല്ലാം ചോദിക്കാം. അപ്പോൾ അവ നമുക്ക് ലഭിക്കും. "ദൈവാനുഗ്രഹം പ്രാപിക്കുന്നതിനുള്ള ഏക വാതായനം പ്രാർത്ഥനയാകുന്നു. അതടച്ചുകളഞ്ഞാൽ ദൈവം എങ്ങനെ നമുക്ക് അനുഗ്രഹങ്ങൾ നൽകുമെന്ന് എനിക്കു നിശ്ചയമില്ല. വി. ലിഖിതങ്ങൾ വഴിയായി നാം അറിയുന്നതുപോലെ പിതാവായ ദൈവം നമ്മെ സദാ സംരക്ഷിക്കുക മാത്രമല്ല ഏതദ്വിഷയത്തിൽ സദാ ബദ്ധശ്രദ്ധനായിരിക്കുകയും ചെയ്യുന്നു" എന്നത്രെ നമ്മുടെ വിശുദ്ധ പറയുന്നത്. അതിനാൽ, പൂർണ്ണശരണത്തോടെ നമുക്കു പ്രാർത്ഥിക്കാം.

'എന്റെ നാമത്തിൽ എന്തെങ്കിലും പിതാവിനോടു നിങ്ങൾ ചോദിക്കുന്നു എങ്കിൽ അതു നിങ്ങൾക്കു താൻ നൽകിയരുളും' എന്നുള്ള ദിവ്യരക്ഷകന്റെ വാഗ്ദാനത്തിൽ ശരണപ്പെട്ടുകൊണ്ട്, നിത്യപിതാവിനോടു നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ അപേക്ഷ കൂടാതെതന്നെ ദൈവം നമ്മെ കാത്തുരക്ഷിക്കുന്നുണ്ട്. ദൈവം എന്നെ സംരക്ഷിക്കുന്നു എന്ന് സങ്കീർത്തകനും പാടുന്നു. 'ഒരു മാതാവ് അവളുടെ പുത്രനെ വിസ്മരിച്ചു എന്നു വരാം. എന്നാൽ ദൈവം ഒരിക്കലും നമ്മെ വിസ്മരിച്ചുകളയുന്നതല്ല' എന്നു പ്രവാചകനും പ്രസ്താവിക്കുന്നു. സുവിശേഷത്തിൽ പറയുന്ന കുഷ്ഠ

രോഗിയെ അനുകരിച്ച്, 'കര്‍ത്താവെ അങ്ങു തിരുമനസ്സാകുന്നു എങ്കില്‍ അങ്ങേക്ക് എന്നെ സുഖപ്പെടുത്താം,' എന്നോ അഥവാ ലാസറിന്‍റെ സഹോദരിയെ അനുകരിച്ച് 'അങ്ങ് സ്നേഹിക്കുന്ന ആള്‍ രോഗാധീനനായിരിക്കുന്നു' എന്നോ പറഞ്ഞു കൊണ്ടു് നമ്മുടെ അരിഷ്ടതകളെ നാം കര്‍ത്താവിനെ അറിയിച്ചാല്‍ മാത്രം മതി. ഭഗ്നാശരാകാതെ സദാ നാം പ്രാര്‍ത്ഥിക്കണം, അല്ലെങ്കില്‍ പ്രാര്‍ത്ഥിക്കാതിരിക്കുന്ന അവസരത്തില്‍ നാം വീണുപോകാനിടയുണ്ടെന്നു ധരിച്ചിരിക്കേണ്ടതാണ്.

സംഭാഷണം:– പ്രിയം നിറഞ്ഞ ഈശോയെ, നിന്‍റെ എത്രയും വാത്സല്യമണവാട്ടിയായ ത്രേസ്യാപുണ്യവതിക്കു നീ പ്രദാനം ചെയ്തു വിസ്മയകരമായ ശരണത്തെക്കുറിച്ചു നിനക്കു ഞങ്ങള്‍ സ്തോത്രം ചെയ്യുന്നു. ഞങ്ങളെപ്രതി നീ ചിന്തിയ വിലതീരാത്ത തിരുരക്തത്തെക്കുറിച്ചും, ഈ പുണ്യവതിയുടെ അസാമാന്യമായ യോഗ്യതകളെക്കുറിച്ചും ഞങ്ങള്‍ നിന്‍റെ അനുഗ്രഹത്തില്‍ ആശ്രയിച്ചു ശരണപ്പെടുവാന്‍ കൃപചെയ്യണമെ.

സ്നേഹത്തിന്‍റെ കുന്തത്താല്‍ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ഈശോയെ, എന്‍റെ ഹൃദയത്തെയും കുത്തി മുറിപ്പെടുത്തണമെ.

---

# മൂന്നാം ദിവസം

വി. അമ്മത്രേസ്യായുടെ ഉജ്ജ്വലത്തായ ദൈവസ്നേഹം.

രൂപീകരണം:– പരി. കുര്‍ബ്ബാനയുടെ സന്നിധിയില്‍ സ്നേഹപരവശയായി നില്ക്കുന്ന വി. അമ്മത്രേസ്യായുടെ ഹൃദയത്തെ ഒരു ദൈവദൂതന്‍ ഒരു കുന്തംകൊണ്ടു കുത്തിത്തുറക്കുന്നതു കാണുന്നതായി വിചാരിക്കുക.

അഭ്യര്‍ത്ഥന:– ദൈവസ്നേഹാഗ്നിയുടെ ഒരു പൊരി നിന്‍റെ ഹൃദയത്തിലും ചിന്തുന്നതിനായി എളിമയോടും തീക്ഷ്ണതയോടുംകൂടെ ദൈവത്തോടു പ്രാര്‍ത്ഥിക്കുക.

# ധ്യാനം

## I

ദൈവസ്നേഹത്തിൽ ഒരു സ്രാപ്പാമാലാഖായെപ്പോലെ പരിലസിച്ചിരുന്ന ഈ വിശുദ്ധയുടെ ഹൃദയം ദൈവസ്നേഹത്താൽ അത്യുഗ്രമായി എരിഞ്ഞിരുന്നതിനാൽ അവളുടെ ഓരോ വിചാരവും ഓരോ നെടുവീർപ്പും സ്നേഹം തന്നെ ആയിരുന്നു എന്നു പറയാം. അവ ഓരോന്നും തന്നെ ദൈവത്തിൻെറ പ്രത്യേക പ്രീതിക്ക് പാത്രീഭവിക്കയും ചെയ്തിരുന്നു. ഇവളോടു സംസാരിച്ചിരുന്നപ്പോൾ തൻെറ മുമ്പിൽ ഒരു സ്രാപ്പാമാലാഖാ നില്ക്കുന്നതുപോലെ തോന്നിയിരുന്നതായി ഈ വിശുദ്ധയുടെ ആത്മീയഗുരു പറയുക പതിവായിരുന്നു; അമ്മ ത്രേസ്യായെ പുണ്യവതി എന്നു വിളിക്കുന്നതിനുള്ള "ബൂള"യിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ, തൻെറ ഏഴാമത്തെ വയസ്സിൽ നാടും വീടും മാതാപിതാക്കന്മാരെയും ഉപേക്ഷിച്ച് ഒരു അപരിഷ്കൃത ജനതയുടെ ഇടയിൽ പോയി ദിവ്യരക്ഷകനുവേണ്ടി സ്വന്തം ജീവനെ ബലി അർപ്പിക്കുവാൻ ധൈര്യപ്പെട്ട ആ ക്ഷണം മുതൽ വി. അമ്മത്രേസ്യായുടെ ഹൃദയത്തിൽ ദൈവസ്നേഹാഗ്നി അനന്യസാധാരണമായ വിധത്തിൽ എരിയുവാൻ തുടങ്ങി. ആജീവനാന്തം അതു എരിയുകയും ചെയ്തിരുന്നു. കാലം ചെല്ലുന്തോറും ഈ ദൈവസ്നേഹാഗ്നി അധികമധികമായി ജ്വലിച്ചുകൊണ്ടിരുന്നു. ഇടക്കാലത്ത് കുറെ നാളത്തേക്കു ഇതു താരതമ്യേന അല്പം മന്ദതയിലായി എങ്കിലും ദൈവം അതിനെ പൂർവ്വവൽ പ്രകാശമാനമാക്കിത്തീർത്തു. ഈ പരിവർത്തനത്തോടുകൂടി, "ഞാൻ നേരത്തെതന്നെ സ്വർഗ്ഗീയപറുദീസ സൃഷ്ടിച്ചില്ലായിരുന്നു എങ്കിൽ ഇപ്പോൾ നിനക്കു മാത്രമായിട്ട് അതു ഞാൻ സൃഷ്ടിക്കുമായിരുന്നു" എന്നു തൻെറ സ്വർഗ്ഗീയ മണവാളനെക്കൊണ്ട് പറയിക്കത്തക്കവിധം അതു അത്യധികം കാളി ജ്വലിച്ചിരുന്നു. മാത്രമൊ? "ഞാൻ മുഴുവനും നിൻേറതാകുന്നു, എന്തെന്നാൽ നീ മുഴുവൻ എൻേറതാകുന്നു" എന്നുകൂടെ ദിവ്യരക്ഷകൻ തന്നെ പറയുവാനിടയാകത്തക്കവണ്ണം പുണ്യവതിയുടെ ഹൃദയത്തിൽ എരിഞ്ഞിരുന്ന ദിവ്യസ്നേഹാഗ്നി അത്രക്ക് പ്രഭാപൂരിതമായി ജ്വലിച്ചിരുന്നു. ദിവ്യരക്ഷകൻെറ ഈ തിരുവചനത്തെപ്പററിയും ഈ വിശുദ്ധയുടെ നാമകരണത്തിനുള്ള "ബൂള"യിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

ത്രേസ്യായുടെ ദിവ്യസ്നേഹം സ്വർഗ്ഗീയമായ ഒന്നായിരുന്നു. സ്വർഗ്ഗവാസികളായ സ്രാപ്പാമാലാഖാമാരുടെ ദൈവസ്നേഹത്തോട് ഏറ്റുകൊണ്ടും അതു് കിടപിടിച്ചിരുന്നു. അതിനോടു താരതമ്യപ്പെടുത്തുന്നതിനു് ഇഹത്തിൽ യാതൊന്നുമില്ല. പ്രപഞ്ചവസ്തുക്കൾ ഇവളുടെ ദൈവസ്നേഹാഗ്നിയെ എരിയിക്കുന്ന വിറകായിരുന്നു. ദൈവസ്നേഹാധിക്യം ഹേതുവാൽ ആകാശം, ഭൂമി, പുഷ്പലതാദികൾ തുടങ്ങിയവയുടെ രമണീയത ഗ്രഹിക്കുവാൻ പുണ്യവതിക്കു സാധിച്ചിരുന്നില്ലെന്നു മാത്രമല്ല അവ അരോചകജനകമായും തോന്നിയിരുന്നു. ഊണിലും ഉറക്കത്തിലും അവൾ ഒരുപോലെ പരവശപ്പെട്ടിരുന്നു. ദൈവസ്നേഹാഗ്നിയുടെ ആധിക്യംനിമിത്തം പരലോകത്തിലെന്നതുപോലെയാണു് അവൾ ഈ ലോകത്തിൽ കഴിച്ചുകൂട്ടിയിരുന്നതു്. താനറിയാതെ ഭൂമിയിൽനിന്നും ഉയർന്നുപോവുകയെന്നതു് ഈ പുണ്യവതിയെ സംബന്ധിച്ചിടത്തോളം സർവ്വസാധാരണമായ ഒരു സംഭവമായിരുന്നു. ത്രേസ്യായെ വിശുദ്ധയെന്നു് പേരു വിളിക്കുന്നതിനായി നടത്തപ്പെട്ട സാക്ഷിവിസ്താരത്തിൽ പലരും ഈദൃശസംഭവങ്ങൾ വിവരിച്ചിട്ടുണ്ടു്.

ഈ ദൈവസ്നേഹാഗ്നി അനുദിനം വർദ്ധമാനമായി അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയതുനിമിത്തം ദൈവികകാര്യങ്ങളെപ്പറ്റിയല്ലാതെ എന്തെങ്കിലും സംസാരിക്കുന്നതിനോ, വിചാരിക്കുന്നതിനോ, ദിവ്യരക്ഷകനോടല്ലാതെ മറ്റാരോടും സംഭാഷിക്കുന്നതിനോ, അവൾ ആശിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിരുന്നില്ല. ദിവ്യരക്ഷകൻ അവൾക്കു പ്രത്യക്ഷനായി പലപ്പോഴും സംഭാഷണം നടത്തിയിരുന്നു. ഇതുനിമിത്തം തന്നോടോ തന്റെ മേലുള്ള സ്നേഹത്താൽ എരിഞ്ഞിരുന്നവരോടോ അല്ലാതെ മറ്റാരോടും സംസാരിക്കുന്നതിനു് പുണ്യവതി തെല്ലും ഇഷ്ടപ്പെട്ടിരുന്നില്ല. ദൈവസ്നേഹവും അതുമാത്രവും തന്റെ മുഖ്യകർമ്മമായിരുന്നതിനാൽ തനിക്കു് ഭരമേല്പിക്കപ്പെട്ടിരുന്ന ലൌകികകാര്യാദികൾ നിർവ്വഹിക്കുവാൻ താൻ അശക്തയാണെന്നു് അവൾക്കു് തോന്നിപ്പോയിരുന്നു. "ഇപ്പോഴത്തെ നിലയിൽ ഇനിയും എന്നെ വെച്ചുകൊണ്ടിരിക്കുന്നപക്ഷം എന്നെ ഭരമേല്പിച്ചിരിക്കുന്ന ചുമതലകളെപ്പറ്റി ഒട്ടും തൃപ്തികരമല്ലാത്ത ഒരു കണക്കു് കൊടുക്കുവാനേ എന്നാൽ സാധിക്കുകയുള്ളൂ. എന്തെന്നാൽ ഒരു കയർ കെട്ടി എന്നെ സദാ ദൈവത്തിൻ പക്കലേക്കു് വലിക്കുന്നതുപോലെ എനിക്കു തോന്നിപ്പോകുന്നു" എന്നു ഈ വിശുദ്ധതന്നെ ഒരവസര

ത്തിൽ പ്രസ്താവിക്കുകയുണ്ടായി. ദൈവികചിന്തയിൽ നിന്നും അകററുന്ന സമസ്തകാൎയ്യങ്ങളും, ഭക്ഷണം കഴിക്കുന്നതുതന്നെയും ഇവൾക്കു ഒരു മഹാ വലിയ ഭാരമായിട്ടാണു് തോന്നിയിരുന്നതു്. ഇതു് കേവലം അതിശയോക്തിപരമായ ഒരു പ്രസ്താവനയല്ല. "ഭക്ഷണത്തിനായി പോവുക എന്നതു് എന്നെ സംബന്ധിച്ചിടത്തോളം ഒരു വലിയ ശിക്ഷയായിരുന്നു. ഇതോൎത്തു പലപ്പോഴും ഞാൻ കരഞ്ഞിരുന്നു. ഞാനറിയാതെ തന്നെ ഇതേപ്പററി അവലാധി പറയുക പതിവായിരുന്നു" എന്നു പുണ്യവതിതന്നെ എഴുതിയിരിക്കുന്നു. ഇങ്ങനെ അവളുടെ ദൈവസ്നേഹാധിക്യത്തെ പ്രസ്പഷ്ടമാക്കുന്ന പല സാക്ഷ്യങ്ങളും അവൾ തന്നെ രേഖപ്പെടുത്തിട്ടുണ്ടു്. "ഓ! കൎത്താവേ, ഞാൻ എന്നെപ്പററിതന്നെയും ചിന്തിക്കുന്നില്ല. നിന്നെ അല്ലാതെ മററൊന്നിനെയും ഞാൻ അഗ്രഹിക്കുന്നില്ല" എന്നും അവൾ പ്രസ്താവിക്കുന്നു. പറയുക മാത്രമല്ല വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും ഒന്നുപോലെ ഈ അഗ്രഹത്തെ അവൾ തെളിവായി കാണിച്ചിരുന്നു.

പുണ്യവതി എളിമയുടെ ഒരുത്തമമാതൃക തന്നെ ആയിരുന്നു എങ്കിലും, ദൈവത്തോടുള്ള തന്റെ അതിരററ സ്നേഹാധിക്യത്തെ പരസ്യമായി പ്രകടിപ്പിക്കുവാൻ ഒട്ടും മടിച്ചിരുന്നില്ല. "അഗ്രഹവും സ്നേഹവും ഒഴിച്ചു് ഒന്നിലും ഞാൻ പരിപൂൎണ്ണയല്ല. എന്റെ ദൈവത്തെ താൻ അർഹിക്കുന്നവിധം തന്നെ ഞാൻ സ്നേഹിക്കുന്നുണ്ടു് എന്നു ഞാൻ വിചാരിക്കുന്നു. പക്ഷേ, എന്റെ ജോലികൾ എന്നെ വിവശചിത്തയാക്കിതീൎക്കുന്നു" എന്നുള്ള ഈ വിശുദ്ധയുടെ പ്രസ്താവന, തന്റെ ദൈവസ്നേഹത്തെ ഏററു പറയുന്നതിനു് അവൾക്കുണ്ടായിരുന്ന സന്നദ്ധതയെ വെളിപ്പെടുത്തുന്ന അനേക പ്രസ്താവനകളിൽ ഒന്നുമാത്രമാണു്. ദൈവത്തെ ഇത്രയധികം സ്നേഹിച്ചിട്ടും അവൾ സംതൃപ്തയാകാതെ, "ലോകത്തിലുണ്ടാകാവുന്ന സകലവിധ ദുഃഖാരിഷ്ടതകളും ലോകാവസാനം വരെ സഹിച്ചുകൊണ്ടു് ഇപ്പോഴത്തെക്കാൾ അല്പം കൂടി കൂടുതലായ യോഗ്യത പ്രാപിക്കുകയൊ അഥവാ ദുരിതങ്ങളൊന്നും സഹിക്കാതെ ഇപ്പോഴത്തെ സ്ഥിതിയിൽതന്നെ ഇരിക്കുകയൊ ചെയ്യുവാൻ എന്നെ അനുവദിക്കുന്നപക്ഷം അല്പമാത്രമായിട്ടാണെങ്കിലും ദൈവത്തെ കൂടുതൽ അറിയുന്നതിനും സ്നേഹിക്കുന്നതിനുമായി ഞാൻ ആദ്യത്തേതു് സസന്തോഷം സ്വീകരിക്കുന്നതാണു്. എന്തെന്നാൽ ദൈവത്തെ കൂടുതൽ അറിയുന്നവർ തന്നെ കൂടുതലായി

സ്നേഹിക്കുന്നു എന്നു ഞാനറിയുന്നു" എന്ന് അവൾ പറഞ്ഞിരുന്നു.

താൻ ദൈവത്തെ സർവ്വശക്തിയോടും സ്നേഹിക്കുന്നു എന്നും അതിനു പകരം ദൈവം തന്നെയും സ്നേഹിക്കുന്നു എന്നും അനുസ്മരിച്ചപ്പോൾ ഉളവായ സന്തോഷാധിക്യത്താൽ മതിമറന്ന് "നമ്മുടെ സ്നേഹം ദൈവത്തിനു നൽകുകയും പകരമായി തൻെറ സ്നേഹത്തിന് പാത്രമാവുകയും ചെയ്യുക എന്നത് എത്രയോ ആനന്ദസംദായകമായ ഒന്നാണ്" എന്ന് അവൾ പറഞ്ഞുപോയി. ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ള അതിയായ അഗ്രഹത്താൽ തന്നെപ്രതി ഒന്നുകിൽ പാടുപെടുന്നതിനൊ അല്ലെങ്കിൽ മരിക്കുന്നതിനൊ അനുവദിക്കണമെന്നത്രെ പുണ്യവതി അനവരതം ദിവ്യരക്ഷകനോടു അഭ്യർത്ഥിച്ചിരുന്നത്. ഇങ്ങനെ പ്രാർത്ഥിച്ചിരുന്ന ഓരോ അവസരത്തിലും താൻ അനുഭവിച്ച മനോസംതൃപ്തിയും സ്വർഗ്ഗീയാനന്ദവും ഇത്രമാത്രമെന്ന് വർണ്ണിക്കുകതന്നെ അസാദ്ധ്യം എന്നാണ് ഈ വിശുദ്ധ തൻെറ സ്വയംകൃതചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ദിവ്യരക്ഷകനുവേണ്ടി പാടുപെടുന്നതിനാഗ്രഹിക്കുന്ന മാത്രയിൽ അവൾക്കനുഭവപ്പെട്ടിരുന്ന ഹൃദയാനന്ദം സീമാതീതം തന്നെ ആയിരുന്നു. ദൈവത്തിനുവേണ്ടി പീഡകൾ സഹിക്കുവാൻ ലോകജീവിതത്തിൽ അവസരം ലഭിക്കുമല്ലോ എന്നോർത്തുമാത്രമാണ് വി. അമ്മത്രേസ്യാ ലോകജീവിതത്തെ അഗ്രഹിച്ചിരുന്നത്. ലോകജീവിതത്തിനുള്ള ഏകമെച്ചവും അവളുടെ അഭിപ്രായത്തിൽ ഇതു മാത്രമായിരുന്നു. 'പീഡകളെ അഗ്രഹിച്ചതുകൊണ്ടുമാത്രം ഗുണമൊന്നുമില്ല. പീഡകൾ കൂടാതെയുള്ള ജീവിതം കേവലം വ്യർത്ഥമാണ്. പീഡകൾക്കായി ഞാൻ ഹൃദയംഗമമായി പ്രാർത്ഥിച്ചിരുന്നു. കർത്താവെ ഒന്നുകിൽ പാടുപെടുക അല്ലെങ്കിൽ മരിക്കുക ഇതല്ലാതെ എനിക്കുവേണ്ടി മറ്റൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല." വിശുദ്ധയുടെ ജീവിതത്തിൻെറ ഏകലാക്ക് ഇതുമാത്രമായിരുന്നു. മിശിഹായുടെ സ്നേഹമണവാട്ടിയായി അവൾ അംഗീകരിക്കപ്പെടുവാനിടയായതും ഇതു നിമിത്തമായിരുന്നു. ദിവ്യരക്ഷകൻ തൻെറ വലതുകരം നീട്ടി കാണിച്ചുകൊണ്ടു പുണ്യവതിയോട് ഇങ്ങനെ അരുളിച്ചെയ്തു: "കണ്ടാലും ഇന്നുമുതൽ നീ എൻെറ മണവാട്ടി ആയിത്തീർന്നിരിക്കുന്നു എന്നുള്ളതിന് ഈ ആണി ഒരു ലക്ഷ്യമായിരിക്കട്ടെ. ഇതുവരെ ആ സ്ഥാനത്തിനു നീ അർഹയായിരുന്നില്ല. നിൻെറ സ്രഷ്ടാവും രാജാവും

ദൈവവും എന്നുള്ള നിലകളിൽ മാത്രം എന്നെ നീ വണങ്ങിയാൽ പോരാ. നീ എൻെറ സാക്ഷാൽ മണവാട്ടിയായിരിക്കുന്നതിനാൽ എൻെറ ബഹുമാനം നിൻേറതും നിൻെറ ബഹുമാനം എൻേറതുമാകുന്നു.” ഹാ! എത്ര മഹിമയേറിയ ഒരു സ്ഥാനമാണ് പുണ്യവതിക്കു ലഭ്യമായതെന്നു നോക്കുക: ഇതിൽ വലിയ ഒരു ബഹുമതി എന്താണുള്ളത്? “സ്വർഗ്ഗത്തിൽ എന്നെക്കാൾ വലിയ പദവിയിൽ ഇരിക്കുന്ന ആത്മാക്കളെ കാണുന്നത് എനിക്ക് സന്തോഷപ്രദംതന്നെ ആയിരിക്കും. പക്ഷെ, ദൈവസ്നേഹത്തിൽ എന്നെ അതിലംഘിക്കുന്ന ഒരാത്മാവിനെ അവിടെ കാണുന്നത് എനിക്കു സന്തോഷപ്രദമായിരിക്കുമോ എന്നു എനിക്കു അറിഞ്ഞുകൂടാ” എന്നു സ്നേഹപാരവശ്യത്തിൽ ഉൾപ്പെട്ടിരുന്ന ഒരവസരത്തിൽ അവൾ തന്നെത്താൻ പറഞ്ഞുപോയി.

ദൈവസ്തുതി മാത്രമാണ് തൻെറ ജീവിതോദ്ദേശ്യം എന്നു കരുതിയിരുന്ന പുണ്യവതിയുടെ സമസ്ത പ്രവൃത്തികളുടെയും പരമമായ ലാക്ക് അതുമാത്രമായിരുന്നു. ഇതുകൊണ്ട് അവൾ സംതൃപ്തയായിരുന്നോ? ഇല്ല. താൻ ചെയ്തിരുന്നതെല്ലാം നിസ്സാരമാണെന്നാണ് അവൾക്ക് തോന്നിയിരുന്നത്. “ഹാ! കർത്താവെ, ഞാൻ നിന്നെ സ്നേഹിക്കുന്നില്ലാ എന്നു ഞാൻ ഭയപ്പെടുന്നു എനിക്ക് അങ്ങയോടുള്ള കടപ്പാടിൻെറ തുച്ഛമായ ഒരംശംപോലും വീട്ടുന്നതിനു എന്തു ചെയ്യേണ്ടു എന്നു ഞാൻ അറിയുന്നില്ല.” “ഹാ എൻെറ കർത്താവെ, അങ്ങെ സ്നേഹിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുക. ഞങ്ങൾ ജീവിക്കണമെന്നാണ് അങ്ങെ തിരുച്ചിത്തമെങ്കിൽ സ്വാർത്ഥം വെടിഞ്ഞ് അങ്ങേക്കുവേണ്ടി ജീവിക്കുവാൻ ഞങ്ങളെ അനുവദിക്കണമെ. അങ്ങെക്കിഷ്ടമുള്ളവരായി ജീവിക്കുന്നതിനെക്കാൾ വലിയ നന്മ എന്താണ് ഞങ്ങൾക്കുണ്ടാകുവാനുള്ളത്? എൻെറ സന്തോഷമേ, എൻെറ ദൈവമേ അങ്ങേ പ്രസാദിപ്പിപ്പാൻ എന്താണ് എനിക്കു ചെയ്യുവാൻ കഴിവുള്ളത്?” ഈ പ്രാർത്ഥനയിൽ മാത്രമേ പുണ്യവതി വല്ലതുമൊരാശ്വാസം കണ്ടിരുന്നുള്ളു. അതിനാൽ അവൾ ഏവംവിധം സദാ പ്രാർത്ഥിച്ചിരുന്നു.

ചുരുക്കത്തിൽ വി. അമ്മത്രേസ്യായുടെ ജീവിതം മുഴുവനും തന്നെ ഒരു ദൈവസ്നേഹപ്രകരണമായിരുന്നു എന്നു പറയാം. ദൈവത്തെ പ്രസാദിപ്പിപ്പാൻ എന്തു മാർഗ്ഗമുള്ളു എന്ന് ആരാഞ്ഞുകൊണ്ടു അവൾ ആയുഷ്ക്കാലം കഴിച്ചുകൂട്ടി. സ്നേഹാഗ്നി അവളിൽ സദാ എരിഞ്ഞിരുന്നു. ഇതിൻെറ ആധിക്യം നിമിത്തം ഈ അഗ്നി

യിൽ എരിഞ്ഞുതന്നെ പുണ്യവതിയുടെ ലോകജീവിതം അവസാനിക്കയും ചെയ്തു.

II

ഇഹത്തിൽ യഥാർത്ഥമായ സന്തോഷം സ്ഥിതി ചെയ്യുന്നതു ഇന്ദ്രിയസുഖങ്ങളിലല്ല, പ്രത്യുത ദൈവചിത്തം നിറവേററുന്നതിലും പീഡകൾ ക്ഷമയോടെ സഹിക്കുന്നതിലുമാണ് എന്നു ദിവ്യരക്ഷകൻതന്നെ ഒരിക്കൽ ത്രേസ്യാപുണ്യവതിയോട് അരുളിച്ചെയ്കയുണ്ടായി. ഈ വിശുദ്ധയുടെ ദൈവസ്നേഹത്തെപ്പററി ഗ്രഹിക്കുന്നവർ പഠിക്കേണ്ട പാഠവും ഇതല്ലാതെ മറെറാന്നുമല്ല.

"മകളേ! സന്തോഷസംതൃപ്തികളിൽനിന്ന് യോഗ്യത പ്രാപിക്കാമെന്നു നീ വിചാരിക്കുന്നുവോ? പ്രവർത്തിക്കുന്നതിലും സഹിക്കുന്നതിലും സ്നേഹിക്കുന്നതിലും മാത്രമാണ് യോഗ്യത നിക്ഷിപ്തമായിരിക്കുന്നതെന്ന് ധരിച്ചാലും. സർവ്വത്ര പീഡകളാൽ നിറഞ്ഞ എന്റെ ജീവിതംതന്നെ കണ്ടുപഠിക്കുക. എന്റെ മാതാവ് കൈകളിൽ എന്നെ എടുത്തു പിടിച്ചുകൊണ്ടിരുന്നപ്പോൾ മനഃക്ലേശം കൂടാതെയല്ല അവൾ ആ സന്തോഷം അനുഭവിച്ചിരുന്നത് എന്നു നീ ധരിക്കണം. 'ഒരു വാൾ നിന്റെ ഹൃദയത്തെ പിളക്കും' എന്നുള്ള ശെമയോന്റെ പ്രവചനം അപ്പോഴെല്ലാം ആ അമ്മയെ യഥാർത്ഥത്തിൽ അതിയായി പീഡിപ്പിച്ചിരുന്നു. ശെമയോന്റെ പ്രവചനക്ഷണത്തിൽതന്നെ ഞാൻ സഹിപ്പാനിരുന്ന പീഡകളെപ്പററി എന്റെ പിതാവ് അവൾക്കു അറിവു കൊടുത്തിരുന്നു. 'എന്റെ പിതാവ് ഏററം സ്നേഹിക്കുന്ന ആത്മാക്കൾക്കു ഏററം ഭാരപ്പെട്ട കുരിശുകൾ യാത്രയാക്കുന്നു. സ്നേഹത്തിനു പകരം പ്രതിപക്ഷത്തുനിന്ന് സങ്കടങ്ങളാണു ലഭിക്കുന്നത്. ഞാൻതന്നെ പീഡകൾ ആഗ്രഹിച്ചതുപോലെ നിനക്കുവേണ്ടിയും ആഗ്രഹിച്ചുകൊണ്ടല്ലാതെ എങ്ങനെയാണ് ഈ സ്നേഹം ഞാൻ പ്രകടിപ്പിക്കേണ്ടതു? ഇതാ, ഈ മുറിവുകൾ കണ്ടാലും! നിന്റെ ഒരു വേദനയും ഒരിക്കലും ഇതിലും വലുതായിരിക്കുകയില്ല. തങ്ങൾ പ്രാപിക്കേണ്ടതിനെ നഷ്ടപ്പെടുത്തുവാൻതന്നെ ബദ്ധകങ്കണരായി യത്നിക്കുന്ന ലോകായതികന്മാരായ മനുഷ്യർക്ക് നേരിടുന്ന നഷ്ടത്തെപ്പററി എനിക്കുള്ള അപാരമായ ദുഃഖത്തിൽ നീയും ഭാഗഭാക്കാകുക" എന്നെല്ലാം അരുളിച്ചെയ്തശേഷം ദിവ്യരക്ഷകൻ തന്റെ വാക്കുകളെ ഇങ്ങനെ സംഗ്രഹിച്ചു "പീഡകൾകൂടാതെ ആരെങ്കിലും

എൻെറ പിതാവ് തൻെറ സ്നേഹത്തിനു പാത്രീഭവിപ്പിക്കുമെന്ന് വിചാരിക്കുന്നതു തന്നെ ഭോഷത്വമാണ്. എന്തെന്നാൽ, താൻ ആരെ കൂടുതലായി സ്നേഹിക്കുന്നുവോ അവരെ പീഡകളുടെ വഴിയിൽക്കൂടി താൻ നയിക്കുന്നു. ഈ പീഡകളാകട്ടെ തൻെറ സ്നേഹാധിക്യത്തിനനുസരിച്ച് വലുതായിരിക്കയും ചെയ്യും."

യഥാർത്ഥമിതായിരിക്കെ, നമ്മുടെ കർത്താവിനെ ഉള്ളഴിഞ്ഞ് സ്നേഹിക്കണമെന്ന് നാം ആഗ്രഹിക്കുന്നെങ്കിൽ, സ്വാർത്ഥം വെടിഞ്ഞ് തൻെറ തിരുഹൃദയത്തെ സമാശ്വസിപ്പിക്കുവാൻ അഭിലഷിക്കുന്നു എങ്കിൽ, ത്രേസ്യാപുണ്യവതി നമുക്കുപദേശിച്ചുതരുന്നതും അവൾ തന്നെ അനുസരിച്ചിരുന്നതുമായ ഉപദേശത്തെ നാം പ്രായോഗികമാക്കുകതന്നെ വേണം. അതായത് "കർത്താവിൻെറ സ്നേഹത്തിനുവേണ്ടി എന്തും, ഏതു സമയത്തും സഹിപ്പാനുള്ള ആഗ്രഹത്തോടെ ജീവിക്കുക." ദു:ഖാരിഷ്ടതകളിൽ തന്നെത്തന്നെ പൂർണ്ണമായും ദൈവതിരുമനസ്സിനു കയ്യാളിക്കുക ഇതു് ഏവർക്കും സുസാദ്ധ്യമായ കാര്യമാകുന്നു. വിശുദ്ധ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി ഒരു ഭക്താത്മാവിന് നൽകിയ ഉപദേശത്തിൻെറ സാരവും ഇതു തന്നെയാണ്. "എൻെറ ജീവിതകാലത്ത് ദൈവതിരുമനസ്സ് നിറവേറുന്നതിന് മരണത്തെത്തന്നെയും ആഗ്രഹിച്ചതുപോലെ സർവ്വത്തിലും ദൈവചിത്തം നിറവേറുവാൻ മാത്രം നീ ആഗ്രഹിച്ചു കൊള്ളുക" എന്നാണ് പുണ്യവതി ഉപദേശിച്ചതു് ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ള തീക്ഷ്ണമായ ആഗ്രഹത്തോടെ പ്രതിദിനം അമ്പതു പ്രാവശ്യം തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുക എന്ന് നമ്മുടെ വിശുദ്ധ ഉപദേശിച്ചിരിക്കുന്നതിൻെറ അന്തരവും ഇതല്ലാതെ മറ്റൊന്നുമല്ല. ഇതുമൂലം, നാം ദൈവത്തിൻെറ പ്രീതിക്ക് പാത്രീഭവിക്കുന്നു. അതേസമയംതന്നെ നമുക്കായി താൻ യാത്രയാക്കുന്ന കുരിശുകൾ നമുക്ക് വളരെ ലഘുവായി തോന്നുകയും ചെയ്യും.

"കുരിശിൻെറ ഭാരം അതിനെ മനസ്സാ വഹിക്കുന്നവർക്കല്ല വൈമനസ്യത്തോടെ വഹിക്കുന്നവർക്കത്രെ ഭാരമായി തോന്നുക" എന്നാണ് വി. അമ്മത്രേസ്യായുടെ അഭിപ്രായം. അതെ, ദൈവതിരുമനസ്സിന് സംപൂർണ്ണമായും കീഴ്വഴങ്ങി എല്ലാം ദൈവത്തിന് സമർപ്പിക്കുന്നവർക്ക് ഇഹത്തിൽ നേരിടുന്ന കുരിശുകളും സങ്കടങ്ങളും കേവലം ലഘുവായിട്ടേ തോന്നുകയുള്ളൂ. അവയെ സസന്തോഷം സഹിക്കുന്നതിനുള്ള ക്ഷമയും സഹനശക്തിയും അവർക്

രുന്നു എന്നു പറയാം. "ഉന്നതചിന്തകൾക്കായി നമുക്കു സ്വാഗതമരുളാം. എന്തെന്നാൽ അവയിൽ നിന്നത്രെ നമുക്കു സിദ്ധിക്കേണ്ട നന്മകൾ ഉത്ഭവിക്കുന്നതു്" എന്നു പുണ്യവതിതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. വേറൊരിടത്തു ഇതേ ആശയംതന്നെ ഇങ്ങനെയും അവൾ പ്രകടിപ്പിച്ചിരിക്കുന്നു. "നമ്മുടെ ആഗ്രഹങ്ങൾ നാം പരിമിതമാക്കിക്കൂടാ. ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് പ്രയത്നിച്ചാൽ ദൈവസഹായത്തോടുകൂടി വിശുദ്ധന്മാർ പ്രാപിച്ചതുപോലെയുള്ള പുണ്യപരിപൂർണ്ണത നമുക്കും കരഗതമാകുമെന്നു പൂർണ്ണമായും നാം ശരണപ്പെടണം" സ്വശക്തിയിൽ ശരണപ്പെടാത്ത ആത്മാക്കളെ ദൈവം അതിയായി സ്നേഹിക്കുന്നുവെന്നു വിശുദ്ധ പലപ്പോഴും പറഞ്ഞിരുന്നു. ഈ മാതിരി ആത്മാക്കൾ ചുരുങ്ങിയ സമയത്തിനുള്ളിൽ ആർജ്ജിക്കുന്ന പുണ്യയോഗ്യത, മന്ദഭക്തരായവർക്കു് അനേക കൊല്ലങ്ങൾകൊണ്ടും സമ്പാദിക്കുവാൻ സാധിക്കുന്നതല്ലെന്നു അവൾ സ്വാനുഭവത്തിൽ നിന്നുതന്നെ സാക്ഷിച്ചിട്ടുമുണ്ടു്. "എന്തെന്നാൽ പുണ്യയോഗ്യത സമ്പാദിക്കുന്നതിനുള്ള ആഗ്രഹത്തെയും, ശ്രമങ്ങളെപ്പോലെതന്നെ കർത്താവു ഇഷ്ടപ്പെടുന്നു" എന്നത്രെ അവൾ രേഖപ്പെടുത്തിയിരിക്കുന്നതു്.

വാസ്തവത്തിൽ ദൈവത്തെ സ്നേഹിക്കുന്നതിനുള്ള അവളുടെ ആഗ്രഹാധിക്യം എത്രമാത്രമായിരുന്നു എന്നു് മററുള്ളവരെ മനസ്സിലാക്കുവാൻ അവൾക്കുതന്നെയും സാദ്ധ്യമായിരുന്നില്ല. ഈ വാസ്തവം പുണ്യവതിക്കു് അജ്ഞാതവുമല്ലായിരുന്നു. അതിനാലത്രെ തനിക്കു് മററു പല കുറവുകളും പോരായ്മകളും ഉണ്ടെങ്കിലും തന്നിലുള്ള ദൈവസ്നേഹാഭിവാഞ്ഛ വലുതും പരിപൂർണ്ണവുമാണെന്നു് സാഭിമാനം പരസ്യമായിപ്പോലും പ്രസ്താവിക്കുവാനുള്ള ധൈര്യം അവൾക്കുണ്ടായതു്. "ദൈവത്തെ സ്നേഹിക്കണമെന്നുള്ള ആഗ്രഹം അങ്കുരിക്കുന്നതോടുകൂടി അവർണ്ണനീയമായ ആനന്ദം ഞാൻ അനുഭവിച്ചിരുന്നു. ഏതുവക പീഡകളും മരണമൊ വേദസാക്ഷിത്വം തന്നെയൊ അനുഭവിക്കാനിടയായാലും എനിക്കു് അത്ര വിഷമകരമായിരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു" എന്നു് പുണ്യവതി പ്രസ്താവിക്കുന്നു. ഇതു് കേവലം ഒരു ഭംഗിവാക്കു മാത്രമായിരുന്നില്ല. ഒരു കാര്യം ദൈവത്തിനു് ഇഷ്ടകരമാണെന്നറിഞ്ഞാൽ എത്രതന്നെ വിഷമതരമായിരുന്നാലും അതു ചെയ്യുവാൻ അവൾ തെല്ലും മടിച്ചിരുന്നില്ല. ഏതത്സംബന്ധം തൻെറ സ്വയംകൃത ചരിത്രത്തിൽ അവൾ രേഖപ്പെടുത്തിയിട്ടുള്ളതു്

പ്രത്യേകം സ്മർത്തവ്യമാണ്. "വലിയ കാര്യങ്ങൾ നിർവ്വഹിക്കണമെന്നുള്ള അഭിവാഞ്ഛ ഉണ്ടായിക്കഴിഞ്ഞാൽ, അതോടെ ആത്മീയജീവിതത്തിന് പര്യാപ്തങ്ങളായി സിദ്ധിക്കുന്ന നിസ്തുലങ്ങളായ സഹായങ്ങൾ കണ്ടു് ഞാൻ അത്ഭുതപ്പെട്ടുകതന്നെ ചെയ്യുന്നു. ആരംഭത്തിൽ പ്രവർത്തിക്കുന്നതിനുള്ള ആത്മധൈര്യം ഇല്ലെന്നിരുന്നാലും കർമ്മപദ്ധതിയിൽ പ്രവേശിച്ചു കഴിയുമ്പോൾ പ്രസ്തുത ആത്മാവിൻെറ കാര്യം പ്രതീക്ഷയിൽ കവിഞ്ഞ വിജയത്തിൽ പര്യവസാനിക്കുന്നതാണ്." ഇതിൽനിന്നും വിശുദ്ധരാകാൻ ആഗ്രഹിക്കുന്നതിൽ തെററില്ലെന്നും അതു കുററകരമല്ലെന്നും അതു് ഒരഹംഭാവമായി പരിഗണിക്കാവുന്നതല്ലെന്നും പുണ്യവതി നമ്മെ പഠിപ്പിക്കുന്നു. അവൾ വീണ്ടും തുടരുന്നു "എളിമ അവശ്യം ആവശ്യംതന്നെ; എന്നിരുന്നാലും നമ്മിൽ ഉത്ഭൂതമാകുന്ന വലിയ ആശകളും വിശുദ്ധന്മാരെ അനുകരിക്കണമെന്നുള്ള ആഗ്രഹവും അഹങ്കാരത്തിൻെറ ഫലമാണെന്നു നമ്മെ തെററിദ്ധരിപ്പിക്കുവാൻ പിശാചു അശ്രാന്തപരിശ്രമം ചെയ്യുമെന്നുള്ളതു നാം വിസ്മരിച്ചുകളയരുതു്." ഇതിൽനിന്നും എത്ര നിസ്സാരനും വിശുദ്ധ പദവിയെ ആഗ്രഹിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യാമെന്നും ഈ അഭിലാഷം ഏവർക്കും ഉണ്ടായിരിക്കേണ്ടതാണെന്നും നാം മനസ്സിലാക്കണം.

## II

പുണ്യപൂർണ്ണതയിൽ എത്തുന്നതിന് ആഗ്രഹം ആവശ്യമാണ്. അതു കൂടാതെ കഴിയുകയുമില്ല. തീർച്ചതന്നെ എന്നിരുന്നാലും ഇതുകൊണ്ടു മാത്രമായില്ല. എന്തായാലും അതു പ്രാപിക്കുന്നതാണെന്നുള്ള സുസ്ഥിരമായ പ്രതിജ്ഞയും ആഗ്രഹത്തോടൊപ്പം ഉണ്ടായിരിക്കേണ്ടതാവശ്യമാകുന്നു. പ്രതിജ്ഞ കൂടാതെയുള്ള ആഗ്രഹം വിഫലമായേ പര്യവസാനിക്കൂ. പലർക്കും പററുന്ന ഒരു ഭീമബദ്ധമാണ് ഇതു്. സുകൃതകൃത്യങ്ങൾ നടത്തണമെന്നും വിശുദ്ധരുടെ പദവിയിൽ എത്തിച്ചേരണമെന്നും അതിയായിത്തന്നെ ആശിക്കുന്നവർ പലരുണ്ടു്. പക്ഷെ എന്തുത്യാഗവും സഹിച്ചു് തത്സാദ്ധ്യാർത്ഥം പരിശ്രമിക്കുന്നതാണെന്നുള്ള പ്രതിജ്ഞയുടെ അഭാവം നിമിത്തം അവരിൽ പലരും എന്നും പഴയപടിയിൽതന്നെ നിൽക്കുന്നു. അല്പമാത്രമായ ഒരു പ്രതിബന്ധം, അഥവാ ഒരു ത്യാഗത്തിൻെറ ആവശ്യകത പ്രത്യക്ഷപ്പെടുന്ന ക്ഷണത്തിൽ അവർ

രുന്നു എന്നു പറയാം. "ഉന്നതചിന്തകൾക്കായി നമുക്കു സ്വാഗതമരുളാം. എന്തെന്നാൽ അവയിൽ നിന്നത്രെ നമുക്കു സിദ്ധിക്കേണ്ട നന്മകൾ ഉത്ഭവിക്കുന്നതു്" എന്നു പുണ്യവതിതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. വേറൊരിടത്തു ഇതേ ആശയംതന്നെ ഇങ്ങനെയും അവൾ പ്രകടിപ്പിച്ചിരിക്കുന്നു. "നമ്മുടെ ആഗ്രഹങ്ങൾ നാം പരിമിതമാക്കിക്കൂടാ. ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് പ്രയത്നിച്ചാൽ ദൈവസഹായത്തോടുകൂടി വിശുദ്ധന്മാർ പ്രാപിച്ചതുപോലെയുള്ള പുണ്യപരിപൂർണ്ണത നമുക്കും കരഗതമാകുമെന്നു പൂർണ്ണമായും നാം ശരണപ്പെടണം" സ്വശക്തിയിൽ ശരണപ്പെടാത്ത ആത്മാക്കളെ ദൈവം അതിയായി സ്നേഹിക്കുന്നുവെന്നു വിശുദ്ധ പലപ്പോഴും പറഞ്ഞിരുന്നു. ഈ മാതിരി ആത്മാക്കൾ ചുരുങ്ങിയ സമയത്തിനുള്ളിൽ ആർജ്ജിക്കുന്ന പുണ്യയോഗ്യത, മന്ദഭക്തരായവർ അനേക കൊല്ലങ്ങൾകൊണ്ടും സമ്പാദിക്കുവാൻ സാധിക്കുന്നതല്ലെന്നു അവൾ സ്വാനുഭവത്തിൽ നിന്നുതന്നെ സാക്ഷിച്ചിട്ടുമുണ്ടു്. "എന്തെന്നാൽ പുണ്യയോഗ്യത സമ്പാദിക്കുന്നതിനുള്ള ആഗ്രഹത്തെയും, ശ്രമങ്ങളെപ്പോലെതന്നെ കർത്താവു് ഇഷ്ടപ്പെടുന്നു" എന്നത്രെ അവൾ രേഖപ്പെടുത്തിയിരിക്കുന്നതു്.

വാസ്തവത്തിൽ ദൈവത്തെ സ്നേഹിക്കുന്നതിനുള്ള അവളുടെ ആഗ്രഹാധിക്യം എത്രമാത്രമായിരുന്നു എന്നു് മററുള്ളവരെ മനസ്സിലാക്കുവാൻ അവൾക്കുതന്നെയും സാദ്ധ്യമായിരുന്നില്ല. ഈ വാസ്തവം പുണ്യവതിക്കു് അജ്ഞാതവുമല്ലായിരുന്നു. അതിനാലത്രെ തനിക്കു് മററു പല കുറവുകളും പോരായ്മകളും ഉണ്ടെങ്കിലും തന്നിലുള്ള ദൈവസ്നേഹാഭിവാഞ്ഛ വലുതും പരിപൂർണ്ണവുമാണെന്നു് സാഭിമാനം പരസ്യമായിപ്പോലും പ്രസ്താവിക്കുവാനുള്ള ധൈര്യം അവൾക്കുണ്ടായതു്. "ദൈവത്തെ സ്നേഹിക്കണമെന്നുള്ള ആഗ്രഹം അങ്കുരിക്കുന്നതോടുകൂടി അവർണ്ണനീയമായ ആനന്ദം ഞാൻ അനുഭവിച്ചിരുന്നു. ഏതുവക പീഡകളും മരണമൊ വേദസാക്ഷിത്വം തന്നെയൊ അനുഭവിക്കാനിടയായാലും എനിക്കു് അത്ര വിഷമകരമായിരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു" എന്നു് പുണ്യവതി പ്രസ്താവിക്കുന്നു. ഇതു് കേവലം ഒരു ഭംഗിവാക്കു മാത്രമായിരുന്നില്ല. ഒരു കാര്യം ദൈവത്തിനു് ഇഷ്ടകരമാണെന്നറിഞ്ഞാൽ എത്രതന്നെ വിഷമതരമായിരുന്നാലും അതു ചെയ്യുവാൻ അവൾ തെല്ലും മടിച്ചിരുന്നില്ല. ഏതത്സംബന്ധം തന്റെ സ്വയംകൃത ചരിത്രത്തിൽ അവൾ രേഖപ്പെടുത്തിയിട്ടുള്ളതു്

പ്രത്യേകം സ്തുത്യമാണ്. "വലിയ കാര്യങ്ങൾ നിർവ്വഹിക്കണമെന്നുള്ള അഭിവാഞ്ഛ ഉണ്ടായിക്കഴിഞ്ഞാൽ, അതോടെ ആത്മീയ ജീവിതത്തിന് പര്യാപ്തങ്ങളായി സിദ്ധിക്കുന്ന നിസ്തുലങ്ങളായ സഹായങ്ങൾ കണ്ട് ഞാൻ അത്ഭുതപ്പെടുകതന്നെ ചെയ്യുന്നു. ആരംഭത്തിൽ പ്രവർത്തിക്കുന്നതിനുള്ള ആത്മധൈര്യം ഇല്ലെന്നിരുന്നാലും കർമ്മപദ്ധതിയിൽ പ്രവേശിച്ചു കഴിയുമ്പോൾ പ്രസ്തുത ആത്മാവിന്റെ കാര്യം പ്രതീക്ഷയിൽ കവിഞ്ഞ വിജയത്തിൽ പര്യവസാനിക്കുന്നതാണ്." ഇതിൽനിന്നും വിശുദ്ധരാകാൻ ആഗ്രഹിക്കുന്നതിൽ തെറ്റില്ലെന്നും അതു കുററകരമല്ലെന്നും അത് ഒരാഡംഭാവമായി പരിഗണിക്കാവുന്നതല്ലെന്നും പുണ്യവതി നമ്മെ പഠിപ്പിക്കുന്നു. അവൾ വീണ്ടും തുടരുന്നു "എളിമ അവശ്യം ആവശ്യംതന്നെ; എന്നിരുന്നാലും നമ്മിൽ ഉൽഭൂതമാകുന്ന വലിയ ആശകളും വിശുദ്ധന്മാരെ അനുകരിക്കണമെന്നുള്ള ആഗ്രഹവും അഹങ്കാരത്തിന്റെ ഫലമാണെന്നു നമ്മെ തെറ്റിദ്ധരിപ്പിക്കുവാൻ പിശാചു അശ്രാന്തപരിശ്രമം ചെയ്യുമെന്നുള്ളതു നാം വിസ്മരിച്ചു കളയരുത്." ഇതിൽനിന്നും എത്ര നിസ്സാരനും വിശുദ്ധ പദവിയെ ആഗ്രഹിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യാമെന്നും ഈ അഭിലാഷം ഏവർക്കും ഉണ്ടായിരിക്കേണ്ടതാണെന്നും നാം മനസ്സിലാക്കണം.

II

പുണ്യപൂർണ്ണതയിൽ എത്തുന്നതിന് ആഗ്രഹം അവശ്യമാണ്. അതു കൂടാതെ കഴിയുകയുമില്ല. തീർച്ചതന്നെ എന്നിരുന്നാലും ഇതുകൊണ്ടു മാത്രമായില്ല. എന്തായാലും അതു പ്രാപിക്കുന്നതാണെന്നുള്ള സുസ്ഥിരമായ പ്രതിജ്ഞയും ആഗ്രഹത്തോടൊപ്പം ഉണ്ടായിരിക്കേണ്ടതാവശ്യമാകുന്നു. പ്രതിജ്ഞ കൂടാതെയുള്ള ആഗ്രഹം വിഫലമായി പര്യവസാനിക്കും. പലർക്കും പററുന്ന ഒരു ഭീമബദ്ധമാണ് ഇത്. സുകൃതകൃത്യങ്ങൾ നടത്തണമെന്നും വിശുദ്ധരുടെ പദവിയിൽ എത്തിച്ചേരണമെന്നും അതിയായിത്തന്നെ ആശിക്കുന്നവർ പലരുണ്ട്. പക്ഷെ എന്തുത്യാഗവും സഹിച്ചു തത്സാദ്ധ്യാർത്ഥം പരിശ്രമിക്കുന്നതാണെന്നുള്ള പ്രതിജ്ഞയുടെ അഭാവം നിമിത്തം അവരിൽ പലരും എന്നും പഴയപടിയിൽതന്നെ നിൽക്കുന്നു. അല്പമാത്രമായ ഒരു പ്രതിബന്ധം, അഥവാ ഒരു ത്യാഗത്തിന്റെ ആവശ്യകത പ്രത്യക്ഷപ്പെടുന്ന ക്ഷണത്തിൽ അവർ

ഭഗ്നാശരായി ഒന്നും പ്രവൎത്തിക്കാതെ പിൻവാങ്ങിക്കളയുന്നു. "ദൈവത്തിനിഷ്ടകരമായ എന്തെങ്കിലും ചെയ്യണമെന്ന പ്രതിജ്ഞ കൂടാതെയുള്ള സുദീൎഘമായ, പല വൎഷങ്ങൾ തന്നെ നീണ്ടു നില്ക്കുന്ന, ഒരു പ്രാൎത്ഥനയെക്കാൾ ആ പ്രതിജ്ഞയോടുകൂടിയ ഒരു ചെറിയ പ്രാൎത്ഥന ഞാൻ ഇഷ്ടപ്പെടുന്നു" എന്നത്രെ ഏതത്സംബന്ധം വിശുദ്ധ പ്രസ്താവിക്കുന്നത്.

"ദൃഢനിശ്ചയത്തിന്റെ അഭാവമാണ് വിശുദ്ധ പദപ്രാപ്തിക്ക് പലൎക്കും പ്രതിബന്ധമായി നില്ക്കുന്നത്" എന്നു വിശുദ്ധ ബെർണാർദ് പ്രസ്താവിക്കുന്നു. ത്രേസ്യാ പുണ്യവതിയും ഇതോടു യോജിച്ചുതന്നെ പറയുന്നു: "പൎവ്വതാഗ്രത്തിൽ എത്തിച്ചേരുവാൻ സാധിക്കുന്നവരായ പലരും അതിന്റെ അടിവാരത്തിൽ തന്നെ നില്ക്കുകയാണ് ചെയ്യുന്നത്.". എന്നാൽ ദൈവസ്നേഹത്തിനു വേണ്ടി എന്ന ഏകലാക്കോടുകൂടി ദൃഢമായ പ്രതിജ്ഞയോടെ എന്തിലെങ്കിലും ഏൎപ്പെട്ടാൽ അതു നിഷ്പ്രയാസം സാദ്ധ്യമായിത്തീരുന്നതാണെന്നു പുണ്യവതി ഉറപ്പു നൽകുന്നുണ്ടു്. "ഹാ! കൎത്താവെ അങ്ങേ ദീൎഘദൎശി പ്രസ്താവിക്കുന്നതുപോലെ അങ്ങേ നിയമങ്ങൾ പാലിക്കുന്നതു് കുറെ ദുഷ്കരമാണെന്നു അങ്ങു ഭാവിക്കുന്നു. പക്ഷെ, അങ്ങനെ ഒന്നും ഞാൻ കാണുന്നില്ല. അങ്ങേ പ്രാപിക്കുന്നതിനുള്ള മാൎഗ്ഗം വീതി കുറഞ്ഞതാണെന്നു് പറയുന്നതും എനിക്കു മനസ്സിലാകുന്നില്ല. എത്രതന്നെ ദുഷ്കരമെന്നു് തോന്നുന്ന കാൎയ്യമായാലും അങ്ങേ പ്രസാദിപ്പിക്കുവാനായി ദൃഢമായ പ്രതിജ്ഞയോടുകൂടി അതിൽ ഏൎപ്പെടുന്നവൎക്ക് ഭയപ്പെടുവാനൊന്നുമില്ല എന്നുള്ള വസ്തുത പല സന്ദൎഭങ്ങളിലും എനിക്കു പൂൎണ്ണമായി അനുഭവബോദ്ധ്യമായിട്ടുള്ളതാണ്. ഈശ്വരഭക്തന്മാരെ ഉപദ്രവിക്കാൻ വേണ്ടി പിശാചു ഒരുക്കുന്ന ഏതു് കണിയും അവരുടെ ഗുണത്തിനുമാത്രം നിദാനമായി ഭവിക്കുന്നതിനാൽ ഇക്കൂട്ടരെ പിശാചിനു തന്നെയും വലിയ ഭയമാണ്."

പുണ്യവതി ഉപദേശിക്ക മാത്രമല്ല ചെയ്തിരുന്നതു്, അന്യരോടുപദേശിച്ചിരുന്നതുപോലെ പ്രവൎത്തിക്കയും ചെയ്തിരുന്നു. തന്നെത്തന്നെ ദൈവത്തിനു ബലി കഴിപ്പാൻ ദൈവം ആവശ്യപ്പെട്ടിരുന്നപ്പോൾ സ്വാൎത്ഥം നോക്കാതെ, തന്നെത്തന്നെ പൂൎണ്ണമായും ബലിയായി ദൈവത്തിനു സമൎപ്പിച്ചിരുന്നു. ദൈവത്തിനിഷ്ടമുള്ളവ ഏതെല്ലാമാണെന്നു് ആരാഞ്ഞറിയുന്നതിനു അവൾ പ്രദൎശിപ്പിച്ചിരുന്ന ഔൽസുക്യവും തീക്ഷ്ണതയും ഇതര വിശുദ്ധ

ന്മാരുടെ തന്നെയും അത്ഭുതത്തിനു പാത്രീഭവിച്ചിരുന്നു. തന്റെ സ്രഷ്ടാവിനുവേണ്ടി മാത്രം ജീവിക്കണമെന്നുള്ള അവളുടെ ദൃഢമായ പ്രതിജ്ഞയെപ്പററി, "ഏററവും കക്കശതരമായ ഒരു വ്രതം" എന്നത്രെ തിരുസംഘം രേഖപ്പെടുത്തിയിരിക്കുന്നതു്. ദൈവപ്രീതി ആർജ്ജിക്കുന്നതിനുള്ള അത്ഭുതപൂർവ്വവും അന്യാദൃശവുമായ അനുഗ്രഹാധിക്യം ഹേതുവാൽ ഇഹത്തിൽ ഒരു മനുഷ്യജീവിക്കു് പ്രാപിക്കുവാൻ പാടുള്ളതിലേക്കും വലിയ പുണ്യപൂർണ്ണത പ്രാപിക്കുന്നതിനു് അവൾ അനുസ്യൂതം അനുഗ്രഹിച്ചിരുന്നു. ഈ വിശുദ്ധ ആശിച്ചിരുന്നതിൽ കൂടുതൽ വലിയ ഒരു സ്ഥാനം മനുഷ്യനു് ചിന്തിപ്പാൻ തന്നെയും വഹിയാ എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അനുഗ്രഹിക്കുക മാത്രമല്ല അതു പ്രാപിക്കുകതന്നെ വേണമെന്നും അവൾ സുസ്ഥിരമായ പ്രതിജ്ഞ ചെയ്തിരുന്നു. അതേ ഉദ്ദേശസിദ്ധിക്കായി ആയുസ്സു തന്നെയും ബലി അർപ്പിക്കുന്നതിൽ അവൾക്കു് അതിററ സന്തോഷമേ ഉണ്ടായിരുന്നുള്ളു.

## III

അനുദിനവും പുണ്യത്തിൽ കൂടുതൽ കൂടുതൽ അഭിവൃദ്ധി പ്രാപിക്കത്തക്കവണ്ണം പുണ്യപൂർണ്ണതയുടെ പരമാവധിവരെ എത്തണമെന്നു് ആത്മാർത്ഥമായി അനുഗ്രഹിക്കുകയും ദൈവത്തിനു തന്നെത്തന്നെ പൂർണ്ണമായും ബലി അർപ്പിക്കുവാൻ സന്നദ്ധമായിരിക്കുകയും ചെയ്യണമെന്നത്രെ വി. അമ്മത്രേസ്യാ നമ്മെ പഠിപ്പിക്കുന്നതു്.

ഒരു തികഞ്ഞ ദൈവഭക്തനും ഈശോസഭാംഗവുമായിരുന്ന ഫാദർ ഹിപ്പോലിറേറാ ദ്ദുറാസ്സോയുടെ ഒരു പ്രസ്താവന നാം എന്നെന്നും പ്രത്യേകം സ്മരിക്കേണ്ടതാണ്. ആ മഹാത്മാവു് പറയുന്നു: "ഈ ജീവിതത്തിൽ തങ്ങൾ സമ്പാദിച്ചതും സമ്പാദിച്ചതും പോരാ പോരാ എന്നു കരുതി ലോക മനുഷ്യർ കൂടുതൽ കൂടുതൽ സമ്പാദിക്കുവാനായി ബദ്ധപ്പെടുകയും, പാരത്രിക കാര്യം സംബന്ധിച്ചിടത്തോളമാകട്ടെ തങ്ങൾക്കു് സ്വർഗ്ഗത്തിന്റെ വല്ലൊരു മൂലയും ലഭിച്ചാൽ മതി എന്നു വിചാരിച്ചു് അവർ സമാശ്വസിക്കയും ചെയ്യുന്നു. എന്നാൽ യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നവർ ലോകത്തിൽ വല്ലൊരു മൂലയും കിട്ടിയാൽ മതി എന്നു് കരുതി അതുകൊണ്ടു് തൃപ്തിപ്പെടുകയും സ്വർഗ്ഗത്തിലേക്കു കൂടുതൽ കൂടുതൽ സമ്പാദ്യം ഉണ്ടാകണമെന്നു കരുതി

അതിനായി അക്ഷീണം ഭഗീരഥ പ്രയത്നം തന്നെ നടത്തുകയും ചെയ്യുന്നു.” ഈ വൈദികൻ തന്നെ വീണ്ടും ഇങ്ങനെ പ്രസ്താവിക്കുന്നു. “വിശുദ്ധനാകുന്നതിന് ദൈവത്തിനിഷ്ടപ്പെടണമെന്നുള്ള ആഗ്രഹംകൊണ്ടുമാത്രം ലഭിക്കാവുന്നതു് ആഗ്രഹിച്ചാൽ മതിയാകും.”

ഈ ആഗ്രഹം ഉണ്ടായിക്കഴിഞ്ഞാൽ നമ്മെത്തന്നെ സംപൂർണ്ണമായും ദൈവത്തിന് സമർപ്പിക്കുവാൻ നാം നിശ്ചയിക്കണം. ഈ ആഗ്രഹത്തിനായി നാം ക്ലേശിക്കേണ്ടതില്ല. അതു് ദൈവം നമുക്കു പ്രദാനം ചെയ്തിട്ടുണ്ടു്. നമ്മെ സദാ സുപഥത്തിലേക്കു ക്ഷണിക്കുകയും ദൈവസ്നേഹത്തിലേക്ക് ആകർഷിക്കുകയും സദ്ബുദ്ധി ഉപദേശിച്ചു തരികയും ചെയ്യുന്ന മനസ്സാക്ഷിയത്രെ പ്രസ്തുത ദൈവികദാനം. ഇതു വഴിയായി ദൈവം നമ്മെ വിളിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിൽ കൂടുതലായി എന്താണ് നമുക്കു പ്രതീക്ഷിക്കേണ്ടതായി ഉള്ളതു്? ഈ ദൈവികവിളി അവസാനിച്ച് ദൈവം നമ്മെ കൈവെടിയുന്നുവെന്നു വരുന്നതുവരെ നാം അലസരായി ഇരിക്കുകയെന്നോ? ഒരിക്കലും പാടില്ല. നമ്മുടെ അലസതയെല്ലാം കൈവെടിഞ്ഞു് ദൈവത്തിനിഷ്ടകരമല്ലാത്ത സകലതും പരിത്യജിച്ച് തൻെറ വിളിക്കു വിധേയരായി തന്നെ പിൻചെല്ലാനുള്ള തക്കതായ അവസരം ഇതത്രെ. സ്നേഹനിധിയായ തൻെറ വിളിയെ വിഗണിച്ചുകൊണ്ടു അലസരായി സമയം വൃഥാവ്യയം ചെയ്യേണ്ട അവസരം ഇതല്ല. ദൈവത്തിൽനിന്നും നമ്മെ അകററുന്ന ലൗകികമായ സകലത്തിനെയും പാടേ പരിത്യജിക്കണം അങ്ങനെ ചെയ്യുന്നുണ്ടെന്നു നാം ദൃഢമായി പ്രതിജ്ഞയും ചെയ്യണം. നമ്മുടെ സകല ചിന്തകൾക്കും വിഷയം ദൈവവും ദൈവം മാത്രവും ആയിരിക്കട്ടെ. മറെറാന്നും നമ്മുടെ ചിന്തക്കു വിഷയീഭവിക്കാതെയും ഇരിക്കട്ടെ.

സംഭാഷണം:- എത്രയും മധുരമുള്ള ഈശോയെ, നിൻെറ വാത്സല്യമകളായ ത്രേസ്യാ പുണ്യവതി നിന്നെ പരിപൂർണ്ണമായി സ്നേഹിക്കുന്നതിനുവേണ്ടി അവളുടെ ഹൃദയത്തിൽ നീ ചിന്തിയ വലുതായ ആഗ്രഹങ്ങളെയും സ്ഥിരമായ പ്രതിജ്ഞകളെയുംകുറിച്ചു നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. ദിവ്യ ഈശോയെ, നിൻെറയും നിൻെറ പ്രിയ മണവാട്ടിയുടെയും യോഗ്യതകളെക്കുറിച്ച് ഞങ്ങളുടെ മുഴുശക്തിയോടും സർവ്വ വശ

ങ്ങളോടുംകൂടെ നിന്നെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി നല്ല നല്ല അനുഗ്രഹങ്ങളും സ്ഥിരമായ പ്രതിജ്ഞയും ഞങ്ങൾക്കു നൽകിയരുളണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ഈശോയെ, എൻെറ ഹൃദയത്തെയും കുത്തി മുറിപ്പെടുത്തണമെ.

---

# അഞ്ചാം ദിവസം

വി. അമ്മത്രേസ്യായുടെ അത്യഗാധമായ എളിമ.

ത്രപീകരണം:— പരി. കുർബാനയുടെ സന്നിധിയിൽ വി. അമ്മത്രേസ്യാ സ്നേഹപരവശയായി നില്ക്കുന്നതു കാണുന്നതായി വിചാരിക്കുക.

അഭ്യർത്ഥന:— പരമാർത്ഥമായ എളിമയിലേക്കു നമ്മെ നയിക്കുന്ന നിന്ദാവമാനങ്ങളെയും ഞെരുക്കങ്ങളെയും സ്നേഹിക്കാൻ വേണ്ട ദൈവാനുഗ്രഹം അപേക്ഷിക്കുക.

## ധ്യാനം

I

ദൈവസ്നേഹശരങ്ങളുടെ ലക്ഷ്യം എളിമയുള്ള ഹൃദയങ്ങളാകുന്നു. ഈ വാസ്തവം ഗ്രഹിച്ചിരുന്നതിനാലത്രെ ദൈവസ്നേഹം സമ്പാദിക്കുന്നതിനുള്ള എളുപ്പമാർഗ്ഗം എളിമപ്പെടുകയാണെന്ന് പാസ്സിയിലെ മറിയം മഗ്ദലേനാ എന്ന വിശുദ്ധ പറഞ്ഞിരുന്നത്. ത്രേസ്യാ പുണ്യവതി എളിമയെന്ന പരമപുണ്യത്തിൻെറ വിളനിലമാണ് എന്നു കണ്ടതിനാൽ ദൈവം വിശുദ്ധയുടെമേൽ തൻെറ അനുഗ്രഹങ്ങളെ ധാരാളമായി വർഷിച്ചു എപ്പോൾ താൻ ദൈവതിരുമുമ്പിൽ തന്നെത്താൻ താഴ്ത്തിയിരുന്നുവോ, അപ്പോളാണ് ഏററം വലിയ നന്മകൾ ദൈവം പ്രദാനം ചെയ്തിരുന്നത് എന്നു പുണ്യവതിതന്നെ സമ്മതിച്ചിരിക്കുന്നു. സർ‌വ്വ

വല്ലഭനായ താൻ നമുക്കു മാതൃകയാകുന്നതിനുവേണ്ടി നമുക്കു ചിന്തിക്കുവാൻ കൂടെയും വഹിയാത്ത മട്ടിൽ തന്നെത്തന്നെ എളിമപ്പെടുത്തി. ആ സ്ഥിതിക്കു ഇതിൽ തന്നെ അനുകരിക്കുന്നവരെ തൻെറ പ്രത്യേക സ്നേഹത്തിനു പാത്രീഭൂതരാക്കിത്തീർക്കുന്നതിൽ വിസ്മയിപ്പാനില്ലല്ലൊ.

എളിമയുടെ ആധിക്യം ഹേതുവാൽ ദിവ്യരക്ഷകൻ വിശുദ്ധയെ തൻെറ സ്നേഹമണവാട്ടിയായി സ്വീകരിച്ചിരുന്നു. എങ്കിലും പുണ്യവതിയുടെ അനുവർത്തനം സാധാരണ പ്രതീക്ഷയ്ക്കു വിപരീതമായിരുന്നു. ദിവ്യരക്ഷകനു തന്നോടുണ്ടായിരുന്ന അതിററ പക്ഷം യഥാർത്ഥത്തിൽ ഗ്രഹിച്ചിരുന്നിട്ടും ആ ദിവ്യനാഥൻെറ മുമ്പാകെ താൻ നന്ദിഹീനയാണെന്നാണ് അവൾ വിചാരിച്ചിരുന്നതു്. മനുഷ്യരുടെ വചനങ്ങളൊ, തനിക്കു നിരന്തരം ലഭിച്ചുകൊണ്ടിരുന്ന ദൈവദാനങ്ങളൊ ഒന്നും അവളിൽ അഹങ്കാരത്തിൻെറയോ, അഭിമാനത്തിൻെറയൊ ലേശംപോലും ഉളവാക്കുവാൻ പര്യാപ്തമായിരുന്നില്ല. ദിവ്യരക്ഷകൻെറ ഏററം എളിയ ഒരു ദാസിയായി മാത്രം തന്നെത്തന്നെ കരുതിയിരുന്നതേ ഉള്ളൂ അവൾക്ക് ഇടയ്ക്കിടെ ഉണ്ടായ കാഴ്ചകൾ കേവലം മായയൊ, വിഭ്രാന്തിയൊ അല്ലെന്നുള്ള യാഥാർത്ഥ്യം അവൾക്കു ദിവ്യരക്ഷകൻ തന്നെ വെളിപ്പെടുത്തി കൊടുത്തിരുന്നതിനാൽ അവയെപ്പററി തെല്ലും സംശയിക്കേണ്ടതില്ലായിരുന്നു. എങ്കിലും പുണ്യവതിയുടെ എളിമയുടെ ആധിക്യം നിമിത്തം, താദൃശമായ ഒരനുഗ്രഹത്തിനു താൻ ഒരു വിധത്തിലും അർഹയല്ലാത്തതിനാൽ തനിക്കുണ്ടായിട്ടുള്ള അത്ഭുത കാഴ്ചകൾ യഥാർത്ഥത്തിൽ ദൈവാരൂപിയുടെ പ്രവർത്തനം തന്നെയാണൊ എന്നു സദാ ബലമായി ശങ്കിച്ചിരുന്നു. ദൈവത്തിലുള്ള വിശ്വാസക്കുറവു കൊണ്ടല്ല, പിന്നെയൊ തൻെറതന്നെ യോഗ്യതയെപ്പററി ഉണ്ടായിരുന്ന സംശയമാണ് ഈ ആശങ്കയ്ക്കു ഇടയാക്കിയതെന്ന് പറയേണ്ടതില്ലല്ലൊ.

ബൂർഗോസിൽ ഒരു കന്യകാശ്രമം സ്ഥാപിക്കുവാനായി അമ്മത്രേസ്യാ അങ്ങോട്ടു യാത്ര ചെയ്യുകയിൽ അവൾ സാക്ഷാൽ ഒരു വിശുദ്ധയാണെന്നു കൂടെ ഉണ്ടായിരുന്ന സന്യാസി പറഞ്ഞു. ഇതു കേട്ടപ്പോൾ പുണ്യവതി ഇങ്ങനെ മറുപടി നൽകി. "എൻെറ ഈ ജീവിതകാലത്തു് മൂന്നു കാര്യങ്ങൾ ജനങ്ങൾ എന്നെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. എൻെറ ചെറുപ്പത്തിൽ, ഞാൻ നല്ല

സ്വഭാവഗുണമുള്ള ഒരു ബാലികയാണെന്നും, പിൽക്കാലത്തു ഞാൻ വളരെ വിവേകവതിയായ ഒരു യുവതിയാണെന്നും, ഇപ്പോൾ ഞാൻ ഒരു വിശുദ്ധയാണെന്നും. ഇതാണ് ആ മൂന്നു കാര്യങ്ങൾ. ഇതിൽ ആദ്യത്തേതു രണ്ടും ഒരു കാലത്തു ഞാൻ വിശ്വസിച്ചിരുന്നു. എന്നാൽ അതബദ്ധമായിപ്പോയി എന്നു എനിക്കു മനസ്സിലായി. അതിനെപ്പററി ഞാൻ പശ്ചാത്തപിച്ചു പാപസങ്കീർത്തനവും കഴിച്ചിട്ടുണ്ട്. എന്നാൽ ആ മൂന്നാമത്തെ സംഗതി ഞാൻ ഒരിക്കലും വിശ്വസിച്ചിട്ടില്ല. അതു വിശ്വസിക്കാൻ തക്കവണ്ണം അത്രയ്ക്കു മൂഢയല്ല ഞാൻ."

തനിക്കു ദൈവത്തിൽനിന്നും ലഭിച്ചിരുന്ന നിരവധി നന്മകളെപ്പററി പുണ്യവതി പറയുന്നതായതു: "എനിക്കു ലഭ്യമാകുന്ന നന്മകൾ അറിയപ്പെടുന്നതിൽ ആദ്യകാലത്തു എനിക്കു പരിഭ്രമമായിരുന്നു. എന്നാൽ, ഇത്രയേറെ നന്മകൾ എല്ലാം പ്രാപിച്ചിട്ടും ഞാൻ ഒട്ടുംതന്നെ നന്നായിട്ടില്ലല്ലോ എന്നോർത്തു ഞാൻ എന്നെത്തന്നെ കുററപ്പെടുത്തുകയും, ഞാൻ ദുഃഖിക്കുകയും അകലപ്പെടുകയും ചെയ്യുന്നു. എന്നോളം ദുഷിച്ച മറെറാരാൾ ഈ ലോകത്തിലില്ലെന്നു തന്നെ ഞാൻ വിചാരിക്കുന്നു." വേറൊരവസരത്തിൽ അവൾ ഇങ്ങനെയും പറയുകയുണ്ടായി: "ഞാൻ നന്മ പ്രാപിക്കുക മാത്രം ചെയ്യുന്നു. അതിൽനിന്നും ഒരു ഫലവും എടുക്കുന്നില്ല. മററുള്ളവരെല്ലാം അവയെ ഫലപ്പെടുത്തുമ്പോൾ ഞാൻ മാത്രം ഒന്നിനും കൊള്ളാത്തവളായി കഴിച്ചുകൂട്ടുന്നു."

പുണ്യവതിയുടെ കീർത്തിയേയും, അവൾക്കു ദൈവത്തിൽനിന്നും സിദ്ധിച്ചിരുന്ന അനുഗ്രഹങ്ങളേയുംപററി ധാരാളം ഗ്രഹിച്ചിരുന്ന ശുദ്ധ മനസ്സനായ ഒരാൾ അഹങ്കാരത്തിനു വിധേയയാകാതെ സൂക്ഷിച്ചുകൊള്ളണമേ എന്നു ഒരിക്കൽ നമ്മുടെ വിശുദ്ധയോടുപദേശിച്ചു. ഇതു കേട്ടപ്പോൾ വിശുദ്ധയ്ക്കുണ്ടായ ആശ്ചര്യത്തിനു അതിരില്ലായിരുന്നു. ഈ ഉപദേശത്തിനുള്ള അടിസ്ഥാനം എന്താണെന്നറിയാതെ അവൾ കുഴങ്ങി. അവനവനിലുള്ള അല്പഗുണത്തെപ്പററിക്കൂടെയും അതിരു കടന്ന ഭാവം പ്രകടിപ്പിക്കുക മനുഷ്യസഹജമാണ്. പക്ഷെ, തന്നിലുണ്ടായിരുന്ന ഒരു നന്മയും പുണ്യവതിയുടെ ദൃഷ്ടിയിൽ അതിൻെറ യഥാർത്ഥ നിലയിൽപോലും പ്രത്യക്ഷപ്പെട്ടിരുന്നില്ല. അങ്ങനെയുള്ള ഒരാൾ എങ്ങനെ എന്തു വിചാരിച്ചഹങ്കരിക്കുവാനാണ്. അതിനാൽ ഈ ഉപദേശം കേട്ട ഉടനെ അവൾ ഇങ്ങനെ മറു

പടി നൽകി. "അഹങ്കാരമോ? എന്തുകൊണ്ടാണ് ഞാൻ അഹങ്കരിക്കുന്നതു്? എൻെറ യഥാർത്ഥ നിലയെപ്പററി ചിന്തിക്കുമ്പോൾ നിരാശയിൽ ഉൾപ്പെടാതിരിക്കാൻ ഞാൻ വളരെ പണിപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്." ഇതു് എത്രയും ആത്മാർത്ഥമായ ഒരു പ്രസ്താവന തന്നെയായിരുന്നു.

ദൈവത്തിൻെറ മഹത്വവും ദൈവത്തിനു തൻെറ നേരെ ഉണ്ടായിരുന്ന സ്നേഹത്തിൻെറ ആധിക്യവും അവയുടെ യഥാർത്ഥ നിലയിൽ ഗ്രഹിക്കുവാനുള്ള വരം അമ്മത്രേസ്യാപുണ്യവതിക്കു സിദ്ധിച്ചിരുന്നതിനാൽ കേവലം നിസ്സാരമായ തെററുകൾ തന്നെയും വലിയ പാതകങ്ങൾപോലെയാണ് അവൾക്കു തോന്നിയിരുന്നതു്. തന്നിമിത്തം "കർത്താവെ, നിൻെറ അനുഗ്രഹവർഷത്തെ കുറയ്ക്കണമെ, എൻെറ കൃതഘ്നതകളെ എല്ലാം ഇത്ര ക്ഷണത്തിൽ എങ്ങിനെയാണ് അങ്ങു വിസ്മരിച്ചു കളയുന്നതു്?" എന്നു് മനംചുട്ടു നിലവിളിച്ചിരുന്നു. ആത്മീയ ഗുരുവിൻെറ ആവശ്യാനുസരണം തൻെറ ജീവചരിത്രം രേഖപ്പെടുത്തുകയിൽ, "എന്നിൽ ഏതോ ഗുണവശങ്ങളെല്ലാം ഉള്ളതായി വിശ്വസിക്കുന്നവരുടെ തെററിദ്ധാരണ നീക്കി യഥാർത്ഥം വെളിപ്പെടുത്തുവാനായി അങ്ങു് എൻെറ പാപങ്ങളെ പരസ്യപ്പെടുത്തേണമെ" എന്നു് അവൾ അദ്ദേഹത്തോടു് അപേക്ഷിച്ചിരുന്നു. ഈ വിഷയത്തിൽ മററുള്ളവർ തന്നെ അവിശ്വസിക്കുന്നതായി കണ്ടപ്പോളെല്ലാം പുണ്യവതി തൻെറ സ്നേഹമണവാളനെത്തന്നെ ആശ്രയിച്ചിരുന്നു. "കർത്താവെ, ഇവരെന്നെ അവിശ്വസിക്കുന്നതെന്തുകൊണ്ടാണ്? അങ്ങുതന്നെ ഇക്കാര്യത്തിൽ വേണ്ടതു ചെയ്യുമല്ലോ. എന്നെ സംബന്ധിച്ചിടത്തോളം ഇതിൽ കൂടുതലായി ഞാൻ എന്താണു ചെയ്യേണ്ടതെന്നു എനിക്കു നിശ്ചയമില്ല" എന്നു് ദിവ്യരക്ഷകനോടു് അവൾ സങ്കടം ബോധിപ്പിച്ചിരുന്നു.

തൻെറ ഗുണഭാഗങ്ങളെപ്പററി അന്യർ കീർത്തിക്കുന്നതും ദൈവത്തിൽനിന്നു പലപ്പോഴും ലഭിച്ചുകൊണ്ടിരുന്ന അനുഗ്രഹങ്ങളെപ്പററി അന്യർ ഗ്രഹിക്കാനിടയാകുന്നതും പുണ്യവതിക്കു മർമ്മഭേദകമായിരുന്നു. തന്നെപ്പററിയുള്ള സ്തുതിഗീതങ്ങൾ കേൾക്കുവാൻ ഇടയാകുന്നതിനെക്കാൾ മരിക്കുന്നതാണ് നല്ലതെന്നു വിശുദ്ധ പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ ഈദൃശങ്ങളായ ബഹുതികൾക്കു് താൻ അർഹയല്ലെന്നും ഒരിക്കലും അർഹയാകുന്ന

തല്ലെന്നുമായിരുന്നു അവളുടെ ദൃഢമായ വിശ്വാസം. മറിച്ച് വിശ്വസിക്കുന്നതിനു തൻെറ എളിമ അവളെ അനുവദിച്ചിരുന്നു മില്ല. ഈ ധമ്മസങ്കടത്തിൽ വിശുദ്ധയെ സമാശ്വസിപ്പിക്കു വാൻ ദൈവം തിരുമനസ്സായി. ഒരിക്കൽ ദിവ്യരക്ഷകൻ പ്രത്യക്ഷനായി "ത്രേസ്യായെ, എന്തിനെക്കുറിച്ചാണ് നീ ഭയപ്പെടുന്നതു്? ഞാൻ നിന്നിൽ ചൊരിയുന്ന അനുഗ്രഹവഷം എത്രമാത്രമെന്നു അന്യർ വേണ്ടവിധം ഗ്രഹിക്കുന്നുവെങ്കിൽ അവർ എന്നെ സ്തുതിക്കുന്നതിനും, നിന്നെ കുററപ്പെടുത്തുന്നതിനും മാത്രമേ ഇടയാവുകയുള്ളു എന്നു നീ ധരിക്കുക" എന്ന് അരുളിച്ചെയ്തു. ദിവ്യരക്ഷകൻെറ ഈ സാന്ത്വനവചനം പുണ്യവതിക്കു അവർണ്ണനീയമായ അശ്വാസത്തെ പ്രദാനം ചെയ്തു.

അവനവനെപ്പററി അഭിമാനം വിചാരിക്കാത്തവരായി പലരുമുണ്ടായിരിക്കാം. തങ്ങളുടെ സുകൃതങ്ങളെ മനഃപൂവ്വം അന്യരുടെ ദൃഷ്ടിയിൽനിന്നു മറച്ചുവയ്ക്കുന്നവരും അത്ര അപൂവ്വമല്ലെന്നു സമ്മതിക്കാം. പക്ഷെ ഇക്കൂട്ടരിൽ പലരും തങ്ങളുടെ കുററംകുറവുകളെ പരസ്യമാക്കുന്നതിനെ സഹിക്കയൊ ക്ഷമിക്കയൊ ചെയ്യുക അത്ര സാധാരണമല്ല. ത്രേസ്യാപുണ്യവതിയുടെ സ്വഭാവഗതിയാകട്ടെ ഈമാതിരി അല്ലായിരുന്നു. തന്നെ ദേഷിച്ചും നിന്ദിച്ചും കാണുന്നതിലായിരുന്നു പുണ്യവതിക്കു കൂടുതലാനന്ദം. തൻെറ പോരായ്മകൾ ലോകദൃഷ്ടിയിൽ പ്രസിദ്ധീകരിച്ചു പ്രത്യക്ഷപ്പെടുത്തി കാണുവാൻ അവൾ അനുസ്യൂതം അഭിലഷിച്ചിരുന്നു. തൻെറ പോരായ്മകളെപ്പററി പ്രകീത്തിച്ചു കേൾക്കുന്നതു് കണ്ണാനന്ദകരമായ സംഗീതത്തിനു തുല്യമായി കരുതി അതിൽ അവൾ സന്തോഷിച്ചിരുന്നു. അവമാനവും ദേഷവും ഈ വിശുദ്ധയെ സംബന്ധിച്ചിടത്തോളം നിത്യാനുഭവങ്ങളായിരുന്നു എന്നു വേണം പറയുവാൻ. അവമാനത്തെ കാംക്ഷിക്കുന്ന പുണ്യവതിയെപ്പോലെ ഉള്ളവരുണ്ടോ ലോകാപവാദത്തെയൊ ലോകരുടെ വിദ്വേഷത്തെയൊ ഭയപ്പെടുക? ശാരീരികവും മാനസികവും ആയ പീഡകൾ നിത്യം ഉണ്ടായിക്കൊണ്ടിരുന്നിട്ടും അവൾ ഭഗ്നാശയാകാതെ തൻെറ ഉദ്യമങ്ങൾ തുടന്നതിൻെറ രഹസ്യവും ഇനി മററെങ്ങും തേടേണ്ടതില്ലല്ലൊ.

## II

പുതിയ ആശ്രമസ്ഥാപനോദ്യമങ്ങൾക്കിടയിൽ നിരവധി അവഹേളനങ്ങളും നിന്ദനങ്ങളും പുണ്യവതി അനുഭവിച്ചിട്ടു

ണ്ടു്. അനേകംപേർ പരസ്യമായി, അവൾ ഒരു വഞ്ചകിയാണെന്നും സ്വാതന്ത്ര്യപ്രിയയായ ഒരു നാടോടിയാണെന്നും പറഞ്ഞിരുന്നു. പ്രസംഗപീഠങ്ങളിൽനിന്നുപോലും ഏവംവിധം ചിലർ ഈ വിശുദ്ധയെ ആക്ഷേപിച്ചിട്ടുണ്ടു്. അവൾ സാക്ഷാൽ സ്വാതന്ത്ര്യപ്രിയയായ ഒരാളാണെന്നു പേപ്പൽ നൺഷ്യോ പോലും ധരിച്ചു വശായി. ഇതു നിമിത്തം കുപിതനായിത്തീർന്ന അദ്ദേഹം നമ്മുടെ വിശുദ്ധ ഒരാശ്രമത്തിൽ ഒരു തടവുകാരിയെപ്പോലെ കഴിച്ചുകൂട്ടണമെന്നു് കശനമായി ആജ്ഞാപിക്കുകകൂടെയും ഉണ്ടായി. അവൾ തെല്ലും ഭഗ്നാശയായില്ല. ദോഷാരോപണം വർദ്ധിക്കുന്തോറും അവളുടെ ആത്മീയാനന്ദം അധികരിക്കുകയാണു ചെയ്തതു്. നൺഷ്യോയുടെ ഉഗ്രകല്പനയെ പുണ്യവതി സസന്തോഷം ശിരസാവഹിച്ചു.

വേറൊരവസരത്തിൽ, അമ്മത്രേസ്യാ മന്ത്രവാദക്കാരിയായ ഒരു സ്ത്രീയാണു് എന്നു പറഞ്ഞു് ഇൻകിസിഷൻ കോടതിയുടെ മുൻപാകെ ഹാജരാക്കപ്പെട്ടു. ഒരു സന്യാസി കോടതി മുമ്പാകെ വച്ചു് വിശുദ്ധയുടെമേൽ ഒട്ടേറെ കുററങ്ങൾ ആരോപിച്ചുകൊണ്ടു് സുദീർഘമായ വാദവുംനടത്തി. ഇതു സശ്രദ്ധം ശ്രവിച്ചശേഷം "ഈ വൈദികൻ എന്നെ ശരിയായി അറിഞ്ഞിരുന്നു എങ്കിൽ ഇതിലുമധികം കുററങ്ങൾ എൻറമേൽ ചുമത്തുമായിരുന്നു" എന്നാണു് വിനയപൂർവ്വം അവൾ മറുപടി നൽകിയതു്. ഹാ! എത്ര അനുകരണീയവും അനിതരമനുഷ്യസാധാരണവുമായ ക്ഷമയാണു് ഇവിടെ നാം കാണുന്നതെന്നു് സഗാഢം ചിന്തിക്കുക. തന്നെ ശിക്ഷിക്കുവാൻ അധികാരമുണ്ടായിരുന്ന ഒരു ന്യായാധിപസംഘത്തിൻെറ മുൻപിൽ വച്ചു് തൻെറമേൽ അന്യായം ആരോപിക്കപ്പെട്ട തെററുകളെ, അല്ല അപവാദങ്ങളെ ഖണ്ഡിച്ചു് സ്വയം നീതീകരിക്കുന്നതിനു പകരം അവയെ സന്തോഷസമന്വിതംസ്വീകരിക്കുന്നു. മാത്രമോ, ഇതിലും വലിയ പാപിയാണു് താൻ എന്നു് ഏററു പറയുകയും ചെയ്യുന്നു.

പുണ്യവതി ആദ്യം സെവീൽപട്ടണത്തിൽ പ്രവേശിച്ചപ്പോൾ ജനങ്ങൾ അവളെ ആക്ഷേപിക്കുവാനും നിന്ദിക്കുവാനും തുടങ്ങി. യഥാർത്ഥത്തിൽ അവൾ ഏവംവിധമായ ഒരു അവഹേളനത്തെ അർഹിച്ചിരുന്നോ? ഒരിക്കലുമില്ല. എന്നാൽ ഈ അവസരത്തിൽ എന്താണു് അവൾ ചെയ്തതു്. "ദൈവത്തിനു സ്തുതി ഉണ്ടായിരിക്കട്ടെ. എന്തെന്നാൽ ഞാൻ യഥാർത്ഥത്തിൽ

എങ്ങനെ ഉള്ളവളാണെന്ന് ഇവിടെ ഉള്ളവർ അറിയുന്നവല്ലോ" എന്നു പറഞ്ഞ് ദൈവത്തിനു സ്തോത്രം ചെയ്യുകയാണ് ചെയ്തത്. വേറൊരിടത്ത് നമ്മുടെ വിശുദ്ധ ഇങ്ങനെയും എഴുതിയിരിക്കുന്നു. "എന്നെപ്പററി ദൂഷിവചനങ്ങൾ പറയുന്നവരോടു എനിക്കു വിരോധമൊന്നും ഇല്ല. പ്രത്യുത അവരോട് എനിക്കുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെയാണ് തോന്നുന്നത്." വി. അമ്മത്രേസ്യായുടെ എളിമയുടെ ആധിക്യത്തെ പ്രസ്പഷ്ടമാക്കുന്ന സംഭവങ്ങൾ ഇനിയും ധാരാളമുണ്ട്.

ബുർഗോസാ ആശ്രമസ്ഥാപനത്തിനായി ഉദ്യമിച്ചുകൊണ്ടിരിക്കകയിൽ വിശുദ്ധ അവിടെയുള്ള ഒരു ഇടവഴിയെ പോകേണ്ടതായി വന്നു. യാത്രാമദ്ധ്യേ ആ ഇടുങ്ങിയ വഴിയിൽവച്ച് ഒരു സ്ത്രീയെ കണ്ടുമുട്ടി. മുൻപോട്ടു കടക്കുന്നതിന് പുണ്യവതി ആ സ്ത്രീയുടെ അനുവാദം ചോദിച്ചു. വിശുദ്ധ ധരിച്ചിരുന്ന ഏററം ദരിദ്രമായ വസ്ത്രങ്ങളും മററും കണ്ടപ്പോൾ ആ സ്ത്രീക്ക് വലിയ പുച്ഛമാണുണ്ടായത്. "കടന്നുപോവുക" എന്നു അവൾ പുച്ഛഭാവത്തിൽ മറുപടി നൽകി. അതനുസരിച്ച് അമ്മത്രേസ്യാം മുൻപോട്ടു കടക്കുകയിൽ മറിഞ്ഞുവീഴത്തക്കവണ്ണം ആ സ്ത്രീ പുണ്യവതിയെ തള്ളി. അനുക്ഷണത്തിൽ വിശുദ്ധ ഒരു ചെളിക്കുണ്ടിൽ നിപതിക്കയും ചെയ്തു. കൂടെയുണ്ടായിരുന്നവർ ഈ അഹങ്കാരകൃത്യം കണ്ട് ആ സ്ത്രീയെ ശകാരിക്കുവാൻ ഉദ്യുക്തരായി. പക്ഷെ പുണ്യവതി അവരെ തടഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു: "വാത്സല്യമക്കളെ, സമാധാനമായിരിക്കുക. ആ സ്ത്രീ യഥാർത്ഥത്തിൽ ചെയ്യേണ്ടതു ചെയ്തു എന്നേ പറയാനുള്ളു. അതിനാൽ, സമാധാനമായിരിക്കുക."

വേറൊരവസരത്തിൽ പുണ്യവതി ഒരു ദേവാലയത്തിൽ മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കയിൽ കുറെപ്പേർ ദേവാലയത്തിനുള്ളിൽനിന്നും പുറത്തേക്കിറങ്ങുവാനായി എണീററു. അവർ കടന്നുപോവുകയിൽ പ്രാർത്ഥനയിൽ നിരതയായി നിന്ന സ്ഥലത്തു തന്നെ നിന്നിരുന്ന നമ്മുടെ വിശുദ്ധയ്ക്കു അവരിൽ ഒരുവൻ കാൽകൊണ്ട് ഒരു ചവിട്ടുകൊടുത്തു. ഒരു ഭാവഭേദവും കൂടാതെ, ചവിട്ടിയതറിഞ്ഞ ഭാവമേ കാണിക്കാതെ അവൾ അവിടെനിന്നും മാറിക്കൊടുത്തു. മറെറാരിക്കൽ ഒരു സ്ത്രീയുടെ ഒരു ചെരിപ്പ് കാണാതെ പോയി. അത് വി. അമ്മത്രേസ്യാ തട്ടിയെടുത്തുകളഞ്ഞതാണെന്നുള്ള വിശ്വാസത്തോടെ ഔദ്ധത്യപൂർവ്വം

മററെ ചെരിപ്പുകൊണ്ടു പുണ്യവതിയുടെ കന്നത്തു് അവൾ ഒരടി കൊടുത്തു. ഇതൊക്കെയും നമ്മുടെ വിശുദ്ധ അത്ഭുതാവഹമായ ക്ഷമയോടെ സഹിച്ചു. സാധാരണ മനുഷ്യർക്ക് വലിയ ബഹുമതികൾ എങ്ങനെയോ, അതേനിലയിലാണ് ദ്വേഷവും നിന്ദയും ത്രേസ്യാപുണ്യവതി സ്വീകരിച്ചുസഹിച്ചിരുന്നതു് എന്നു് അതിശയോക്തിലേശമെന്യെ പറയാം. ആരു് തന്നെ അധികം നിന്ദിക്കയും ദ്വേഷിക്കയും ചെയ്തിരുന്നുവോ അവരെ അവൾ ഏററം ആത്മാർത്ഥമായി സ്നേഹിച്ചിരുന്നുവെന്ന് അവളെ വിശുദ്ധയെന്ന് നാമകരണം ചെയ്യുന്നതിന് വേണ്ട അന്വേഷണങ്ങൾ നടത്തി തെളിവുകൾ ശേഖരിച്ചിരുന്ന സംഘം സമർത്ഥിച്ചിരിക്കുന്നു. ചുരുക്കത്തിൽ, ത്രേസ്യാപുണ്യവതിയുടെ പ്രീതി സമ്പാദിക്കുന്നതിന്നു് അവളെ കക്കശതരമായ വിധത്തിൽ ദൂഷിക്കയും നിന്ദിക്കയും ചെയ്താൽ മതി എന്നു പൊതുവെ പറയത്തക്കവണ്ണം അവൾ നിന്ദാവമാനങ്ങളെ അത്ര കണ്ടു സ്നേഹിച്ചിരുന്നു.

## III

എളിമപ്പെടണമെന്ന് ആഗ്രഹിക്കാത്തവർ ആരുമില്ല. പക്ഷെ, സ്വയം എളിപ്പെടുത്തുന്നവർ വളരെ ചുരുക്കമാണു്. പരിശുദ്ധ ദൈവജനനിയുടെ പ്രേരണയാൽ വി. ഇഗ്നാസ്യോസ് ലെയോളാ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി വന്ന് പാസിയിലെ മറിയം മഗ്ദലേന പുണ്യവതിക്കു നൽകിയ ഉപദേശം ഇവിടെ സർവ്വഥാ സ്മരണീയമത്രെ. അദ്ദേഹം പറയുന്നു: "നമ്മെത്തന്നെ നിന്ദിക്കുവാൻ ഇടയാക്കുന്ന എന്തിലും നമുക്കുണ്ടാകുന്ന സന്തോഷമാണു് എളിമ." അതേ, നമുക്കുള്ളതിൽ കൂടുതലായി ഒന്നും ഉണ്ടെന്നഭിമാനിക്കരുതു്. അന്യന്മാർ അങ്ങനെ വിചാരിക്കണമെന്നു് ആഗ്രഹിക്കുകയും ചെയ്യരുതു്. ഇതത്രെ യഥാർത്ഥമായ എളിമ. ദിവ്യരക്ഷകൻ നമ്മെ പഠിപ്പിക്കുന്നതും ഇതുതന്നെ ആകുന്നു. എളിമയോടുകൂടി ജീവിക്കുവാൻ നമ്മെ സഹായിക്കുന്ന ഏതാനും ചില പ്രമാണങ്ങൾ ത്രേസ്യാപുണ്യവതി നമ്മുടെ പഠനത്തിന്നായി നൽകുന്നുണ്ടു്.

1. തന്നോടുതന്നെയുള്ള സ്നേഹത്തെ പുലർത്തുവാൻ ഇടയാക്കുന്ന സകലത്തും പ്രവൃത്തിയായാലും സംസാരമായാലും കഴിയുന്നത്ര ഉപേക്ഷിക്കുക. തക്കതായ ഉപകാരം ഉണ്ടെങ്കിലല്ലാതെ അങ്ങനെയുള്ളതിലൊന്നും ഏർപ്പെടരുതു്. ഉപവിയെ കുറിച്ചോ

അഥവാ അധികാരികളുടെ ആജ്ഞ ഉണ്ടായിട്ടോ അല്ലാതെ ഇമ്മാതിരി കാര്യങ്ങളിൽ മുന്നിട്ടു നില്ക്കാതിരിക്കുക.

2. ഒഴിച്ചുവെക്കാൻ പാടില്ലാത്ത കാരണങ്ങൾ ഉണ്ടായാലല്ലാതെ നമ്മുടെ ആന്തരികഭക്തി പുറത്തു പ്രകടിപ്പിക്കരുത്. അതുപോലെതന്നെ ഇല്ലാത്ത ഭക്തി ഉണ്ടെന്നു അഭിനയിക്കുകയും വേണ്ട.

3. നമ്മെപ്പററി ആരെങ്കിലും അപവാദങ്ങൾ പരത്തുകയൊ, നമ്മെ ആരെങ്കിലും ആക്ഷേപിക്കുകയൊ, നിന്ദിക്കുകയൊ ചെയ്താൽ അതിൽ സന്തോഷിക്കയല്ലാതെ സ്വയം നീതീകരിക്കുവാൻ ശ്രമിക്കേണ്ട. തക്കതായ നന്മകൾ എന്തെങ്കിലും സിദ്ധിക്കുവാനുണ്ടായിരുന്നാൽ മാത്രം നീതീകരണത്തിനുദ്യമിച്ചാൽ മതി.

4. കുരിശിൻെറ വി. യോഹന്നാനെ അനുകരിച്ച് ദൈവസ്നേഹത്തെപ്രതി നിരന്തരം ആക്ഷേപിക്കപ്പെടുവാൻ ഇടയാകുന്നതിനുള്ള ദൈവസഹായം അനുസ്യൂതം പ്രാർത്ഥിക്കുക.

5. ആശാപാശങ്ങളെയും ശരീരത്തിൻെറ അധമാംശങ്ങളെയും തൃപ്തിപ്പെടുത്തുവാൻ ആഗ്രഹിക്കരുത്. ദൈവസ്നേഹത്തിനു വേണ്ടിമാത്രം എന്തും പ്രവർത്തിക്കുക. ഇതിലേക്കായി പ്രാർത്ഥനാവേളകളിൽ ദൈവസ്നേഹത്തെപ്രതി എത്ര വലിയ ആക്ഷേപങ്ങളും സഹിക്കുവാനുള്ള സന്നദ്ധത പ്രകടിപ്പിക്കുക. അതു പ്രായോഗികമാക്കുന്നതിനുള്ള അവസരങ്ങൾ നേരിടുമ്പോൾ വേണ്ട ധൈര്യവും സന്നദ്ധതയും നൽകുവാൻ ഈശോമിശിഹായോടു ഹൃദയംഗമമായി പ്രാർത്ഥിക്കുക.

അമ്മത്രേസ്യായെ എളിമയുടെ വിളനിലമാക്കിത്തീർത്ത ഗുണവിശേഷങ്ങൾ ഇവയല്ലാതെ മറെറാന്നുമായിരുന്നില്ല. അതിനാൽ ഈ പുണ്യവതിയിൽനിന്നും ഈ വിശിഷ്ടഗുണങ്ങൾ കണ്ടു പഠിച്ച് അനുകരിക്കുവാൻ ശ്രമിക്കുക.

സംഭാഷണം:– എത്രയും പ്രിയംനിറഞ്ഞ ഈശോയെ, നിൻെറ വാത്സല്യപുത്രിയായ ത്രേസ്യാപുണ്യവതിക്കു യഥാർത്ഥമായ എളിമയുടെ അമൂല്യദാനം നീ നൽകിയതിനെക്കുറിച്ച് നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിൻെറയും, ഏററം വിനീതയായ നിൻെറ ഈ പ്രിയ മണവാട്ടിയുടെയും യോഗ്യതകളെക്കുറിച്ച് പരമാർത്ഥമായ എളിമ ഞങ്ങൾക്ക് നീ തന്ന

രുളണമെ. ഇതു വഴിയായി, ഞങ്ങൾ ഞെരുക്കങ്ങളിൽ സന്തോഷിക്കുന്നതിനും നിന്ദാവമാനങ്ങളെ സ്നേഹിക്കുന്നതിനും ഞങ്ങൾക്കു നീ കൃപചെയ്യേണമെ.

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ഈശോയെ, എൻെറ ഹൃദയത്തെയും കുത്തിമുറിപ്പെടുത്തണമെ.

---

# ആറാം ദിവസം

### വി. അമ്മത്രേസ്യായ്ക്കു പരി. ദൈവമാതാവിനോടും മാർ യൌസേപ്പു പുണ്യപിതാവിനോടും ഉണ്ടായിരുന്ന അപാരമായ ഭക്തി

രൂപീകരണം:-- വി. അമ്മത്രേസ്യാ ദേവമാതാവിൻെറ ഒരു പീഠത്തിൻമുമ്പാകെ ചെന്നു മരിച്ച തൻെറ അമ്മയുടെ സ്ഥാനത്തു അനാഥയായ തനിക്കു അമ്മയായിരിക്കണമെന്നും, തന്നെ മകളായി സ്വീകരിക്കണമെന്നും ശിശു നിഷ്കപടതയോടെ പ്രാൎത്ഥിച്ചുകൊണ്ടു നില്ക്കുന്നതു കാണുന്നതായി വിചാരിക്കുക.

അഭ്യൎത്ഥന:- ദേവമാതാവിനെയും മാർ യൌസേപ്പു പിതാവിനെയും വി. അമ്മത്രേസ്യായെ അനുകരിച്ചു ആത്മാൎത്ഥമായി സ്നേഹിക്കാൻവേണ്ട ദൈവാനുഗ്രഹം പ്രാൎത്ഥിക്കുക.

## ധ്യാനം

### I

ദൈവസ്നേഹം വിശേഷമായ ഒരു പാത്രത്തിൽ ഒഴിച്ചു സൂക്ഷിച്ചിരിക്കുന്ന ഒരു മധുരപാനീയമെന്നോണം ഇരിക്കുന്നതായി പാസിയിലെ മറിയം മഗ്ദലേന എന്ന വിശുദ്ധ ഒരു ദൎശനത്തിൽ കാണുകയുണ്ടായി. ഈ പാനീയം പരി. കന്യകയത്രെ ഓരോരുത്തൎക്കും പകൎന്നു് കൊടുത്തുകൊണ്ടിരിക്കുന്നതു്. സകല വിധ

ദൈവാനുഗ്രഹങ്ങളും വിശിഷ്യ ദൈവസ്നേഹം എന്ന അമൂല്യ ദാനവും ഈ കന്യക വഴിയായിട്ടാണ് വിശ്വാസികൾക്ക ദൈവം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നത്.

നമ്മുടെ വിശുദ്ധ ഈ യാഥാർത്ഥ്യം ആദിമുതലേ യഥാ യോഗ്യം ഗ്രഹിച്ചിരുന്നു. തനിക്ക സുലഭമായി ലഭിച്ചിരുന്ന ദൈവ സ്നേഹവും മററു വരങ്ങളും ഈ അമ്മ വഴിയായിട്ടാണ ലബ്ധമായ തെന്ന് അവൾ അറിഞ്ഞിരുന്നു. ഇതിലുള്ള കൃതജ്ഞതാസൂചക മായി ത്രേസ്യാപുണ്യവതി ദൈവജനനിയെ തൻെറ സർവ്വശക്തി യോടുംകൂടി സേവിച്ചിരുന്നു എന്നു ചുരുക്കത്തിൽ പറയാം. ശൈ ശവപ്രായം മുതൽ വിജനസ്ഥലങ്ങളിൽ പോയിരുന്ന് ജപമാല തുടങ്ങിയ ഭക്തികൃത്യങ്ങൾ വഴിയായി ഈ അമ്മയെ സ്തുതിക്കുന്ന തിനും ബഹുമാനിക്കുന്നതിനും അത്യധികമായ ആസക്തി പ്രദ ർശിപ്പിച്ചുപോന്നു. സന്യാസിനിയായി ആശ്രമസ്ഥാപനസംബന്ധ മായ കൃത്യാന്തരബാഹുല്യങ്ങളിൽ ഏർപ്പെട്ടിരുന്നപ്പോഴും ഈ ഭക്തികൃത്യം നിർവ്വഹിക്കുന്നതിൽ അവൾ തെല്ലും അമാന്തം വ രുത്തിയിരുന്നില്ല. തൻെറ വാത്സല്യമാതാവിൻെറ മരണത്തോടു കൂടി ത്രേസ്യാ തന്നെത്തന്നെ ഈ സ്വർഗ്ഗരാജ്ഞിക്ക് സംപൂർണ്ണ മായും സമർപ്പിച്ചു. മേലിൽ പരിശുദ്ധ ദൈവജനനി മാത്രം ത ൻെറ അമ്മയായിരിക്കുന്നതാണെന്ന് അതിയായ സ്നേഹത്തോടും ശരണത്തോടുംകൂടി ദൃഢപ്രതിജ്ഞ ചെയ്തു. ഈ പ്രതിജ്ഞയെ പുണ്യവതി ആജീവനാന്തം പാലിക്കുകയും ചെയ്തു. തൻെറ സകല ആവശ്യനേരങ്ങളിലും ദുഃഖങ്ങളും ദുരിതങ്ങളും, അരി ഷ്ടതകളും കഷ്ടപ്പാടുകളും നേരിട്ടിരുന്നപ്പോഴും ഒരു പുത്രിക്കുട്ടത്ത വിശ്വാസത്തോടും ശരണത്തോടുംകൂടി അവൾ ഈ അമ്മയെ ശരണം പ്രാപിച്ചിരുന്നു. അവളുടെ സകല പ്രവൃത്തികളുടെയും പരമമായ ഒരു ലാക്ക് ദൈവമാതൃസ്തുതിയായിരുന്നു. കർമ്മ ലീത്താസഭയെ നവീകരിച്ചതിൻെറ ഉദ്ദേശ്യംതന്നെയും ഇത ല്ലാതെ മററൊന്നുമായിരുന്നില്ല. ദൈവജനനിയുടെ പതാകയിൻ കീഴിൽ നിന്നുകൊണ്ട് ആ അമ്മയുടെ പ്രത്യേക സഹായത്തോടു കൂടി ദൈവസ്തുതിക്കും ദേവമാതാവിൻെറ ബഹുമാനത്തിനുമായി സമരം നടത്തുകയെന്നുള്ളതാണല്ലൊ പ്രസ്തുത സഭയുടെ പ്രധാ നോദ്ദേശ്യവും.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകമറിയമാകട്ടെ തന്നെ സ്നേഹിക്കുന്ന തൻെറ മക്കളെയും മാതൃസഹജമായ പക്ഷത്തോ

ടെ വീക്ഷിച്ചനുഗ്രഹിക്കുന്നു. സ്നേഹത്തിനു പ്രതിസ്നേഹം പ്രകടിപ്പിക്കാതെ ഈ അമ്മയുടെ ഹൃദയം തൃപ്തിപ്പെടുന്നില്ല. വേദസാക്ഷിയായ വി. ഇഗ്നാസിയോസ് പറയുന്നതുപോലെ "പരി. കന്യകമറിയത്തെ ഒരു ആത്മാവ് സ്നേഹിക്കുന്നതിനെക്കാൾ വളരെ കൂടുതലായി പരിശുദ്ധ കന്യകമറിയം ആ ആത്മാവിനെ സ്നേഹിക്കുന്നു. സ്നേഹത്തിൻെറ ഈ പോരാട്ടത്തിൽ തന്നെ ജയിക്കുവാൻ തൻെറ മക്കളെ ഈ അമ്മ അനുവദിക്കുന്നതല്ല" വി. അമ്മത്രേസ്യാ എത്ര ഹൃദയംഗമമായി തന്നെ സ്നേഹിച്ചിരുന്നു എന്ന് ദൈവജനനി യഥാർത്ഥത്തിൽ ഗ്രഹിച്ചിരുന്നു. നിരവധി നന്മകളെ പ്രദാനം ചെയ്തുകൊണ്ട് ദൈവജനനി ഈ വിശുദ്ധയുടെ നേരെ തനിക്കുണ്ടായിരുന്ന സ്നേഹവാത്സല്യാദികളെ പ്രസ്പഷ്ടമാക്കുകയും ചെയ്തു. വിശുദ്ധ ഒരിക്കൽ തൻെറ സ്നേഹമണവാളനെപ്പററി ധ്യാനിച്ചുകൊണ്ടിരിക്കുകയിൽ ദൈവജനനി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന് അത്ഭുതകരവും വിലമതിയാത്തതും ആയ ഒരു വസ്ത്രം അവളെ ധരിപ്പിച്ചുകൊണ്ട് തൻെറ പക്ഷത്തെ തെളിയിച്ചു. മാത്രമല്ല പുണ്യവതിയുടെ അന്ത്യനേരത്ത് അവളുടെ വിമലാത്മാവിനെ തൻെറ തൃക്കരങ്ങളിൽ സ്വീകരിക്കുവാനായി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്നു മരണശയ്യയുടെ അടുത്തു സ്ഥാനം പിടിച്ചു. പ. കന്യകയ്ക്കു ഈ വിമലാത്മാവിനോടുണ്ടായിരുന്ന നിസ്സീമമായ സ്നേഹം എങ്ങനെയാണ് ഇതിൽ കൂടുതലായി പ്രകടിപ്പിക്കുക.

ദൈവജനനിയുടെ സ്നേഹമണവാളനായ വി യൗസേപ്പിനോടും അമ്മത്രേസ്യാ ശൈശവം മുതൽക്കേ അതിമാത്രമായ ഭക്തി പ്രദർശിപ്പിച്ചുപോന്നു. യൗസേപ്പുപിതാവിൻെറ നേരെയുള്ള ഭക്തിക്കു അടിസ്ഥാനമിട്ടതുതന്നെ അമ്മത്രേസ്യാ ആണെന്നു പറയാം. തൻെറ പിതാവും ഗുരുവുമായി സ്നേഹിച്ചു വണങ്ങിയിരുന്ന ഈ വിശുദ്ധൻെറ സഹായം അർത്ഥിക്കാതെ പുണ്യവതി ഒരു കാര്യത്തിലും ഏർപ്പെടുക പതിവില്ലായിരുന്നു. അവൾ ആയുഷ്കാലത്ത് മുപ്പതിൽവരം ആശ്രമങ്ങൾ സ്വപ്രയത്നംകൊണ്ടുതന്നെ സ്ഥാപിച്ചു എങ്കിലും അവയിൽ ഒരൊററ ആശ്രമംപോലും ഈ വിശുദ്ധൻെറ അല്ലാതെ മററാരുടേയും നാമധേയത്തിൽ സ്ഥാപിച്ചിട്ടില്ല അവളുടെ മരണാനന്തരം അവളെ വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെടുത്തിക്കഴിഞ്ഞപ്പോൾ കർമ്മലീത്താസഭക്കാർ അവയിൽ ഒരാശ്രമത്തിനു വി. ത്രേസ്യായുടെ നാമധേയം നൽകി.

പക്ഷെ, നമ്മുടെ വിശുദ്ധ ഇതു സഹിച്ചില്ല. അവൾ അവില ആശ്രമത്തിലെ വി. ഡൊമിനിക്കിന്റെ ഇസബെല്ല എന്ന കന്യാസ്ത്രീക്കു കാണപ്പെട്ടു്, തന്റെ പേരു മാററി ആശ്രമത്തിനു യൗസേപ്പുപിതാവിന്റെ നാമധേയംതന്നെ നൽകണമെന്നു ആവശ്യപ്പെട്ടു. തന്റെ ബഹുമാനത്തെക്കാൾ യൗസേപ്പുപിതാവിന്റെ ബഹുമാനമാണു് താൻ മുഖ്യമായി കരുതുന്നതെന്നും അവൾ പ്രസ്തുത കന്യാസ്ത്രീയെ അറിയിച്ചു. മരണാനന്തരം ഈ വിഷയത്തിൽ ഇത്ര ഔൽസുക്യം പ്രദർശിപ്പിച്ച പുണ്യവതി ആയുഷ്ക്കാലത്തിൽ യൗസേപ്പുപിതാവിന്റെ, എത്ര വലിയ ഒരു ഭക്തയായിരുന്നു എന്നു് ഊഹിച്ചറിയുകതന്നെയാണു് ഉത്തമം.

തന്നെപ്പററി ജനങ്ങൾക്കു് അതിരുകടന്ന ബഹുമാനം ഉണ്ടാകാതെയിരിക്കുന്നതിനു പുണ്യവതി തനിക്കു് അടിക്കടി ലഭിച്ചുകൊണ്ടിരുന്ന നിരവധി ദൈവദാനങ്ങളെ വെളിപ്പെടുത്താതെ രഹസ്യമായി സൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധയായിരുന്നു. എങ്കിലും യൗസേപ്പുപിതാവിൽനിന്നും ആ പിതാവു വഴിയായും ലഭിച്ചുകൊണ്ടിരുന്ന അനുഗ്രഹവർഷങ്ങളെ പരസ്യമാക്കുന്നതിൽ അവൾക്കുണ്ടായിരുന്ന ഉത്സാഹം ഒന്നുവേറെ തന്നെയായിരുന്നു. ആ പിതാവിന്റെ മാദ്ധ്യസ്ഥം തേടുന്നതിലുള്ള ഫലപ്രാപ്തി ലോകരെ മനസ്സിലാക്കി യൗസേപ്പ് പിതാവിന്റെ നേക്കുള്ള ഭക്തി ലോകത്തിൽ പ്രചുരപ്രചാരമാകണമെന്നുള്ളതു മാത്രമായിരുന്നു ഇതിന്റെ പരമമായ ലാക്കു്. ഈ പിതാവിനോടു അപേക്ഷിച്ചിട്ടു് അതു വിഫലമായതായി തനിക്കു ഓർമ്മയില്ലെന്നു പുണ്യവതി തന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. അവൾ തുടന്നു ഇങ്ങനെയും പ്രസ്താവിക്കുന്നു. "യൗസേപ്പുപിതാവു് വഴിയായി ദൈവം എനിക്കു പ്രദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങളെയും ആ പിതാവുമൂലം സാധിച്ചിട്ടുള്ള ആത്മീയാപകട നിവാരണങ്ങളെയും ഓരോന്നായി ഇവിടെ വിവരിക്കുന്നപക്ഷം അതു സാധാരണക്കാർക്കു് അവിശ്വസനീയമായി തോന്നിയേക്കാം. ഓരോരൊ പ്രത്യേക ആവശ്യങ്ങളിൽ നമ്മെ സഹായിക്കുന്നതിനുള്ള ശക്തി മാത്രമേ ഇതര വിശുദ്ധന്മാർ ദൈവത്തിൽനിന്നും പ്രാപിച്ചിട്ടുള്ളു എന്നു പറയാം; യൗസേപ്പുപിതാവാകട്ടെ നമ്മുടെ സകലവിധ ആവശ്യങ്ങളിലും നമ്മെ സഹായിക്കുന്നതിനുള്ള വരം ദൈവത്തിൽനിന്നും പ്രാപിച്ചിട്ടുള്ളതിനു് അനുഭവംതന്നെ സാക്ഷ്യം വഹിക്കുന്നു. ദിവ്യരക്ഷകൻ ലോകജീവിതകാലത്തു്

ഈ പിതാവിന് സകലത്തിലും പൂർണ്ണമായി കീഴ്പെട്ടിരുന്നു. സ്വർഗ്ഗത്തിലാകട്ടെ ഈ പിതാവ് അപേക്ഷിക്കുന്നതെല്ലാം സാധിച്ചുകൊടുക്കുകയും ചെയ്യുന്നു. അനുഗ്രഹസ്വീകരണവിഷയത്തിൽ എനിക്കുണ്ടായിട്ടുള്ള അനുഭവത്തെ അടിസ്ഥാനമാക്കി ഈ പിതാവിൻേറമേലുള്ള ഭക്തിയുടെ ഫലദായകത്വത്തെ ലോകരെ യഥായോഗ്യം ഗ്രഹിപ്പിക്കുവാൻ എനിക്കു സാധിച്ചിരുന്നു എങ്കിൽ എത്ര വലിയ കൃതാർത്ഥതയ്ക്കു എനിക്കു വകയുണ്ടായിരുന്നു. ഈ ഭക്തിയിൽ സ്ഥിരതയോടെ നിന്നിട്ടുള്ളവരിൽ ആക്കെങ്കിലും അനുസ്യൂതം ആത്മീയാഭിവൃദ്ധി പ്രാപിക്കുവാൻ ഇടയാകാതെ വന്നിട്ടുള്ളതായി എനിക്കറിവില്ല. ഇതു് അവിശ്വസനീയമായി തോന്നുന്നവരോട് ദൈവസ്നേഹത്തെപ്രതി ഒന്നു പരീക്ഷിച്ചു നോക്കണമെന്നു മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളൂ."

II

മരിയഭക്തികൊണ്ടുള്ള പ്രയോജനം നമ്മുടെ സവിശേഷമായ ശ്രദ്ധക്കും പഠനത്തിനും സർവ്വദാ വിഷയമാകേണ്ടതാണ്. മിശിഹായുടെ യോഗ്യത കഴിഞ്ഞാൽ ദൈവജനനിയുടെ സഹായമാണ് ആത്മാക്കൾക്ക് ഏററവും ഉപകാരപ്രദവും അനുഗ്രഹപ്രദവുമായിട്ടുള്ളതെന്ന് വി. ഫ്റാൻസിസ് സാലെസ്സ് പറഞ്ഞുവന്നിരുന്നു. "എൻേറ അഭിപ്രായത്തിൽ ദൈവസഹായം കഴിഞ്ഞാൽ മരിയഭക്തിയാണ് മനുഷ്യന് ഏററം സഹായമായി നില്ക്കുന്നതു്" എന്ന് ഈ വിശുദ്ധൻ ആവത്തിച്ചു പ്രസ്താവിക്കുന്നു. സഭാപിതാക്കന്മാരും ഇതേ അഭിപ്രായം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളതു്. "ദൈവം തൻേറ എല്ലാംവിധ അനുഗ്രഹങ്ങളും മറിയം വഴിയായി മാത്രം നല്കുന്നതിനു തീരുമാനിച്ചിരിക്കുന്നതിനാൽ മറിയത്തിൻേറ സഹായം ഏററം ഫലപ്രദമാണ്, ഏററം അപരിത്യാജ്യവുമാണ്" എന്നത്രെ ഇവർ നമ്മെ പഠിപ്പിക്കുന്നതു്. വാസ്തവം ഇതായിരിക്കെ നമുക്ക് ദൈവജനനിയെ ഹൃദയംഗമമായി സ്നേഹിക്കാം. ഇടവിടാതെ ഈ അമ്മയുടെ സഹായം അപേക്ഷിക്കാം. സ്വയം വിശുദ്ധീകരിച്ച് രക്ഷ പ്രാപിക്കണമെന്നുണ്ടെങ്കിൽ ഇതു കൂടിയേ മതിയാവൂ. അതിനാൽ വി. ബെർന്നാർദിനോടുകൂടി "ഞങ്ങളുടെ ശരണത്തിനുള്ള ഏകനിദാനമേ" എന്നും, വി. ബൊനവന്തുരായോടുകൂടി "അഭയാർത്ഥികളുടെ രക്ഷയേ" എന്നും, വി. ജർമ്മാനൂസിനോടുകൂടി "ക്രിസ്ത്യാ

നികളുടെ ജീവനേ" എന്നും, വി. അഗുസ്തീനോസിനോടുകൂടി "പാപികളുടെ ഏക സങ്കേതമേ" എന്നും, വിളിച്ച് ഈ അമ്മയുടെ സഹായം അർത്ഥിക്കാം. സഭാപിതാക്കന്മാരോടുകൂടി "ഞങ്ങളുടെ ജീവനെ ഞങ്ങളുടെ ശരണമേ" എന്നു പറഞ്ഞ് നമുക്ക് ഈ അമ്മയുടെ മാദ്ധ്യസ്ഥം തേടാം.

ലോകത്തിൽവച്ച് തൻെറ സ്നേഹമണവാട്ടിയേയും ദൈവകുമാരനേയും സ്നേഹിച്ചു പരിരക്ഷിച്ച യൗസേപ്പുപിതാവിനെ സ്മരിക്കാതെ എങ്ങനെയാണ് മരിയഭക്തിയിൽ സ്ഥിരതയുള്ളവരായിരിക്കുന്നതെന്നു വിചാരിച്ച് വി. അമ്മത്രേസ്യാ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. ഈ രണ്ടു ഭക്തിയും പരസ്പരം ആശ്രയിച്ചു നില്ക്കുന്നു. മരിയഭക്തിയിൽ സ്ഥിരതയുള്ളവർ യൗസേപ്പുപിതാവിനോടും ഭക്തിയുള്ളവരാകാതെയിരിക്കുവാൻ നിവൃത്തിയില്ല. മറിച്ചും അങ്ങനെതന്നെ. അതിനാൽ ഇവരിരുവരോടും അർഹിക്കുന്ന വിധത്തിലുള്ള ഭക്തി നമ്മിൽ ഉണ്ടാകുന്നതിന് ഈ ഭക്തിയിൽ അദ്വിതീയയായിരുന്ന നമ്മുടെ വിശുദ്ധയോടു നമുക്കു സാദരം പ്രാർത്ഥിക്കാം.

സംഭാഷണം:— അളവില്ലാത്ത ദയയുള്ള ഈശോയെ, അമ്മത്രേസ്യാ പുണ്യവതിക്കു നിൻെറ ദിവ്യമാതാവിൻെറമേലും, നിൻെറ വളർത്തുപിതാവിൻെറമേലും നീ കൊടുത്തരുളിയ വിശേഷ ഭക്തിയെക്കുറിച്ചു നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിൻെറ അളവററ യോഗ്യതകളെക്കുറിച്ചും ഈ നിൻെറ വിശുദ്ധ മണവാട്ടിയുടെ യോഗ്യതകളെക്കുറിച്ചും നിൻെറ തിരുമാതാവിൻെറമേലും നിൻെറ വളർത്തുപിതാവിൻെറമേലും വിശേഷഭക്തിയും ആശ്രയവും ഞങ്ങൾക്കു നീ തന്നരുളണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ഈശോയെ, എൻെറ ഹൃദയത്തെയും കുത്തിമുറിപ്പെടുത്തണമെ.

# ഏഴാം ദിവസം

വി. അമ്മത്രേസ്യായുടെ ദൈവസ്നേഹ മുറിവ്.

രൂപീകരണം:— വി. അമ്മത്രേസ്യായുടെ വിമലഹൃദയത്തെ ഒരു സ്രാപ്പാമാലാകാ ഒരു കുന്തംകൊണ്ടു കുത്തിത്തുറക്കുന്നതു കാണുന്നതായി വിചാരിക്കുക.

അഭ്യർത്ഥന:— വി. അമ്മത്രേസ്യായെപ്പോലെ ദൈവസ്നേഹത്തിൽ ജ്വലിക്കുവാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

## ധ്യാനം

### I

ദിവ്യരക്ഷകൻ അമ്മത്രേസ്യായെ തൻെറ സ്നേഹമണവാട്ടിയായി അംഗീകരിച്ച ക്ഷണംമുതൽ പുണ്യവതി തൻെറ സ്വൎഗ്ഗീയ മണവാളനിൽ പരിപൂൎണ്ണമായും ലയിച്ചുപോയിരുന്നതിനാൽ ദൈവത്തെയും ദൈവസ്നേഹത്തെയുംപ്രതി അല്ലാതെ മറെറാന്നിനെയുംപററി സ്മരിക്കുവാൻതന്നെ അവൾക്ക് സാധിച്ചിരുന്നില്ല. ഈ ദൈവസ്നേഹാധിക്യത്താൽ പരവശയായി പാട്ടുകളുടെ പാട്ടിലെ ദിവ്യമണവാട്ടിയെപ്പോലെ അവൾ ഇങ്ങനെ നിലവിളിച്ചിരുന്നു. "പുഷ്പങ്ങളാൽ എന്നെ നീ പരിരക്ഷിക്കുക, ഫലങ്ങളാൽ എന്നെ നീ ബലപ്പെടുത്തുക. എന്തെന്നാൽ സ്നേഹത്താൽ ഞാൻ അവശയായി പോകുന്നു." ഈ നിലവിളി വിഫലമായില്ല. ദൈവസ്നേഹാധിക്യം അവളിൽ തഴച്ചുവളൎന്നു പുഷ്പിക്കതന്നെ ചെയ്തു. സ്നേഹാധിക്യത്താൽ അവൾ പീഡകളെ അതിയായി അഗ്രഹിച്ചു. ദൈവസ്നേഹത്തെപ്രതിയും ദൈവത്തെ കൂടുതലായി സ്നേഹിക്കുവാൻ ഇടയാകുന്നതിനുവേണ്ടിയും മരിക്കുവാൻതന്നെയും അവൾ കൊതിച്ചിരുന്നു. ഇങ്ങനെ അവളിൽ വിളങ്ങിയിരുന്ന ദൈവസ്നേഹം പുഷ്പിച്ചു. സ്നേഹാധിക്യത്താൽ എരിഞ്ഞിരുന്ന ഹൃദയത്തെ സ്നേഹഫലങ്ങളായ സൽകൃത്യങ്ങൾ, പ്രായശ്ചിത്തപ്രവൃത്തികൾ, എളിമ, സൎവ്വോപരി കൎമ്മലീത്താസഭയുടെ നവീകരണാൎത്ഥമുള്ള ഭാരമേറിയ ജോലികൾ എന്നിത്യാദിയാൽ അവൾ ബലപ്പെടുത്തിയുമിരുന്നു. പ്രബലന്മാരായ

പലരുടെയും എതിർപ്പുണ്ടായിരുന്നിട്ടും നിസ്സഹായയും ദരിദ്രയുമായിരുന്ന ഈ അബലാരത്നത്തിനു 32 ആശ്രമങ്ങൾ സ്ഥാപിക്കുവാൻ സാധിച്ചതിൻെറ രഹസ്യവും ഇതല്ലാതെ മറെറാന്നുമായിരുന്നില്ല.

തന്നിൽ പുഷ്പിച്ച പുഷ്പങ്ങൾ ഫലം പുറപ്പെടുവിച്ചിട്ടും, ദൈവസ്തുതിക്കായി ഏൎപ്പെടുന്ന സകല പ്രവൃത്തികളിലും പ്രതീക്ഷാതീതമായ വിധത്തിൽ വിജയിച്ചിട്ടും പുണ്യവതി തൃപ്തിപ്പെട്ടില്ല. തനിക്കു നിരന്തരം ലഭിച്ചുകൊണ്ടിരുന്ന ദൈവികദാനങ്ങളോടു തുലനം ചെയ്തിരുന്നപ്പോൾ തൻെറ ദൈവസ്നേഹപ്രവൃത്തികൾ തുലോം തുച്ഛവും നിസ്സാരവുമായിട്ടാണ് അവൾക്ക് തോന്നിയിരുന്നത്. ഇതു് അവൾക്ക് വലിയ ആകുലത്തിനും അസ്വസ്ഥതക്കും കാരണമായി. തന്നെത്താൻ മറന്ന്, ദൈവസ്നേഹജ്വാലകളാൽ വലയം ചെയ്യപ്പെട്ടിരുന്ന പുണ്യവതി ഈ ചിന്തകൂടി ആയപ്പോൾ ആത്മീയപാരവശ്യത്തിൽ മുങ്ങിപ്പൊങ്ങി. തൻെറ ആത്മാവ് ദൈവസ്നേഹാഗ്നിയിൽ വെന്തുരുകി. ഈ ജ്ഞാനപാരവശ്യത്തിനിടയിൽ ക്രൂശിതനായ മിശിഹായ്ക്കു് പീഡകളാൽ അനുരൂപയായ ഈ മണവാട്ടിയുടെ പ്രലപനം അസ്വാദ്യതരമായ ഒന്നുതന്നെയായിരുന്നു. "ഓർശലേം പുത്രിമാരെ! നിങ്ങൾ എൻെറ സ്നേഹമണവാളനെ കാണുവാൻ ഇടയാകുന്നു എങ്കിൽ ഞാൻ സ്നേഹത്താൽ അവശയായിരിക്കുന്നു എന്ന് അദ്ദേഹത്തോടു പറയുവിൻ." (പാട്ടുകളുടെ പാട്ട് V. 8.) ഇതായിരുന്നു നമ്മുടെ വിശുദ്ധയുടെ പ്രലപനം. ഹാ! എത്ര ആനന്ദസംദായകമായ ഒരവസ്ഥ, എത്ര ഉഗ്രതരമായ സ്നേഹാഗ്നി ആണ് ഇതെന്നു ആലോചിക്കുക. സാമാന്യജനതയുടെ ചിന്താശക്തിക്കതീതമായ ഈ അവസ്ഥയെ സഭാപിതാക്കന്മാർ നമുക്കു സുഗ്രാഹ്യമാക്കി തരുന്നുണ്ടു്. ദൈവസ്നേഹാധിക്യം ഹേതുവാലുളവാകുന്ന ഈ ജ്ഞാനപാരവശ്യം നിമിത്തം ആത്മാവ് സ്വയം വിസ്മരിക്കുന്നു, ബാഹ്യമായ സകലതും മറന്നുപോകുന്നു. സ്നേഹവിഷയമായ ദൈവത്തെയല്ലാതെ മറെറാന്നിനേയും സ്നേഹിക്കുവാൻ ആഗ്രഹിക്കുന്നില്ല. ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ള ഏക ചിന്തയല്ലാതെ മററു ചിന്തകളും ഉണ്ടാകുന്നില്ല. ഇതത്രെ മേല്പറഞ്ഞ വിധത്തിലുള്ള ജ്ഞാനപാരവശ്യം ഒരാത്മാവിൽ വരുത്തിക്കൂട്ടുന്ന പരിവൎത്തനങ്ങൾ. ഏവംവിധമായ ഒരു മഹാഭാഗ്യത്തിനു ഭാഗധേയം സിദ്ധിക്കുന്ന ഒരാത്മാവിൻെറ സ്ഥിതിയേ

വി. ബർനാർദ്ദ് ഇങ്ങനെ വിവരിക്കുന്നു: "ദാസൻ ഭയപ്പെടുന്നു, പുത്രൻ ബഹുമാനിക്കുന്നു, കൂലിക്കാരൻ ശരണപ്പെടുന്നു, ഞാനോ എന്നാൽ ഒരു മണവാട്ടിയാകയാൽ സ്നേഹിക്കുന്നതിനുവേണ്ടി സ്നേഹിക്കുന്നു, സ്നേഹിക്കപ്പെടുവാൻവേണ്ടി സ്നേഹിക്കുന്നു, ഞാൻ സ്നേഹത്തെത്തന്നെ സ്നേഹിക്കുന്നു." സ്നേഹം സംബന്ധിച്ചിടത്തോളം സ്രാപ്പാമാലാഖാതന്നെ ആയിരുന്ന ത്രേസ്യാപുണ്യവതിയുടെ സ്ഥിതിയും ഇതുതന്നെയായിരുന്നു. തന്റെ സ്നേഹപാരവശ്യത്തിനിടയിൽ ദൈവസ്നേഹപരമല്ലാത്ത സകലതും മറന്ന്, അവൾ സ്നേഹിച്ചു; പ്രതിഫലമായി സ്നേഹിക്കപ്പെടുകയും ചെയ്തു. ദൈവേഷ്ടം മാത്രം തന്റെ ചിന്താവിഷയവും പഠനവിഷയവുമായിത്തീർന്നു. പ്രതിഫലമായി തന്നിലുണ്ടായിരുന്ന സ്നേഹാഗ്നിയുടെ വർദ്ധനവു മാത്രമേ അവൾ ആഗ്രഹിച്ചിരുന്നുള്ളു.

നായാട്ടുകാരൻ വേട്ടമൃഗത്തെ പിൻതുടർന്ന് ശരങ്ങൾകൊണ്ട് അതിനെ മുറിവേല്പിക്കുന്നതുപോലെ, ദിവ്യരക്ഷകൻ പലപ്പോഴും ഒരു സ്രാപ്പം മാലാഖായെ അയച്ച് പുണ്യവതിയുടെ ഹൃദയത്തെ ഭേദിച്ചിരുന്നു. അതെ, വിശുദ്ധയുടെ ഹൃദയം മുഴുവനായും കരസ്ഥമാക്കുവാൻതന്നെ ആ സ്വർഗ്ഗീയ നായാട്ടുകാരൻ തീർച്ചയാക്കി. ഈ മഹാനുഗ്രഹത്തെപ്പറ്റി വി. അമ്മത്രേസ്യാ പ്രസ്താവിക്കുന്നതുതന്നെ നമുക്കു ശ്രദ്ധിക്കാം: "ചിലപ്പോൾ ഒരു മാലാഖാ എന്റെ ഇടതുവശത്ത് നില്ക്കുന്നത് ഞാൻ കാണത്തക്കവണ്ണം ദൈവം തിരുമനസ്സായി. കാഴ്ചയിൽ ചെറുപ്പമായി തോന്നിയിരുന്നു; പക്ഷേ വളരെ സൌന്ദര്യമുള്ളവനായിരുന്നു. മുഖകമലമാകട്ടെ അഗ്നിക്കു തുല്യം കത്തി ജ്വലിച്ച് പ്രകാശിച്ചുമിരുന്നു. കാഴ്ചയിൽ അത് ഒരു സ്രാപ്പാമാലാഖാ ആയി തോന്നിയിരുന്നു. അഗ്രത്തിൽ ഒരു അഗ്നികണത്തോടുകൂടിയ ഒരു ശരം മാലാഖായുടെ കൈവശം ഇരുന്നിരുന്നു. ചിലപ്പോൾ മാലാഖാ ഈ ശരംകൊണ്ടു എന്റെ ഹൃദയത്തെ ഭേദിച്ച് മറുപുറം തുളയുന്നതുവരെ കുത്തി ഇറക്കിയിരുന്നതായി തോന്നിയിരുന്നു. എരിയുന്ന ദൈവസ്നേഹാഗ്നിയിൽ എന്നെ ആക്കിയശേഷം ശരം വലിച്ചൂരി അതുംകൊണ്ടു മാലാഖാ പോയിരുന്നു. അപ്പോൾ അനുഭവപ്പെട്ടിരുന്ന വ്യസനാധിക്യത്താൽ ഞാൻ ഉച്ചത്തിൽ പ്രലപിക്ക തന്നെ ചെയ്തിരുന്നു. എങ്കിലും ആ മുറിവിൽനിന്നും അനുഭവപ്പെട്ടിരുന്ന സ്വർഗ്ഗീയഇമ്പം ഹേതുവാൽ ആ വ്യസനം നീങ്ങുന്നതിനോ ദൈവമല്ലാതെ മറ്റൊന്നുകൊണ്ടും

തൃപ്തിപ്പെടുന്നതിനോ ആത്മാവ് ഇഷ്ടപ്പെട്ടിരുന്നില്ല. മുറിവുമൂലം ഉണ്ടായിരുന്ന വേദന ശാരീരികമായിരുന്നില്ല, പ്രത്യുത ആത്മീയമായ ഒന്നായിരുന്നു. എങ്കിലും അത്ര നിസ്സാരമല്ലാത്ത നിലയിൽ ശരീരവും ഈ വേദന അനുഭവിക്കാതിരുന്നില്ല. ദൈവവും ആത്മാവും തമ്മിലുള്ള ഈ പരസ്പരാശ്ലേഷം ഏററവും ഹൃദ്യവും സ്നേഹസമ്പൂർണ്ണവുമായ ഒന്നുതന്നെ ആയിരുന്നു.. ഇതിൽ വിശ്വാസം തോന്നാത്തവർക്ക് അത് ഒന്ന് അനുഭവബോദ്ധ്യമാക്കി കൊടുക്കണമെന്നുതന്നെ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു."

ഹാ! സ്നേഹിക്കത്തക്ക മുറിവേ! ഇമ്പമേറിയ വേദനയേ! ആഗ്രഹിക്കത്തക്ക അഗ്നീ! മുറിവേററവനെ മുറിവേല്പിച്ചവൻെറ സ്നേഹത്തിന് പാത്രീഭവിപ്പിക്കുന്ന മുറിവേ, നീ മധുരമുള്ളതാകുന്നു. എന്തെന്നാൽ, നിൻെറ മാധുര്യം സകല ലൗകികസന്തോഷങ്ങളുടേതിനെയുംകാൾ മേന്മയേറിയതാകുന്നു. അല്ലയോ അഗ്നി, നീ ലോകത്തിലെ സകല രാജ്യങ്ങളെയുംകാൾ ആഗ്രഹിക്കത്തക്കതാകുന്നു; സ്വർഗ്ഗീയസ്നേഹിതൻ തൻെറ വിശ്വസ്തരും സ്നേഹഭാജനങ്ങളുമായ മണവാട്ടികൾക്കു നൽകുന്ന ഏററം വിലയേറിയ ദാനമാകുന്നു നീ. ദൈവത്തിൻെറ സ്നേഹഹൃദയത്തിൽ നിന്നുതന്നെ പുറപ്പെടുന്ന ഒരു സമ്മാനവുമാകുന്നു നീ. ത്രേസ്യാം പുണ്യവതിയുടെ വാക്കുകളിൽ ഇത് ദൈവം ഒഴിച്ചുള്ള സകല വസ്തുക്കളിലും ആത്മാവിന് അതൃപ്തി ഉളവാക്കുവാൻ ശക്തിയുള്ള ഒരു ദാനമാകുന്നു.

ആരുടെ ഹൃദയം ഭേദിക്കപ്പെട്ടുവോ അവൻെറ സകല ചിന്തകളും ആരാൽ മുറിവേല്പിക്കപ്പെട്ടുവോ ആ ആളിൽതന്നെ ആയിരിക്കും. ഈ ചിന്തയിൽനിന്നും മുറിവേററ ആളിനെ ആക്കും വിരമിപ്പിക്കുവാൻ സാധിക്കുന്നതല്ല. ഒരു പക്ഷെ വിസ്മരിക്കുവാൻ ആഗ്രഹിച്ചാൽതന്നെയും മുറിവിൻെറ വേദന ആ ചിന്തയേ അവനിൽ വീണ്ടും അങ്കുരിപ്പിക്കും. ഇതുപോലെ തന്നെ മിശിഹായുടെ സ്നേഹാസ്ത്രത്താൽ മുറിവേററവന് മിശിഹായെ സ്നേഹിക്കാതെയും മിശിഹായെപ്പററി ചിന്തിക്കാതെയും ജീവിക്കുക സാദ്ധ്യമല്ല. ലോകമൊ ഏതെങ്കിലും സൃഷ്ടികളൊ ഈ ചിന്തയെ ആ ആത്മാവിൽനിന്നും നീക്കികളയുവാൻ ശ്രമിച്ചാൽ, ആ മുറിവ് മുറിവേല്പിക്കപ്പെട്ടവനെപ്പററിയുള്ള ചിന്തയിലേക്ക് ആ ആത്മാവിനെ ആകർഷിക്കും. വിശുദ്ധ അമ്മത്രേസ്യായുടെ സ്ഥിതിയും ഇതുതന്നെയായിരുന്നു. തത്സംബന്ധമായി അവൾ ഇങ്ങനെ

പ്രസ്താവിക്കുന്നു: "ഞാൻ അത്യാശ്ചര്യഭരിതയായിപ്പോയി. ഒന്നും കാണുകയോ സംസാരിക്കുകയോ ചെയ്യാതെ മാധുര്യമേറിയ ഈ പീഡ അനുഭവിച്ചുകൊണ്ടിരുന്നാൽ മതിയെന്നു എനിക്കു തോന്നിപ്പോയി. സൃഷ്ടികൾക്ക് നൽകാവുന്ന ഏതൊന്നിനെയും കാൾ വലിയ സന്തോഷവും സംതൃപ്തിയും ഈ വേദനയിൽ നിന്നും എനിക്കു സിദ്ധിച്ചതുപോലെ തോന്നി."

ഹാ! ദൈവമേ, നിൻെറ സ്നേഹാഗ്നിയിൽ നിന്നും ഉൽഭൂതമാകുന്ന ഇത്ര ഇമ്പമേറിയതും മഹിമയേറിയതുമായ ഈ വേദന ആരുതന്നെ അഗ്രഹിക്കുകയില്ല! സ്വർഗ്ഗവാസികൾക്ക് അനന്തമായ സന്തോഷത്തെ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന ഈ പീഡ ആരുതന്നെ അഭിലഷിക്കുകയില്ല! എന്നാൽ ഈ സ്നേഹാഗ്നിയും ഇമ്പമേറിയ മുറിവും ലഭിക്കുവാൻ അഗ്രഹിക്കുന്നയാൾ ദൈവം ഒഴിച്ചുള്ള സകലതും ഉപേക്ഷിച്ചു തന്നെത്തന്നെ ഒരുക്കേണ്ടിയിരിക്കുന്നു. ലോകത്തോടും സകല സൃഷ്ടികളോടും എന്നേക്കുമായി ഇങ്ങനെ യാത്ര പറയേണ്ടിയിരിക്കുന്നു: "ലോകമേ, ലോകബഹുമതികളേ, സമ്പത്തേ, സൃഷ്ടികളേ എന്നിൽനിന്നും എന്താണ് നിങ്ങൾക്കു വേണ്ടത്? നിങ്ങളെ എല്ലാം ഞാൻ പരിഷേധം ഉപേക്ഷിക്കുന്നു. ഞാൻ നിങ്ങളോടു യാത്ര പറയുന്നു. എൻെറ ദൈവം എന്നെ സ്നേഹാഗ്നിയിൽ ഇട്ടിരിക്കുന്നു, താൻ എന്നെ മുറിപ്പെടുത്തി. തൻെറ സ്നേഹംമൂലം താൻ എൻെറ ഹൃദയം മുഴുവനും കരസ്ഥമാക്കി. അതു മുഴുവനായും ലഭിക്കാതെ അവിടന്ന് തൃപ്തനാകുന്നതല്ലെന്ന് എന്നെ മനസ്സിലാക്കിയിരിക്കുന്നു. സൃഷ്ടികളെ എന്നിൽനിന്നും അകലെപ്പോയാലും! നിങ്ങൾക്ക് എന്നെ സംതൃപ്തനാക്കാൻ കഴിയുന്നതല്ല. നിങ്ങൾ നൽകുന്ന സംതൃപ്തി മേലാൽ ഞാൻ അഗ്രഹിക്കുന്നുമില്ല. നിങ്ങൾ പോയി നിങ്ങളെ അന്വേഷിക്കുന്നവരെ സംതൃപ്തരാക്കിക്കൊള്ളുക. ഞാൻ നിങ്ങളെ അഗ്രഹിക്കുന്നില്ല. ഞാൻ പിന്നെ എന്തിനെ അഗ്രഹിക്കുന്നു എന്നോ? ദൈവത്തെ മാത്രം. തന്നെക്കൊണ്ടുമാത്രം ഞാൻ സംതൃപ്തനായിക്കൊള്ളാം. ദൈവം മാത്രം, അതേ, ദൈവം മാത്രം എനിക്കു മതിയായിരിക്കുന്നു. നിർഭാഗ്യാതിരേകത്താൽ ഇതുവരെ നിങ്ങളെ സ്നേഹിച്ചു, അവോളം സേവിക്കുകയും ചെയ്തു. ശേഷിച്ചിട്ടുള്ള ആയുഷ്കാലം, അതിൻെറ ദൈർഘ്യം എത്രമാത്രമായിരുന്നാലും, ദൈവസ്നേഹത്തിനും, അതിനു മാത്രവുമായി വിനിയോഗിക്കുവാൻ ഞാൻ അഗ്രഹിക്കുന്നു. ദൈവം

ആത്മം എന്നെ സ്നേഹിച്ചു. താൻ എൻെറ സ്നേഹത്തെ സർവ്വഥാ അർഹിക്കുന്നു. ഞാൻ തന്നെ പൂർണ്ണമായി സ്നേഹിക്കണമെന്ന് എന്നോടു താൻ ആവശ്യപ്പെടുകയും ചെയ്യുന്നു."

II

ദൈവത്തെ നാം അന്വേഷിച്ചിട്ടും തന്നെ കാണുന്നില്ലായെന്ന് നമ്മിൽ പലരും പലപ്പോഴും ആവലാധിപ്പെടാറുണ്ട്. അതിനുള്ള കാരണം മററെങ്ങും നാം തേടേണ്ടതില്ല. ത്രേസ്യാപുണ്യവതിയുടെ വാക്കുകളെ ശ്രവിക്കുക. അവൾ പറയുന്നു: "സർവ്വവസ്തുക്കളിൽനിന്നും നിങ്ങളുടെ മനസ്സിനെ നിങ്ങൾ പിൻതിരിച്ച്, ദൈവത്തെ അന്വേഷിപ്പിൻ. നിങ്ങൾ കണ്ടെത്തും." നമ്മുടെ പക്ഷം ലൗകികവസ്തുക്കളിലായാൽ അവ നമ്മുടെ ഉദ്ദേശ്യസാദ്ധ്യത്തിന്—ദൈവദർശനത്തിന്—വിഘാതമായി ഭവിക്കും. നിരന്തരം അവ നമ്മുടെ ശ്രദ്ധയെ ദൈവത്തിൽനിന്നും അകററുകയും ചെയ്യും. ദിവ്യരക്ഷകൻ ത്രേസ്യാപുണ്യവതിയോട് അരുളിച്ചെയ്ത തിരുവചനങ്ങൾ ഈ പറഞ്ഞതിൻെറ യാഥാർത്ഥ്യത്തെ ഒന്നുകൂടി സ്പഷ്ടമാക്കുന്നതാണ്. "ഹാ! എത്രയോ ആത്മാക്കളോട് ഉപദേശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷെ ലോകത്തിൻെറ സ്വരം അവരുടെ ഹൃദയത്തിലും ചെവികളിലും പ്രതിധ്വനിക്കുന്നതിനാൽ എൻെറ സ്വരം അവർ കേൾക്കുവാൻ ഇടയാകുന്നില്ല. ഹാ! അവർ ലോകത്തിൽനിന്നും അല്പമെങ്കിലും സ്വയം അകററിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!"

പ്രാർത്ഥനയിൽ ഏർപ്പെട്ടിരിക്കുന്നവരിൽതന്നെയും പലരിലും ദൈവസ്നേഹത്തിൻെറ ഈ സ്വരത്തിനു സ്ഥാനം ലഭിക്കുന്നില്ല. ഉണ്ടെങ്കിൽതന്നെയും അത് തുലോം നിസ്സാരമായിരിക്കും. എന്താണ് ഇതിനുള്ള കാരണം? അവരുടെ മനസ്സ് ലോകത്തോടുള്ള പക്ഷത്താലും ലൌകിക ചിന്തകളാലും നിറഞ്ഞിരിക്കുന്നു എന്നതു തന്നെ. അവർ പ്രാർത്ഥിക്കുന്നുണ്ടെങ്കിലും ചിന്ത മുഴുവൻ ലൗകിക കാര്യങ്ങളിലായിരിക്കും. ചിന്താവിഷയം ലോകവുമായിരിക്കും. ഇവരുടെ പ്രാർത്ഥനകൊണ്ടെന്തു ഫലം? ദൈവം ഇവരോട് ഉപദേശിക്കുന്നുണ്ടെങ്കിലും അതവർ കേൾക്കുന്നില്ല. ലോകത്തിനും ലോകകാര്യങ്ങൾക്കും അവർ പ്രാധാന്യം നൽകുക നിമിത്തം ദൈവസ്വരം കേൾക്കാനിടയാകാതെ ലോകസ്വരത്തിൽ അവർ ലയിച്ചുപോകുന്നു. ലൗകിക ചിന്തകളിൽ മുഴുകിയിരിക്കുന്ന ഒരാ

ത്മാവിനു് പല മണിക്കൂറുകൾ ദീർഘിക്കുന്ന പ്രാർത്ഥനകളിൽനിന്നു ലഭിക്കുന്നതിനെക്കാൾ വളരെ കൂടുതൽ ഫലം ലോകചിന്തകളെല്ലാം ദൂരതഃപരിത്യജിച്ച് ദൈവത്തെമാത്രം ചിന്താവിഷയം ആക്കിക്കൊണ്ടു് പ്രാർത്ഥിക്കുന്ന ഒരാത്മാവിനു് കാൽമണിക്കൂർ സമയത്തെ പ്രാർത്ഥനകൊണ്ടു പ്രാപിക്കുവാൻ സാധിക്കുന്നതാണു്. മനുഷ്യചിത്തത്തെ ബന്ധനത്തിലകപ്പെട്ട ഒരു പക്ഷിയോടു സാർത്ഥകമായും ഉപമിക്കാം. ബന്ധനത്തിലകപ്പെട്ട പക്ഷി മോചനം ലഭിക്കുന്ന ക്ഷണത്തിൽ പറന്നു ദൂരെപ്പോകുന്നു. ആത്മാവിന്റെ വിഷയം സ്നേഹമാണു്. എന്തിനെയെങ്കിലും ആരെയെങ്കിലും അതു സ്നേഹിച്ചുകൊണ്ടേയിരിക്കൂ. ഒന്നുകിൽ സ്രഷ്ടാവിനെ, അല്ലെങ്കിൽ സൃഷ്ടികളെ. ലൗകികപക്ഷങ്ങളിൽനിന്നും വിമുക്തമാക്കിയാലുടനെ, ബന്ധനവിമുക്തയായ പക്ഷിയെപ്പോലെ, ആത്മാവു് സ്രഷ്ടാവായ ദൈവത്തിങ്കലേയ്ക്കു് പറന്നു പോകുന്നു. നമ്മിൽതന്നെയുള്ള കുറവുകൾ പുണ്യപൂർണ്ണത പ്രാപിക്കുന്ന വിഷയത്തിൽ ഒരു പ്രതിബന്ധമാകുന്നില്ല. തെറ്റുകൾ പററിയാൽ സമാധാനത്തോടും എളിമയോടുംകൂടി അതിൽനിന്നും ഒഴിയുവാൻ ശ്രമിച്ചുകൊണ്ടാൽമതി. എന്നാൽ ലോകത്തോടുള്ള പക്ഷത്തിന്റെ സ്ഥിതി ഇതല്ല. എത്ര നിസ്സാരമായ ലൗകികപക്ഷവും പുണ്യപരിപൂർണ്ണതാപ്രാപ്തിയെ സാരതരമായ വിധത്തിൽ തടസ്സപ്പെടുത്തുക തന്നെ ചെയ്യും.

അജ്ഞാനികളുടെ ഇടയിൽ അറിയപ്പെട്ടിരുന്ന മുപ്പതിനായിരം ദേവന്മാരെയും ആരാധിച്ചുകൊള്ളുവാൻ പഴയ റോമൻ സെനററ് അനുവദിച്ചിരുന്നു. പക്ഷെ, ക്രിസ്തീയ ദൈവത്തെ ആരാധിക്കുവാൻമാത്രം ആ ഭരണസമിതി അനുവദിച്ചില്ല. ക്രിസ്ത്യാനികളുടെ ദൈവം മററു ദേവന്മാർ ആരെയും ആരാധിച്ചുകൂടാ എന്നു കശ്ശനമായി നിരോധിക്കുന്നതിനാൽ ആ ദൈവം അഹങ്കാരിയായ ഒരു ദൈവമാണെന്നാണു് അവർ പരിഗണിച്ചിരുന്നതു്. ക്രിസ്തീയ ദൈവത്തോടുള്ള അവരുടെ വൈരത്തിനുള്ള ഒരു കാരണവും ഇതായിരുന്നു. മോഷണത്തിനു പോകുന്ന തസ്കരൻ കിട്ടുന്നിടത്തോളംകൊണ്ടു തൃപ്തിപ്പെടുന്നു. കിട്ടുന്നതു കാര്യമായി കരുതുകയും ചെയ്യുന്നു. എന്നാൽ മോഷ്ടിക്കപ്പെട്ട സാധനത്തിന്റെ ഉടമസ്ഥനോ? മോഷ്ടിക്കപ്പെട്ട സാമാനം മുഴുവനും തിരിച്ചു കിട്ടാതെ ഒരു ഭാഗംകൊണ്ടു അവൻ തൃപ്തനാകുന്നില്ല. കള്ളദേവന്മാർ അവക്കു ലഭിക്കുന്ന ആരാധനകൊണ്ടു

തൃപ്തിപ്പെടുന്നു. എന്നാൽ സത്യദൈവമോ? തൻെറ അവകാശത്തിൻെറ ഒരംശംകൊണ്ട്, മനുഷ്യഹൃദയത്തിൻെറ നാമമാത്രമായ സ്നേഹംകൊണ്ട്, തൃപ്തി അടയുന്നില്ല. നമ്മുടെ ഹൃദയം മുഴുവനും താൻ ആവശ്യപ്പെടുന്നു. അതിൽ വിട്ടുവീഴ്ചകൾക്കൊന്നിനും താൻ തയ്യാറില്ല. 'നിൻെറ ദൈവത്തെ മുഴുഹൃദയത്തോടുകൂടി സ്നേഹിക്കുക' എന്ന് നിരുപാധികമായി അവിടുന്നു നമ്മോടാജ്ഞാപിക്കുന്നു. "സൃഷ്ടികളിൽനിന്നും സ്വയം വേർപെടുത്തി സകലത്തെയും വിശിഷ്യ ഞങ്ങളെത്തന്നെയും വിസ്മരിക്കുന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ട് അസൂയാലുവായ ഒരു രാജാവിൻെറ മണവാട്ടികളായി പരിണമിക്കത്തക്കവണ്ണം നമുക്കു പ്രവർത്തിക്കാം" എന്ന് വി. അമ്മത്രേസ്യാ ഒരിക്കൽ ഒരു മേലധികാരിയോടു പ്രസ്താവിക്കുകയുണ്ടായി. നമ്മുടെ ഉദ്യമവും ഇതുതന്നെ ആയിരിക്കണം. നമ്മുടെ പരമമായ ലാക്കും അതുതന്നെ ആയിരിക്കട്ടെ.

ദാരിദ്ര്യത്തോടുള്ള പ്രതിപത്തി വഴിയായി ധനതൃഷ്ണയിൽനിന്നും, സ്വയനിഗ്രഹത്താൽ സുഖഭോഗാസക്തിയിൽ നിന്നും എളിമകൊണ്ട് ബഹുമാനപ്രിയത്തിൽനിന്നും, അകൽച്ച മൂലം ബന്ധുമിത്രാദികളിൽനിന്നും, അവസാനമായി കീഴ്‌വഴക്കംമൂലം സ്വാതന്ത്ര്യപ്രിയത്തിൽനിന്നും നമ്മുടെ ഹൃദയത്തെ നമുക്കു പിൻവലിക്കാം. അതിനായി "എൻെറ ദൈവമേ പരിശുദ്ധമായ ഒരു ഹൃദയം എന്നിൽ നീ സൃഷ്ടിക്കണമേ." കർത്താവെ അങ്ങെ പരിശുദ്ധമായ സ്നേഹത്താൽ നിറയ്ക്കത്തക്കവണ്ണം ഒഴിഞ്ഞതും സൃഷ്ടികളിൽനിന്നും അകന്നിരിക്കുന്നതുമായ ഒരു ഹൃദയം എനിക്കു നീ തരണമേ എന്ന് ഹൃദയപൂർവ്വം സ്രഷ്ടാവിനോടു നമുക്കു പ്രാർത്ഥിക്കാം.

സംഭാഷണം:— എത്രയും പ്രിയമുള്ള ഈശോയെ, വി. അമ്മത്രേസ്യായുടെ ഹൃദയം ഒരു സ്രാപ്പാ മാലാഖാ വഴിയായി തീ എരിയുന്ന കുന്തത്താൽ കുത്തി ദൃശ്യമായ മുറിവു ഏല്പിച്ചപ്പോൾ ആ വിമലഹൃദയത്തിൽ നീ കത്തിച്ച ദിവ്യസ്നേഹജ്വാലകൾ അവർണ്ണനീയമായിരുന്നല്ലോ. ദിവ്യകർത്താവേ, ഈ പരിശുദ്ധ സ്നേഹത്തിൻെറ അഗ്നി ഭൂലോകത്തിലും കത്തിപ്പാൻവേണ്ടി ആകാശത്തിൽനിന്നും ഭൂമിയിൽ വന്ന നീ ഭൗമികവും അശുദ്ധവുമായ സ്നേഹത്തെ ഞങ്ങളുടെ ഹൃദയത്തിൽനിന്ന് അകററി സ്വർഗ്ഗീയ

മായ പരിശുദ്ധസ്നേഹംകൊണ്ട് അതിനെ നിറച്ച് ഈ നിൻെറ പരിശുദ്ധ മണവാട്ടി സ്നേഹാധിക്യത്താൽ മരിച്ചതുപോലെ ഞങ്ങളും മരിപ്പാൻ കൃപ ചെയ്യേണമെ.

സ്നേഹത്തിൻെറ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ഈശോയേ, എൻെറ ഹൃദയത്തെയും കുത്തി മുറിപ്പെടുത്തണമെ.

# എട്ടാം ദിവസം

### വി. അമ്മത്രേസ്യാക്കു് മരിക്കാനുണ്ടായിരുന്ന അതിയായ ആഗ്രഹം.

ആവീകരണം:— വി. അമ്മത്രേസ്യാ പരി. കുർബാനയുടെ സന്നിധിയിൽ സ്നേഹപരവശയായി നില്ക്കുന്നതു കാണുന്നതായി വിചാരിക്കുക.

അഭ്യത്ഥന:- കത്താവിനു അനിഷ്ടമായി എന്തെങ്കിലും പ്രവത്തിക്കുന്നതിനുമുമ്പ് മരിക്കുന്നതിനുവേണ്ട ദൈവാനുഗ്രഹം അപേക്ഷിക്കുക.

## ധ്യാനം

I

കേവലം ലൌകികന്മാരായ മനുഷ്യർ മരണത്തെ അതീവം ഭയപ്പെടുന്നു. കാരണം, അവർ സവ്വപ്രധാനമായി കരുതുകയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന ലോകത്തെയും ലൌകികവസ്തുക്കളെയും വിട്ടുപിരിയുന്നതിനുള്ള വൈമനസ്യം തന്നെ. ഇതിൽ ആശ്ചയ്യത്തിനു വകയൊന്നുമില്ല. യാതൊന്നിനെ സ്നേഹിക്കുന്ന ഒരുവനു് അതിനെ നിത്യമായി വിട്ടുപിരിയുന്നതിൽ വൈമുഖ്യം ജനിക്കുക മനുഷ്യസഹജമാണു്. വിശുദ്ധന്മാർതന്നെയും ഇതിൽ വ്യത്യസ്ഥരാണോ? അല്ല. അവരുടെ സ്നേഹവിഷയം

നഷ്ടപ്പെടുന്നതു അവരും സഹിക്കുന്നില്ല. ലൗകികന്മാർ ലോകത്തെ പിരിയുവാൻ മടിക്കുമ്പോൾ, വിശുദ്ധന്മാർ ദൈവം തങ്ങൾക്ക് നഷ്ടപ്പെട്ടേക്കുമോ എന്നോർത്ത് ആകുലപ്പെടുന്നു. സർവ്വവല്ലഭനും ഇഹത്തിൽ തന്നെ സേവിക്കുന്നവർക്ക് പരത്തിൽ തന്നെത്തന്നെ വാഗ്ദാനം ചെയ്തിരിക്കുന്ന അനന്ത നന്മയുമായ ദൈവം നഷ്ടപ്പെടാൻ അവർ ഒരിക്കലും സമ്മതിക്കുന്നതല്ല. ലൗകികനു മരണത്തോടുള്ളതിനെക്കാൾ ഭയം വിശുദ്ധനു ഈ ചിന്താമാത്രയിൽ ജനിക്കുന്നു. ദൈവനഷ്ടത്തിന് ഹേതുഭൂതമാകുന്ന പാപത്തെ അവർ ഭയപ്പെടുന്നു. ദൈവേഷ്ടപ്രസാദത്തോടെ മരിക്കുന്നതിനു അവർ അക്ഷമരായി കാത്തിരിക്കുന്നു. ദൈവസാമീപ്യത്തെ കൈവരുത്തുന്ന മരണത്തിന് അവർ സദാ സ്വാഗതം അരുളുകയും ചെയ്യുന്നു.

മരണത്തെപ്പറ്റി സ്മരിക്കുന്ന മാത്രയിൽ ലൗകികമനുഷ്യർക്കു രോമാഞ്ചമുണ്ടായി അവർ ഞെട്ടി വിറയ്ക്കുന്നു. എന്നാൽ വിശുദ്ധന്മാർ, മരണത്തെ ആഗ്രഹിക്കുന്നതുപോലെ, ദൈവത്തെ ഒഴിച്ചാൽ, മറ്റൊന്നും ഇത്രയ്ക്കും ആശിക്കുന്നില്ല. വിശുദ്ധ ബെർണ്ണാദിന്റെ അഭിപ്രായത്തിൽ വിശുദ്ധന്മാരെ സംബന്ധിച്ചിടത്തോളം മരണം, ദൈവത്തിങ്കലേക്കുള്ള കവാടവും, ക്ലേശഭൂയിഷ്ഠമായ ലോകജീവിതത്തിന് പൂർണ്ണവിരാമമിടുന്നതിനുള്ള ഒരു മാർഗ്ഗവുമാണ്. പിന്നെ എങ്ങനെ അതിനെ അവർ ആശിക്കാതെയും ആഗ്രഹിക്കാതെയും ഇരിക്കും? ലോകജീവിതം ഒരു കാരാഗൃഹവാസമാണെന്നു പരിഗണിച്ചുകൊണ്ട് അതിൽനിന്നും മോചനം നൽകണമേ എന്നാണ് അവർ സ്രഷ്ടാവിനോടു സദാ പ്രാർത്ഥിക്കുന്നത്. ഏതന്മൂലം, 'ഈ കാരാഗൃഹത്തിൽനിന്നും കർത്താവേ. എന്നെ നീ മോചിപ്പിക്കണമെ' എന്നതന്നെയാണ് ഓരോ വിശുദ്ധന്റെയും പ്രാർത്ഥന. ജീവിതം, വിശുദ്ധ പൗലോസിന്റെ അഭിപ്രായത്തിൽ, ഒരു മരണംതന്നെ ആകുന്നു. "മരണമാകുന്ന ഈ ശരീരത്തിൽനിന്നും ആർ എന്നെ രക്ഷിക്കും?" എന്നാണ് നിരന്തരം ആ വിശുദ്ധ ശ്ലീഹാ ചോദിക്കുന്നത്.

ലൗകികന്മാർ ഭയപ്പെടുന്നതും വിശുദ്ധന്മാർ അത്യാശയോടെ പ്രതീക്ഷിക്കുന്നതുമായ ഈ മരണത്തെ വി. അമ്മത്രേസ്യാ എത്രമാത്രം ആഗ്രഹിച്ചിരുന്നു എന്നു എഴുതി ഫലിപ്പിക്കുക വിഷമമാണ്. മരണം സമാഗതമാകാത്തതിൽ പുണ്യവതിക്കുണ്ടായ ആകുലം അതിലും അധികമായിരുന്നു. അവളെ ദിവ്യരക്ഷകൻ

തന്റെ സ്നേഹമണവാട്ടിയായി അംഗീകരിച്ച ക്ഷണംമുതൽ മരിച്ച് തന്റെ സ്നേഹമണവാളനെ പ്രാപിക്കുന്നതിനുള്ള ആശ ക്രമപ്രവൃദ്ധമായി അധികരിച്ചു. മരിക്കണം, വേഗം മരിക്കണം എന്നുമാത്രമായിരുന്നു അവളുടെ അഭിലാഷം ഇതുമാത്രമായിരുന്നു എപ്പോഴുമുള്ള പ്രാർത്ഥനയും. ഇതേപ്പററി തന്നെ ചിന്തിക്കയും ഇതിനായി നിരന്തരം പ്രാർത്ഥിക്കയും ചെയ്തിരുന്നതിനാൽ; തന്റെ പാപങ്ങളെപ്പററി ചിന്തിക്കുവാനൊ, മനസ്താപപ്പെടുവാനൊ, അവയ്ക്കു പരിഹാരം ചെയ്യുവാനൊ സമയമോ സൗകൎയ്യമോ ലഭിച്ചിരുന്നില്ല എന്നുപോലും അവൾ തന്റെ സ്വയംകൃത ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ വിശുദ്ധ ഒരിക്കലും ഒരു ചാവദോഷത്തിലും ഉൾപ്പെട്ടിട്ടില്ലായിരുന്നുവെങ്കിലും, നിസ്സാരമായ തന്റെ ന്യൂനതകൾ പോലും നിത്യനരകശിക്ഷയ്ക്കിടയാക്കുന്ന ഘനമേറിയ പാപങ്ങൾ പോലെയാണ് അവൾ കരുതിപ്പോന്നത്. ശുദ്ധാത്മാക്കൾ നിസ്സാരമായ പാപങ്ങളെത്തന്നെയും നിസ്സാരമായി ഗണിക്കുന്നില്ല. പ്രത്യുത, ചാവദോഷങ്ങൾ എന്നോണം അവയെയും ഭയപ്പെടുകയും അറപ്പോടും വെറുപ്പോടുംമാത്രം വീക്ഷിക്കുകയും ചെയ്യുന്നു. നിൎമ്മലമായ സ്ഫടികത്തിന്മേൽ നിസ്സാരമായ കളങ്കവും തെളിഞ്ഞു കാണ്മാനിടയാകുന്നതിൽ വിസ്മയിക്കാനില്ലല്ലൊ.

ലോകജീവിതം അവസാനിച്ചാൽ പിന്നീട് ദൈവത്തെ ഉപദ്രവിക്കുന്നതിനുള്ള അവസരമേ ഉണ്ടാകുന്നതല്ലല്ലൊ എന്ന് അനുസ്മരിക്കുന്തോറും ഓരോ ദിവസവുമെന്നല്ല മണിക്കൂർതന്നെയും സുദീൎഘമായ ഒരു കാലഘട്ടമായി പുണ്യവതിക്കു തോന്നിയിരുന്നു. "ഹാ! കൎത്താവേ, ദുരിതസംപൂൎണ്ണമായ ഈ ജീവിതത്തിൽ നിത്യജീവിതം സംശയസ്ഥാനത്തു സ്ഥിതിചെയ്യുന്നു. ഹാ! ലോകജീവിതമേ, എന്റെ ഭാവിനന്മയുടെ ശത്രുവേ, നിനക്കൊരവസാനം വരുത്തുവാൻ ആൎക്കു കഴിയും? ദൈവം തിരുമനസ്സാകുന്നതിനാൽ ഞാൻ ഇതു സഹിക്കുന്നു, അതുകൊണ്ടുമാത്രം നിന്നെ ഞാൻ സംരക്ഷിക്കുന്നു. ഞാൻ നന്ദിഹീനയൊ, ദൈവദ്രോഹിയൊ ആയി തീരാതെയിരിക്കട്ടെ. ലോകജീവിതമെ, നിത്യസത്യത്തിന്റെ അറുതിയില്ലാത്ത സമുദ്രത്തിൽ നീ മുഴുവനായി മുങ്ങി മായുന്നതും പാപം ചെയ്യുന്നതിനു നിനക്കുള്ള സ്വാതന്ത്ര്യം നശിക്കുന്നതുമായ ആ ആശീൎവ്വദിക്കപ്പെട്ട സുദിനം എന്നു സമാഗതമാകും?"

പാപം ചെയ്യുന്നതിനിടയാകാമെന്നുള്ള ഭയത്തോടുകൂടെ തന്റെ ഏക സ്നേഹവിഷയമായിരുന്ന സ്വർഗ്ഗീയ മണവാളനെ അഭിമുഖമായി ദശിച്ച് ആനന്ദിക്കുന്നതിനുള്ള അത്യാകാംക്ഷയും കൂടിയായപ്പോൾ, ലോകജീവിതത്തോടു പുണ്യവതിക്കുണ്ടായിരുന്ന വിരസതയും മരിക്കുന്നതിനുള്ള അഭിവാഞ്ഛയും പതിന്മടങ്ങു വദ്ധിച്ചു. ദൈവത്തെ കൂടുതലായി സ്നേഹിക്കുന്നതിനും തന്നോടു പരിപൂർണ്ണമായി യോജിക്കുന്നതിനും ഉള്ള ആ ശുഭാവസരത്തെ നമ്മുടെ വിശുദ്ധ അക്ഷമയായി അനുസ്യൂതം പ്രതീക്ഷിച്ചിരുന്നു. തന്റെ മോക്ഷമണവാളനിൽനിന്നും വിദൂരമായ ഈലോക ജീവിതം അനുനിമിഷം അസഹനീയമായിത്തോന്നി. സങ്കടം സഹിക്കവഹിയാതെ പലപ്പോഴും അവൾ ഇങ്ങനെ പ്രലപിച്ചിരുന്നു: "ഹാ! കത്താവേ! ഈ നാടുകടത്തൽ കുറെ ദൈഘ്യമേറിയതുതന്നെ. ഈ കാരാഗൃഹത്തിൽ അടക്കപ്പെട്ടിരിക്കുന്ന ഒരാത്മാവിന് എന്തു ചെയ്യുവാൻ കഴിയും? നല്ല ഈശോയേ, മനുഷ്യജീവിതം ദൈഘ്യമേറിയ ഒന്നുതന്നെ. യഥാർത്ഥ ജീവിതത്തെ പ്രാപിക്കുന്നതിനുള്ള മാഗ്ഗമെന്ന നിലയിൽ ഈ ജീവിതം ചുരുങ്ങിയതാകുന്നു. പക്ഷെ, ദൈവസന്നിധിയിൽ തന്നെത്തന്നെ ദശിക്കുന്നതിന് അഭിലഷിക്കുന്ന ഒരാത്മാവിന് ഈ ജീവിതം ദീഘമായ ഒന്നുതന്നെയാണ്." "അല്ലയൊ ജീവനേ, ജീവനേ, നിന്റെ ജീവനിൽനിന്നും ഇങ്ങനെ അകന്നു നില്ക്കുവാൻ എങ്ങനെയാണ് നിനക്കു കഴിയുക? അല്ലയൊ, മരണമേ, മരണമേ ആരാണു നിന്നെ ഭയപ്പെടുക? എന്തെന്നാൽ ജീവൻ നിന്നിലത്രെ സ്ഥിതിചെയ്യുന്നത്. പക്ഷെ, ദൈവത്തെ സ്നേഹിക്കാതെ ജീവിതം നയിക്കുന്നവരിൽ ആക്കു നിന്നെ ഭയപ്പെടാതിരിക്കുവാൻ കഴിയും? എന്റെ ആത്മാവേ, നിന്റെ ദൈവത്തെ സ്നേഹിച്ചുകൊള്ളുക. കരുണാനിധിയായ ദൈവം നിന്റെ ദുരിതങ്ങൾക്കവസാനം വരുത്തുമെന്നു ശരണപ്പെട്ടുകൊള്ളുക" എന്നീ സ്നേഹപ്രകരണങ്ങൾ ചൊല്ലിക്കൊണ്ട് മററു ചിലയവസരങ്ങളിൽ പുണ്യവതി സമയം കഴിച്ചിരുന്നു.

വി. അമ്മത്രേസ്യാ മരിക്കുന്നതിന് എത്രമാത്രം ആഗ്രഹിച്ചിരുന്നു എന്ന് ഏറെക്കുറെ എങ്കിലും ഗ്രഹിക്കണമെങ്കിൽ, ലോകത്തിൽ ജീവിക്കുന്നതിനെപ്പററി സ്മരിക്കുന്ന മാത്രയിൽ അവളനുഭവിച്ചിരുന്ന സങ്കടങ്ങളെപ്പററി ഒരു ഏകദേശജ്ഞാനമെങ്കിലും ഉണ്ടായേ മതിയാവൂ. ഇനിയും ജീവിക്കണമല്ലൊ എന്ന

ചിന്താമാത്രയിൽ ജീവഹാനിക്കു തന്നെയും മതിയായ വേദന താൻ അനുഭവിച്ചിരുന്നു എന്നത്രെ അവൾ തൻെറ ആത്മീയ ഗുരുവിനോടു പ്രസ്താവിച്ചിട്ടുള്ളതു്. ജീവിതകാലത്തെ ഓരോ വിനാഴികയും ഓരോ വൎഷമൊ അല്ല ശതവൎഷമൊ സഹസ്ര വൎഷമൊപോലെയും, വഹിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാരംപോലെയും, അവൾക്കു തോന്നിയിരുന്നു എന്നു പറഞ്ഞാൽ പുണ്യവതിയേ സംബന്ധിച്ചിടത്തോളം അതു കേവലം ഒരു യാഥാൎത്ഥ്യം മാത്രമാണു്. "ഞാൻ ജീവിക്കുന്നു പക്ഷേ ഞാൻ എന്നിൽനിന്നും വളരെ വിദൂരമാണു്. ഉന്നതമായ ജീവിതത്തെ പ്രതീക്ഷിച്ചുകൊണ്ടു് സദാ ഞാൻ മരിക്കുവാൻ ഒരുങ്ങിയിരിക്കുന്നു. പക്ഷേ മരിക്കുന്നില്ല."

"എൻെറ ആത്മാവു് നിന്നോടു പരിപൂൎണ്ണമായും ഐക്യപ്പെട്ടിരിക്കുന്നതായും എൻെറ സൎവ്വശക്തികളും നിന്നിൽ സന്തോഷിക്കുന്നതായും എന്നു് എനിക്കു് കാണ്മാൻ കഴിയും?" എന്നിങ്ങനെ മരണാസക്തയായ നമ്മുടെ വിശുദ്ധ താനറിയാതെതന്നെ പ്രലപിക്കു പതിവായിരുന്നു. "എൻെറ കൎത്താവേ, ഇന്നത്തെ സ്ഥിതിയിൽ ഇതു ദീൎഘിക്കുവാൻ അനുവദിക്കരുതേ. എന്തെന്നാൽ എൻെറ ആത്മാവു് നാലു വശത്തുനിന്നും വലയപ്പെട്ടു ഛിന്നഭിന്നമാക്കപ്പെട്ടതുപോലെ തോന്നിപ്പോകുന്നു" എന്നു് നിരന്തരം അവൾ പ്രാൎത്ഥിച്ചിരുന്നു ഒരിക്കൽ മരിക്കാമല്ലൊ എന്നുള്ള ചിന്ത മാത്രമായിരുന്നു അവൾക്കു് ഇഹത്തിലുണ്ടായിരുന്ന ഏക സാന്ത്വനചിന്ത. അവളുടെ സകല സന്തോഷവും ഇതിൽമാത്രം അടങ്ങിയിരുന്നു. "എൻെറ ആത്മാവേ, നീ നിത്യവിശ്രാന്തി അടയുമ്പോൾ അനന്ത നന്മയായ ദൈവവുമായി നിനക്കു സുസ്നേഹം സംഭാഷിക്കാം; അവിടുന്നു അറിയുന്നവ നിനക്കും ഗ്രഹിക്കാം; താൻ സ്നേഹിക്കുന്നതിനെ നിനക്കും സ്നേഹിക്കാം. തൻെറ മഹിമപ്രതാപത്തിനു ആസ്പദമായിരിക്കുന്നവയിൽ നിനക്കു സന്തോഷിക്കാം. എന്തെന്നാൽ അപ്പോൾ നിൻെറ നികൃഷ്ടമായ ആശാപാശങ്ങൾ നിന്നിൽ ഉണ്ടായിരിക്കുന്നതല്ല" എന്നു് പറഞ്ഞുകൊണ്ടു് പുണ്യവതി സ്വയം സമാശ്വസിക്കുകയും സന്തോഷിക്കുകയും ചെയ്യുക ഒട്ടും അപൂൎവ്വമല്ലായിരുന്നു.

നിത്യത്വത്തെപ്പററിയുള്ള ഒരു പ്രതീക്ഷാഫലട്ടം മാത്രമായിരുന്നു അവളുടെ സുദീൎഘമായ ലോകജീവിതമെന്നു് ഒരു വാചകത്തിൽ സംക്ഷേപിക്കാം. ഈ നിത്യത്വത്തിനുവേണ്ടി ലൗകിക

മായ സമസ്തവും അവൾ പരിച്ഛേദം പരിവർജ്ജിച്ചു. അതിനായി സർവ്വവും ദൈവത്തിനു ബലി അർപ്പിച്ചു. "ലൗകികമായ സർവ്വ നന്മകളെയുംകാൾ നിത്യത്വത്തെ പ്രതീക്ഷിച്ചുകൊണ്ടു ജീവിക്കുവാനും മരിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. എന്റെ ദൈവമേ, നിന്നിൽ ഞാൻ ശരണപ്പെടുന്നു. എന്നെ നീ ഉപേക്ഷിക്കരുതെ. ഇടവിടാതെ നിന്നെ സേവിക്കാനുള്ള അനുഗ്രഹം എനിക്കു തന്നാൽ മതി, പിന്നെ അങ്ങേ തിരുമനസ്സുപോലെ എന്നെക്കൊണ്ടു് എന്തും ചെയ്തുകൊള്ളുക." നമ്മുടെ വിശുദ്ധയുടെ ജീവിതത്തിന്റെ പരമാദർശം ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്നു എന്നു് സംക്ഷേപമായി പറയാം.

## II

സ്വർഗ്ഗഭാഗ്യപ്രാപ്തിക്കായുള്ള അക്ഷീണമായ ഒരു ആഗ്രഹം നമ്മിൽ എന്നെന്നും ഉണ്ടായിരിക്കേണ്ടതാണു്. വി. ഫിലിപ്പ് നേരിക്കു് കർദ്ദിനാൾ സ്ഥാനം ലഭിക്കാനിരിക്കുന്നുവെന്നറിഞ്ഞപ്പോൾ അദ്ദേഹം സ്വർഗ്ഗത്തിലേക്കു തന്റെ ദൃഷ്ടികളെ ഉയർത്തിക്കൊണ്ടു് സ്വർഗ്ഗം സ്വർഗ്ഗം എന്നു വിളിച്ചുപറഞ്ഞു. അതേ, മഹോന്നതമായ ഒരു ബഹുമതി സംസിദ്ധമായപ്പോഴും വിശുദ്ധൻ ആ സ്ഥാനബഹുമതിയേയൊ തജ്ജന്യമായ ഉന്നതിയേയൊ പററി അശേഷം ചിന്തിച്ചില്ല. അപ്പോൾ സ്വർഗ്ഗത്തെപ്പററിയുള്ള ചിന്തയാണു് അദ്ദേഹത്തിന്റെ മനോദർപ്പണത്തിൽ ഉദിച്ചുയർന്നതു്. അതുപോലെതന്നെ ഏതു കാര്യത്തിലും നമ്മുടെയും പ്രഥമവും പ്രധാനവുമായ ചിന്താവിഷയം അതായിരിക്കണം. അതിനെ ലക്ഷ്യമാക്കി ആയിരിക്കണം നമ്മുടെ സമസ്തപ്രവൃത്തികളും. കുട്ടികൾ വിനോദാർത്ഥം സ്വർഗ്ഗം സ്വർഗ്ഗം എന്നു വിളിച്ചു പറയുന്നതു കേട്ടപ്പോഴെല്ലാം ഭാഗ്യസ്മരണാർഹനായ ഗയിൽസ് എന്ന ഫ്രാൻസീസ്സിൻ തുണസഹോദരൻ സന്തോഷാതിരേകത്താൽ മതിമറന്നു തന്നെത്താൻ കുതിച്ചു ചാടിയിരുന്നു.

മനുഷ്യരിൽ ഓരോരുത്തന്റേയും പ്രാപ്യസ്ഥാനമായ മോക്ഷഭാഗ്യത്തെ ഇഹത്തിൽവെച്ചു അഭിലഷിക്കാതെ, പാരത്രികചിന്തകളൊന്നുംകൂടാതെ, കേവലം മൃഗതുല്യരായി, ലൗകികവ്യാപാരങ്ങളിൽ മാത്രം വ്യാപൃതരായി അതിനെമാത്രം ആഗ്രഹിച്ചും തേടിയും നടക്കുന്നവരുടെ ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തിൽ ഒരു പ്രത്യേകവിധ വേദനയ്ക്കു വിധേയമാക്കപ്പെടുമെന്നു ദൈവ

ശാസ്ത്രപാരംഗതർ അഭിപ്രായപ്പെടുന്നു. മനുഷ്യദൃഷ്ടിക്കു അഗോ
ചരനായ ദൈവത്തിന്റെ അനന്തഭാഗ്യത്തിൽ പങ്കാളികളാകു
ന്നതിനു് അഭിലഷിക്കാത്തവർ ദൈവസ്നേഹവിഷയത്തിൽ അല
സരായൊ അശ്രദ്ധരായൊ കാണപ്പെടുന്നതിൽ വിസ്മയിക്കാനി
ല്ല. വിശ്വാസം വഴിയായി ദൈവത്തെയും തന്റെ മഹിമ
പ്രതാപങ്ങളെയും ദർശിക്കുന്നവർ മാത്രമേ ദൈവസ്നേഹത്തിൽ
സുസ്ഥിരരായും സ്വർഗ്ഗഭാഗ്യപ്രാപ്തിയിൽ അത്യാകാംക്ഷയോടു
കൂടിയവരായും കാണപ്പെടുകയുള്ളൂ. വിശ്വാസംമൂലം ദൈവത്തെ
ദർശിക്കാത്തവർക്കു തന്നെ ഉപദ്രവിക്കാതിരിപ്പാനും സാധിക്കുന്ന
തല്ലെന്നു പറയാം. എന്തെന്നാൽ വിശ്വാസമില്ലാത്തവർ ഒരു
പക്ഷേ ദൈവത്തെ സ്നേഹിക്കുന്നുണ്ടെന്നിരുന്നാൽ തന്നെയും
ആ സ്നേഹം പരിപൂർണ്ണമൊ യഥാർത്ഥമൊ ആയ സ്നേഹമായിരി
ക്കുന്നതല്ല; ദൈവസ്നേഹമെന്നു് ഒന്നു് നമ്മിൽ ഉണ്ടെന്നുള്ള
വസ്തുത തന്നെയും വിസ്മരിക്കപ്പെട്ടുപോയി എന്നു വരും. എ
ന്നാൽ സ്വർഗ്ഗഭാഗ്യത്തിൽ എത്തിച്ചേരുന്ന ഒരാത്മാവിനു് ദൈ
വത്തെ ഉപദ്രവിക്കാൻ ഒരുനാളും ഒരു കാരണവശാലും ഇടയാ
കുന്നതല്ല. അവിടെ ദൈവത്തെ താൻ അർഹിക്കുന്ന വിധം
നമ്മുടെ സർവ്വശക്തികളോടുംകൂടി നമുക്കു സ്നേഹിക്കുവാൻ സാധി
ക്കുകയും ചെയ്യും.

അതിനാൽ സുരക്ഷിതമായ ഈ സ്ഥാനപ്രാപ്തിക്കായി നമു
ക്കു അക്ഷീണം പരിശ്രമിക്കാം, അതിനായി ഉള്ളഴിഞ്ഞു് ആഗ്ര
ഹിക്കാം. ഇഹത്തിൽ ദുഃഖാരിഷ്ടതകൾ നേരിടുമ്പോൾ ഈ അനന്ത
ഭാഗ്യത്തെപ്പററിയുള്ള സ്മരണ അവയെ ക്ഷമയോടെ സഹിക്കു
വാൻ നമുക്കു ശക്തി നൽകത്തക്കവണ്ണം സ്വർഗ്ഗത്തെ നമുക്കു്
ആശിച്ചഭിലഷിക്കാം. ഇത്ര വലിയ ഒരു ഭാഗ്യത്തിനുവേണ്ടി
ലോകജീവിതംതന്നെ ബലി അർപ്പിക്കുന്നതിനു് നമുക്കു സദാ സ
ന്നദ്ധരായിരിക്കാം. നിരോധിക്കപ്പെട്ട കനികളെക്കൊണ്ടു് പി
ശാചു് നമ്മെ പരീക്ഷിക്കുമ്പോൾ സ്വർഗ്ഗത്തിലേയ്ക്കു നമ്മുടെ
ദൃഷ്ടികളെ തിരിച്ചുകൊണ്ടു് നമുക്കു് അവയിൽനിന്നും പിന്തി
രിഞ്ഞു കളയാം. ദൈവത്തിന്റെ ന്യായവിധിയെപ്പററി ഭയം
ജനിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനന്ത ദയയിലും അനു
ഗ്രഹത്തിലും നമുക്കു് അഭയം തേടാം. നമ്മുടെ പ്രാപ്യസ്ഥാന
മായ സ്വർഗ്ഗം നമുക്കു കൈവരുത്തുന്നതിനു് ദൈവം അളവററ
വിധത്തിൽ ആഗ്രഹിക്കുന്നുണ്ടു്. അതിനാലത്രെ ശിക്ഷയിൻകീഴ്

തന്റെ ദയയിൽ ശരണപ്പെടണമെന്നും നിരാശയിൽ നിമഗ്നരാകരുതെന്നും നമ്മോടു നിഷ്കൎഷിക്കയും ആജ്ഞാപിക്കയും ചെയ്തിരിക്കുന്നതു്. ഇത്രമാത്രമോ? ഈ മഹാഭാഗ്യം തന്റെ രക്തംതന്നെയും ചിന്തി ജീവനെപ്പോലും ബലി കഴിച്ചുകൊണ്ടു് നമുക്കുവേണ്ടി ആസ്ഥമാക്കുവാൻ ദൈവപുത്രൻ തിരുമനസ്സായി. പോരാ, അതിനൊരു അച്ചാരമായിട്ടെന്നവണ്ണം ദിവ്യകാരുണ്യം വഴിയായി തന്നെത്തന്നെ നമുക്കു നൽകുന്നതിനുകൂടെയും ആ കാരുണ്യമൂൎത്തി തിരുച്ചിത്തമായിരിക്കുന്നു. അതിനാൽ നമ്മുടെ ബലഹീനതയോ പോരായ്മകളോ നമുക്കു ഭയം ജനിപ്പിക്കുന്നുവെങ്കിൽ ആ നല്ല ദൈവത്തിന്റെ അനുഗ്രഹത്തിൽ നമുക്കു ശരണപ്പെടാം. നഷ്ടപ്പെട്ട സ്വൎഗ്ഗഭാഗ്യം നമുക്കായി വീണ്ടെടുക്കുകയും, ഏതൽപ്രാപ്തിക്കു നമുക്കു സഹായകമായി ഭവിക്കത്തക്കവണ്ണം തന്നെത്തന്നെ നമുക്കു നൽകുവാൻ തിരുമനസ്സാകുകയും ചെയ്ത ദൈവം, നാം കൂടെക്കൂടെ പ്രാൎത്ഥിക്കുന്നു എങ്കിൽ നമ്മുടെ ബലഹീനതകളെയും ന്യൂനതകളെയും പരിഹരിച്ചു് അപേക്ഷ സാധിതപ്രായമാകുന്നതിനുവേണ്ട വരവും അനുഗ്രഹങ്ങളും നൽകാതിരിക്കുകയില്ലെന്നു തന്നെ നമുക്കു് സകാരണം പ്രതീക്ഷിക്കാം.

സംഭാഷണം:— എത്രയും പ്രിയമുള്ള ദിവ്യ ഈശോയെ, നിന്റെ വാത്സല്യമണവാട്ടിയായ വി. അമ്മത്രേസ്യാക്കു നീ നൽകിയ മരണത്തിന്മേലുള്ള ആഗ്രഹം എന്ന ദാനത്തെക്കുറിച്ചു നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെയും നിന്റെ ഈ വിശ്വസ്തദാസിയുടെയും യോഗ്യതകളെക്കുറിച്ചു് ഞങ്ങൾക്കും മരിക്കാനുള്ള ആഗ്രഹം നൽകിയരുളണമെ. പരിശുദ്ധന്മാരുടെ രാജ്യത്തിൽ നിന്നെ പ്രാപിച്ചു നിത്യമായി ആനന്ദിക്കാനുള്ള മഹാഭാഗ്യം ഞങ്ങൾക്കു നീ തരണമെ.

സ്നേഹത്തിന്റെ കുന്തത്താൽ ത്രേസ്യായുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ഈശോയെ, എന്റെ ഹൃദയത്തെയും കുത്തി മുറിപ്പെടുത്തണമെ.

# ഒൻപതാം ദിവസം

വി. അമ്മത്രേസ്യായുടെ ഭാഗ്യമരണം

ത്രപീകരണം:— വി. അമ്മത്രേസ്യാ തൻെറ ജ്ഞാനമക്കൾ ചുററിലും നില്ക്കുകയിൽ അന്ത്യശ്വാസം വലിച്ചു തൻെറ ദിവ്യമണവാളൻെറ പക്കലേയ്ക്കു പോകുന്നതു കാണുന്നതായി വിചാരിക്കുക.

അഭ്യർത്ഥന:— വി. അമ്മത്രേസ്യായെപ്പോലെ നീതിമാന്മാൎക്ക് അനുയോജ്യമായ ഒരു ഭാഗ്യമരണം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുക.

## ധ്യാനം

### I

വി. അമ്മത്രേസ്യാ ബൂർഗോസ്സ് ആശ്രമത്തിൽനിന്നും യാത്ര തിരിച്ചപ്പോൾ അതു തൻെറ അന്ത്യയാത്രയാണെന്നും ചിരകാലമായി താൻ അക്ഷമതയോടെ പ്രതീക്ഷിച്ചിരുന്ന മരണം ആസന്നമായിരിക്കുന്നു എന്നും ദൈവാനുഗ്രഹത്താൽ കാലേക്കൂട്ടി ഗ്രഹിച്ചിരുന്നു. താൻ ആദ്യമായി സ്ഥാപിച്ച ആവിലാ കന്യകാശ്രമത്തിൽ എത്തി അവിടെവച്ചു തൻെറ ആത്മാവിനെ സ്നേഹമണവാളൻെറ തൃക്കരങ്ങളിൽ സമൎപ്പിക്കണമെന്നു പുണ്യവതിക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ദൈവചിത്തം വേറെവിധമായിരുന്നു. ബൂർഗോസിൽനിന്നും വിശുദ്ധ യാത്രയായപ്പോൾ, അവൾ ആൽബായിൽ എത്തി അവിടത്തെ ആശ്രമം പരിഷ്കരിക്കണമെന്നു സഭാ പ്രൊവിൻഷ്യാളിൻെറ ആജ്ഞ ലഭിച്ചു. പുണ്യവതി ആൽബാ ആശ്രമത്തിൽ കിടന്നു അന്ത്യശ്വാസം വിടണമെന്നായിരുന്നു ദൈവനിശ്ചയം. അതെ, സ്വർഗ്ഗത്തിൽ അവൾക്കുള്ള സ്ഥാനം ദൈവം ഒരുക്കിക്കഴിഞ്ഞിരുന്നു. "വന്നാലും, നിൻെറ പ്രയത്നങ്ങളാൽ നിൻെറ സ്നേഹമണവാളൻ സംതൃപ്തനായിരിക്കുന്നു. ഇനിയും അവ തുടരേണ്ട; നിൻെറ നെടുവീൎപ്പുകൾ തൻെറ ഹൃദയത്തെ യഥായോഗ്യം സ്പർശിക്കുവാൻ തൻെറ അനു

കമ്പ നിൻെറമേൽ ഉണ്ടായിരിക്കുന്നു. ലോകസമുദ്രത്തിലെ കൊടുങ്കാററുകളെ യഥായോഗ്യം എതിരിട്ടു കഴിഞ്ഞിരിക്കുന്നതിനാൽ ഇനി നീ അർഹിക്കുന്ന നിത്യമായ വിശ്രമം അനുഭവിക്കുന്നതിനായി സ്വർഗ്ഗത്തിലേക്ക് വന്നാലും. നീ ആശിക്കുന്ന മരണം വഴി സ്നേഹംതന്നെയാകുന്ന ഒരു നവജീവിതത്തിൽ പ്രവേശിച്ചാലും. ഇതാ നിൻെറ സ്നേഹമണവാളൻ നിനക്കായി അത്യുസജ്ജമാക്കിയിരിക്കുന്നു" എന്നിങ്ങനെ ദിവ്യരക്ഷകൻ വിശുദ്ധയെ ക്ഷണിച്ചു. സസ്നേഹം, സസന്തോഷം പുണ്യവതി ക്ഷണം സ്വീകരിച്ചു അൽബാ ആശ്രമത്തിലേക്കു പോവുകയും ചെയ്തു.

1582-ൽ വി. മത്തായി ശ്ലീഹായുടെ തിരുനാൾ ദിനം ആറു മണിക്ക് അമ്മത്രേസ്യാ ആൽബായിൽ എത്തി, ആശ്രമവാസികളാൽ സസന്തോഷം സ്വീകൃതയുമായി. ഇനിയും ഒരിക്കൽ തങ്ങളുടെ ഈ അമ്മയെ ഏവംവിധം സ്വീകരിക്കുവാനുള്ള ഭാഗ്യം കൈവരുന്നതല്ലെന്നും അമ്മത്രേസ്യായുടെ വിരഹവേള അത്യാസന്നമായിരിക്കയാണെന്നും ഉള്ള യാഥാർത്ഥ്യം ആശ്രമവാസികൾ അറിഞ്ഞിരുന്നില്ല. എങ്കിലും ഇതൊന്നും ഗ്രഹിക്കാതെതന്നെ അവർ മുട്ടുകുത്തി വിശുദ്ധയുടെ കരങ്ങൾ ചുംബിച്ചും ആശീർവ്വാദവും അനുഗ്രഹവും പ്രാപിച്ചും കൃതാർത്ഥരായി.

സുദീർഘമായ യാത്രനിമിത്തം അപ്പോൾ വിശുദ്ധ അനന്യസാധാരണമായ കായക്ലേശം അനുഭവിച്ചിരുന്നു. തത്സമയം ഉണ്ടായിരുന്ന പനിമൂലം ശരീരാസ്വാസ്ഥ്യം പതിന്മടങ്ങു വർദ്ധിക്കുകയാൽ സഹോദരികളുടെ നിർബന്ധമായ അപേക്ഷയനുസരിച്ചു ഉടൻതന്നെ മുറിയിൽ പോയി കിടന്നു. "എൻെറ വാത്സല്യമക്കളേ, എനിക്കു വലിയ ക്ഷീണം തോന്നുന്നു ദൈവം എന്നെ സഹായിക്കട്ടെ. കഴിഞ്ഞ ഇരുപതുകൊല്ലത്തിനിടയിൽ ഒരു ദിവസവും ഇത്ര നേരത്തെ വിശ്രമിക്കുവാൻ എനിക്കാവശ്യമുണ്ടായിട്ടില്ല.- ഞാൻ നിങ്ങളുടെ ഇടയിൽ എത്തി കഴിഞ്ഞപ്പോൾമാത്രം ഇത്ര വലിയ ക്ഷീണം നേരിടുവാൻ എനിക്കു ഇടയാക്കിയതിനു ദൈവത്തിനു- സ്തോത്രം" എന്നു പറഞ്ഞുകൊണ്ടാണ് അവൾ ഉടനേതന്നെ വിശ്രമാർത്ഥം പിൻവാങ്ങിയതു്. അന്നുമുതൽ വിശുദ്ധയുടെ അസ്വാസ്ഥ്യം അടിക്കടി വർദ്ധിച്ചുകൊണ്ടിരുന്നു. ശയ്യയിൽനിന്നും എഴുന്നേല്ക്കുവാൻ തന്നെയും നിവൃത്തിയില്ലെന്നായി. എങ്കിലും ജീവിതത്തിനു ഏക അവലംബ

മായിരുന്ന ദിവ്യകാരുണ്യത്തെ ശയ്യയിൽ എഴുന്നേററിരുന്നു കൊണ്ടു സ്വീകരിക്കുന്നതിനു ഈ മഹാരോഗം തന്നെയും പ്രതിബന്ധമായിരുന്നില്ല; അതിനു മുടക്കം വരുത്തിയുമില്ല.

രോഗം അനുദിനം വർദ്ധമാനമായിക്കൊണ്ടിരുന്നു. വി. മിഖായേലിൻെറ തിരുനാൾദിവസം അന്ത്യയാത്രയ്ക്കുള്ള പ്രാരംഭമായി പുണ്യവതി രോഗശാലയിലേക്കു മാറി. ഒരു രാത്രിയും ഒരു പകലും അവിടെ പ്രാർത്ഥനയിൽ തന്നെ കഴിച്ചുകൂട്ടി. ഈ പ്രാർത്ഥനക്കിടയിൽ ചിരപ്രതീക്ഷിതമായ തൻെറ അന്ത്യം ആസന്നമായിരിക്കുന്നു എന്നുള്ള വസ്തുത വിശുദ്ധയ്ക്കു ദൈവം വെളിപ്പെടുത്തി കൊടുത്തു. അവസാനവിനാഴികപോലും തൻെറ സ്നേഹമണവാളൻ അവളെ അറിയിച്ചു. ഈ സുവാർത്ത ഗ്രഹിച്ച ഉടനെ ക്ലേശഭൂയിഷ്ഠമായ തൻെറ പ്രയത്നങ്ങളിലെല്ലാം തന്നെ അനുഗമിച്ചിരുന്ന വി. ബത്ത്ലേമ്മായുടെ അന്ന എന്ന വാഴ്ത്തപ്പെട്ട കന്യാസ്ത്രീയെ വിളിച്ച് തൻെറ അവസാനം ആസന്നമായിരിക്കുന്നു എന്നു അറിയിച്ചു. സഭയുടെ അഭിവൃദ്ധിയെ കാംക്ഷിച്ച്, തൻെറ ആയുഷ്ക്കാലം ദീർഘിപ്പിച്ചു തരണമെന്നു ദിവ്യരക്ഷകനോടു പ്രാർത്ഥിക്കുവാൻ, വിശുദ്ധ മരിക്കുന്നതിനു മൂന്നു ദിവസം മുമ്പ് പാപസങ്കീർത്തനം നടത്തിയപ്പോൾ ഈശോയുടെ യോഹന്നാൻ എന്ന വൈദികൻ വിശുദ്ധയോടാവശ്യപ്പെട്ടു. "അതേപ്പററി ഇനി ചിന്തിച്ചിട്ടേ ആവശ്യമില്ല; മരണം നിശ്ചയമായും അടുത്തിരിക്കുന്നു. ഭൂമുഖത്ത് ഇനി എൻെറ സാന്നിദ്ധ്യത്തിൻെറ ആവശ്യമില്ല" എന്നു അവൾ പ്രശാന്തസ്വരത്തിൽ മറുപടി നൽകി. രോഗിണിക്കു ഔഷധം കുത്തിവെക്കണമെന്ന് ഒരു ഡോക്ടർ അഭിപ്രായപ്പെട്ടു. അവൾ അതിനു സസന്തോഷം സമ്മതിച്ചു. രോഗം നീങ്ങണമെന്നുള്ള ആഗ്രഹംകൊണ്ടല്ല പ്രത്യുത, ആ സങ്കടംകൂടെയും അനുഭവിക്കാമല്ലോ എന്നു കരുതിയത്രെ പുണ്യവതി ഇതിനു സമ്മതിച്ചത്. രക്ഷകനുവേണ്ടി കഴിയുന്നത്ര പീഡകൾ സഹിക്കുന്നതിനുള്ള വിശുദ്ധയുടെ സന്നദ്ധതയത്രെ ഇവിടെ നാം കാണുന്നത്. അന്ത്യംവരെയും ഘോരപീഡകൾ സഹിക്കണമെന്നും പീഡകൾക്കിടയിൽതന്നെ അന്ത്യശ്വാസം വിടണമെന്നും അവൾ അഭിലഷിച്ചു. തൻെറ സ്നേഹമണവാളനും അതിനു തിരുച്ചിത്തമായി.

വി. ഫ്രാൻസിസ് അസീസിയുടെ തിരുനാളിനു തലേ ദിവസം ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുക്കണമെന്ന് രോ

ഗിണി ആവശ്യപ്പെട്ടു. വിശുദ്ധ ഭോജനം കൊണ്ടുവരുന്നതിന് വൈദികൻ പോയപ്പോൾ സന്താപനിമഗ്നരായി അശ്രുധാര വർഷിച്ചുകൊണ്ട് ചുറ്റും നിന്നിരുന്ന കന്യാസ്ത്രീകളുടെ നേരെ തിരിഞ്ഞു കൈകൾ കൂട്ടി പിടിച്ചുകൊണ്ട് നമ്മുടെ വിശുദ്ധ ഇങ്ങനെ പറഞ്ഞു. "എന്റെ മക്കളേ, എന്റെ അമ്മമാരേ, ഞാൻ നിങ്ങൾക്ക് ദുർമ്മാതൃക കാട്ടിത്തന്നിട്ടുള്ളതിനെ എന്നോടു ക്ഷമിക്കണമെ. ഇക്കാര്യത്തിൽ എന്നെ—അതേ ലോകത്തിൽ ഉണ്ടായിട്ടുള്ളതിൽ ഏററം വലിയ പാപിഷ്ഠയും സഭാചട്ടങ്ങളെ മററാരേയുംകാൾ കൂടുതൽ ലംഘിച്ചിട്ടുള്ളവളുമായ എന്നെ—നിങ്ങൾ ഒരിക്കലും അനുകരിക്കരുതേ. സഭാനിയമങ്ങളെ അന്യൂനം അനുസരിക്കണമെന്നും മേലധികാരികൾക്ക് കീഴ്‌വഴങ്ങണമെന്നും പ്രിയമക്കളേ ദൈവസ്നേഹത്തെപ്രതി നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു." കീഴ്‌വഴക്കത്തിൽ മഹാനിഷ്ഠയുള്ളവളായിരുന്ന വിശുദ്ധ തന്റെ അന്ത്യത്തിലും അതിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയുംപററി സഭാംഗങ്ങളെ ഉപദേശിച്ചു. ഏതൊരു സഭാംഗത്തിന്റെയും ജീവിതവിജയവും പുണ്യപൂർണ്ണതയും അയാളുടെ അനുസരണത്തെ ആണ് ആശ്രയിച്ചിരിക്കുന്നതു് എന്നു പുണ്യവതി യഥായോഗ്യം ഗ്രഹിച്ചിരുന്നതിനാലത്രെ ആ അന്ത്യസമയത്തും അനുസരണത്തെപ്പററി സഭാംഗങ്ങളെ ഹൃദയസ്പൃക്കമായ വിധത്തിൽ ഉപദേശിച്ചതു്.

ഈ ഉപദേശം അവസാനിച്ചപ്പോൾ വൈദികൻ ദിവ്യകാരുണ്യവും വഹിച്ചുകൊണ്ട് മുറിയിലെത്തി. അനങ്ങുവാൻ തന്നെയും വഹിയാതെ കിടന്നിരുന്ന വിശുദ്ധ അത്ഭുതകരമായ പ്രസന്നതയോടും പ്രസരിപ്പോടുംകൂടി ശയ്യയിൽ ഒരു വിധത്തിൽ എഴുന്നേററിരുന്നു. നിശ്ചലയായി ശയിച്ചിരുന്ന രോഗി ദിവ്യകാരുണ്യവാഹിയായ വൈദികനെ ദർശിച്ച മാത്രയിൽ അദ്ദേഹത്തിന്റെ അടുക്കലേക്കു പറന്നെത്തുവാൻ തുടങ്ങുന്നതുപോലെ തോന്നിപ്പോയി. അവളുടെ വദനം പ്രഭാപൂരിതമായിത്തീർന്നു. മുഖത്തുനിന്നും വീശിയിരുന്ന പ്രകാശകതിരുകൾ നിമിത്തം ആർക്കും അവളെ ദർശിക്കുവാൻതന്നെയും നിവൃത്തിയില്ലെന്നായി. തന്റെ സ്നേഹമണവാളനെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന അവൾ കൈകൂപ്പി തല കുനിഞ്ഞു ഇരുന്നിരുന്നു. വിരഹവേള ആസന്നമാകുംതോറും സ്നേഹാധിക്യവും ഭക്തിപാരവശ്യവും നിമിത്തം അവൾ അഗ്നിയിൽ വിറകെന്നകണക്കേ എരിഞ്ഞു തുടങ്ങി.

പുറവും നിന്നിരുന്നവരുടെ നയനങ്ങളിൽനിന്നും അശ്രുകണങ്ങൾ പുറപ്പെടുവിക്കുമാറു് വിശുദ്ധ തൻെറ സ്നേഹമണവാളനുമായി സ്നേഹസംഭാഷണം ചെയ്തുകൊണ്ടിരുന്നു. ഈ സംഭാഷണത്തിനിടയിൽ അവൾ ഇങ്ങനെ പറഞ്ഞു: "എൻെറ കത്താവേ, ചിരകാലമായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ മണിക്കൂറും ഇതാ ഒടുവിൽ സമാഗതമായിരിക്കുന്നു. നാം തമ്മിൽ പരസ്പരം കാണുന്നതിനുള്ള സമയം ഇതാ ആസന്നമായിരിക്കുന്നു. ഹാ! കത്താവേ, ഈ പരരാജ്യത്തുനിന്നും പുറപ്പെടുവാനുള്ള കാലമായിരിക്കുന്നു. ഞാൻ എത്രയും എരിവോടെ ആഗ്രഹിച്ചിരുന്ന ആ മഹാഭാഗ്യം പ്രാപിക്കുന്നതിനുള്ള സമയവും അവസാനമായി ഇതാ കൈവന്നിരിക്കുന്നു."

അനന്തരം, തിരുസഭാമാതാവിൻെറ മടിയിൽ ജനിക്കുന്നതിനും ആ മാതാവിനെ ആജീവനാന്തം സേവിക്കുന്നതിനും ആ മാതാവിൻെറ വക്ഷസ്സിൽ കിടന്നുകൊണ്ടു തന്നെ ജീവൻ വെടിയുന്നതിനും ഉള്ള മഹാഭാഗ്യം നൽകിയതിനു് അവൾ ദൈവത്തിനു സ്തോത്രം ചെയ്തു. "കത്താവേ, ഞാൻ തിരുസഭയുടെ ഒരു സന്താനമാകുന്നു" എന്നു് കൂടെക്കൂടെ സന്തോഷത്തോടെ പറഞ്ഞിരുന്നു. 'അനുതാപപ്പെട്ടതും എളിമയുള്ളതുമായ ഒരു ഹൃദയത്തെ ഹാ! എൻെറ ദൈവമേ, അങ്ങു നിരസിക്കയില്ല" എന്നുള്ള ദാവീദിൻെറ വാക്യത്തെ അവൾ കൂടെക്കൂടെ ഉച്ചരിച്ചു.

യാത്രക്കുള്ള ഒരുക്കമായി അന്ത്യകൂദാശ സ്വീകരിച്ചതിൻെറ പിറേറ ദിവസം കത്താവിൻെറ തൂങ്ങപ്പെട്ട സ്വരൂപത്തെ മുറുകെപ്പിടിച്ചു ചുംബിച്ചുകൊണ്ടു തുടർച്ചയായി പതിനാലു മണിക്കൂർ സമയം പ്രാർത്ഥനാപാരവശ്യത്തിൽതന്നെ നിമഗ്നയായിരുന്നു. ഈ അവസരത്തിൽ വിശുദ്ധയുടെ മുഖകമലം വീണ്ടും അഗ്നിക്കു തുല്യം തിളങ്ങി വിളങ്ങി പ്രകാശിച്ചു ജ്വലിച്ചുകൊണ്ടാണിരുന്നതു്. ആസന്നമായിരുന്ന ആ മഹാഭാഗ്യം അവൾ അനുഭവിച്ചു തുടങ്ങിയതുപോലെ കാണപ്പെട്ടു. "എണീററാലും, വേഗം വരിക" എന്നുള്ള തൻെറ സ്നേഹമണവാളൻെറ ക്ഷണത്തെ സ്വീകരിച്ചുകൊണ്ടു് ഈ ഭക്തിപാരവശ്യത്തിനിടയിൽതന്നെ അവൾ തൻെറ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമപ്പിച്ചു. ദിവ്യരക്ഷകൻ അസംഖ്യം മാലാഖമാരുടെ പരിവാരത്തോടുകൂടി വിശുദ്ധയുടെ സമീപം എഴുന്നള്ളുന്നതായും

മാലാഖമാർ അവളെ നിത്യഭാഗ്യത്തിലേക്ക് ആനയിക്കുന്നതിനുള്ള വിനാഴിക പ്രതീക്ഷിച്ചു സോത്സാഹം നിലകൊള്ളുന്നതായും വിശുദ്ധയുടെ വിശ്വസ്ത കൂട്ടുകാരിയായിരുന്ന ഈശോയുടെ അന്ന എന്ന ഭാഗ്യപ്പെട്ടവൾ കാണുകയുണ്ടായി. പരിശുദ്ധ കന്യകയും മാർ യൗസേപ്പുപിതാവും അവിടെ സന്നിഹിതരായി പുണ്യവതിയെ സ്വർഗ്ഗരാജ്യത്തിലേക്കു കൊണ്ടുപോകുന്നതായും ശുഭ്രവസ്ത്രധാരികളായ ഒട്ടേറെ ആളുകൾ അവളെ അനുഗമിച്ച് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതായും അന്ന എന്ന പ്രസ്തുത ഭാഗ്യപ്പെട്ടവൾതന്നെ കണ്ടു.

പുണ്യവതിയുടെ സ്വർഗ്ഗപ്രവേശനവേളയിൽ അകമ്പടി സേവിക്കുന്നതാണെന്ന് നേരത്തെ അവളോടു വാഗ്ദാനം ചെയ്തിരുന്ന പതിനായിരം വേദസാക്ഷികളായിരുന്നു ആ ശുഭ്രവസ്ത്രധാരികൾ എന്നു വിശ്വസിക്കപ്പെടുന്നു. നമ്മുടെ വിശുദ്ധ ഇവരുടെ തിരുനാൾ ഭക്തിപുരസ്സരം കൊണ്ടാടിയ ഒരു അവസരത്തിൽ ഇവർ എല്ലാവരുംകൂടി പ്രത്യക്ഷരായി അവൾ സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കപ്പെടുന്ന അവസരത്തിൽ തങ്ങളും സന്നിഹിതരായി അകമ്പടി സേവിക്കുന്നതാണെന്നു അവളോടു വാഗ്ദാനം ചെയ്തിരുന്നുവെന്നു റിബേര എന്ന ദേഹം എഴുതീട്ടുണ്ട്. സ്നേഹാഗ്നിയാൽ എരിഞ്ഞിരുന്ന ആ സ്നേഹമണവാട്ടിയുടെ ആത്മാവ് ശരീരമാകുന്ന കാരാഗൃഹത്തിൽനിന്നും ബന്ധനവിമുക്തമാകുന്നതിനുള്ള സമയം ആസന്നമായതോടെ ശുഭ്രവസ്ത്രധാരികളായ ഒട്ടനേകം വാനാരൂപികൾ രോഗിണിയുടെ രോഗശയ്യയെ സമീപിച്ചു. അവരുടെ അകമ്പടിയോടെ പുണ്യവതിയുടെ ആത്മാവ് ഒരു പ്രാവിൻെറ രൂപത്തിൽ തൻെറ സ്നേഹമണവാളനെ പ്രാപിക്കുകയും ചെയ്തു. അടുത്ത ക്ഷണത്തിൽതന്നെ അവൾ ഈശോയുടെ കത്രീനാ എന്ന കന്യാസ്ത്രീക്കു കാണപ്പെട്ട് തൻെറ സ്നേഹാധിക്യംനിമിത്തം തൻെറ ഐഹികവാസം അവസാനിച്ചു എന്നും; താൻ ദൈവത്തോടുകൂടെ സൗഭാഗ്യം അനുഭവിക്കുന്നു എന്നും ധരിപ്പിക്കുക ഉണ്ടായി. അവളുടെ മൃതശരീരത്തിൽനിന്നും പുറപ്പെട്ട അനിതരസാധാരണമായ ഒരു പരിമളം ആ കന്യകാശ്രമം മുഴുവനും വ്യാപിച്ചു ഏവരെയും ആനന്ദപരവശരാക്കി.

II

വിശുദ്ധാത്മാക്കൾ ദൈവത്തിനും ദൈവസ്തുതിക്കുംവേണ്ടി

ഇഹത്തിൽ പീഡകൾ സഹിച്ചുകൊണ്ടു് ജീവിക്കുന്ന ആത്മാക്കൾ അവസാനം പ്രാപിക്കുന്ന പരമാനന്ദഭാഗ്യമാണ് സർവ്വദാ നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതു്. പാപികളുടെയും പുണ്യാത്മാക്കളുടെയും അന്ത്യഫലം എത്രയോ വിഭിന്നമായിരിക്കുന്നു. പാപികൾ അവരർഹിക്കുന്ന നിത്യനിർഭാഗ്യത്തിന്റെ ഘോരശിക്ഷയുടെ രുചി മരണസമയംതന്നെ അനുഭവിച്ചു തുടങ്ങുന്നു. ദുഃഖവും ഹൃദയക്കടിയും നിരാശയും കലക്കവും ആ അന്ത്യഫലട്ടത്തിൽ അവരെ അലട്ടിത്തുടങ്ങും. പുണ്യാത്മാക്കളൊ എന്നാൽ സമാധാനവും സന്തോഷവും തങ്ങൾ പ്രാപിക്കുവാനിരിക്കുന്ന സൗഭാഗ്യത്തെപ്പററിയുള്ള പ്രതീക്ഷയും പ്രത്യാശയും നിമിത്തം അവർണ്ണനീയമായ ആനന്ദത്തിൽ ആറാടുന്നു. ഹാ! ക്ഷണഭംഗുരമായ ലോകത്തെയും ലോകസന്തോഷങ്ങളെയും മാത്രം തേടി അന്ധരായി അലയുന്നവർ എത്ര മൂഢന്മാർ. അവരുടെ സ്ഥിതി എത്ര പരിതാപകരം! എത്ര ശോചനീയം!! ഈ ബുദ്ധിഹീനന്മാർ, അമ്മത്രേസ്യായുടെ അന്തിമഘട്ടത്തെ ഒന്നു വീക്ഷിക്കുന്നതായാൽ, ലോകഭാഗ്യങ്ങളെ അതർഹിക്കുന്ന നിലയിൽ മാത്രം പരിഗണിച്ച് പരമമായ ഭാഗ്യത്തേ പ്രതീക്ഷിച്ചുകൊണ്ടു് സ്വയം ദൈവത്തിനു ബലി അർപ്പിക്കുന്നവരുടെ ഭാഗ്യം എത്ര മഹത്തായതെന്നു് അവർ കാണുന്നതാണ്.

ഭക്താത്മാക്കളേ, നിങ്ങളുടെ അന്ത്യത്തെപ്പററി എന്നെന്നും എല്ലായ്പ്പോഴും നിങ്ങൾ അനുസ്മരിച്ചുകൊൾവിൻ. ഒരു ഭാഗ്യമരണത്തിനുവേണ്ടി ഇപ്പോഴേ പരിശ്രമിക്കുക. അതിനുള്ള അവസരം ഇപ്പോൾ മാത്രമാണ്. പിന്നീടു ചിന്തിച്ചതുകൊണ്ടോ മനസ്താപപ്പെട്ടതുകൊണ്ടോ ഫലമില്ല. നേരത്തേ ഒരുങ്ങിക്കൊള്ളുക. നിങ്ങൾക്കും വിശുദ്ധരായി മരിക്കാം, ആനന്ദസംദായകമായ ഒരു മരണം നിങ്ങൾക്കും കൈവരും.

സംഭാഷണം:– പ്രിയം നിറഞ്ഞ ഈശോ കർത്താവേ, സ്നേഹംനിമിത്തം സൌഭാഗ്യമരണം പ്രാപിക്കുന്നതിനുള്ള വരം. നിന്റെ വാത്സല്യമകളായ അമ്മത്രേസ്യാ പുണ്യവതിക്കു നീ നൽകിയതിനെക്കുറിച്ച് നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെയും നിന്റെ ഈ പ്രിയ പത്നിയുടെയും യോഗ്യതകളെക്കുറിച്ചു് ഞങ്ങൾക്കും നല്ല മരണം നൽകിയരുളണമെ. സ്നേഹം

നിമിത്തം മരണം പ്രാപിക്കാനിടയായില്ലെങ്കിലും, നിൻെറനേരെ ജ്വലിക്കുന്ന സ്നേഹത്തോടെ മരിപ്പാനും, അങ്ങനെ ഇഹലോകത്തിൽനിന്നു പിരിഞ്ഞിട്ട് സ്വർഗ്ഗത്തിൽ എന്നേയ്ക്കും നിന്നെ കണ്ടു കൂട്ടതലായി സ്നേഹിച്ചുകൊണ്ടിരിപ്പാനും ഞങ്ങൾക്കു നീ കൃപ ചെയ്യണമെ.

# തിരുനാൾ ദിനം

ഭാവീകരണം:-- വി. അമ്മത്രേസ്യാ സ്വർഗ്ഗത്തിൽ തൻെറ ദിവ്യമണവാളൻെറ സന്നിധിയിൽ നില്ക്കുന്നതു കാണുന്നതായി വിചാരിക്കുക.

അഭ്യർത്ഥന:-- വിശുദ്ധയിൽ വിളങ്ങിയിരുന്ന തീക്ഷ്ണമായ സ്നേഹം നിനക്കും ലഭിക്കുന്നതിനായി പ്രാർത്ഥിക്കുക.

## ധ്യാനം

ദൈവത്തെ സ്നേഹിക്കാത്ത ഒരുവൻ ഭൂമുഖത്തു ഉണ്ടായിരിക്കുക അസാദ്ധ്യമായിട്ടാണ് നമ്മുടെ വിശുദ്ധയ്ക്കു തോന്നിയിരുന്നതു്. അവൾ പലപ്പോഴും ഇപ്രകാരം പറഞ്ഞിരുന്നു. "എൻെറ ദൈവമേ, നിൻെറ അനന്തപരിപൂർണ്ണതകളും നീ ഞങ്ങളോടു കാണിക്കുന്ന സ്നേഹവും നോക്കുമ്പോൾ നീ അത്യന്തം സ്നേഹയോഗ്യനായിരിക്കുന്നു. ഈ സ്ഥിതിക്ക് നിന്നെ സ്നേഹിക്കാത്തതായി ആരാണുണ്ടാവുക?" മഹാ എളിമയുള്ളവളായിരുന്നെങ്കിലും അവൾ സ്നേഹത്തെപ്പററി പറയുമ്പോൾ, "അനുഗ്രഹങ്ങളിലും സ്നേഹത്തിലും ഒഴിച്ച് ഞാൻ മുഴുവനും അപൂർണ്ണതയാകുന്നു" എന്നത്രെ പറഞ്ഞിരുന്നതു്. പുണ്യവതി നമുക്കായി എഴുതി വെച്ചിട്ടുള്ള ഒരു വിശിഷ്ട ഉപദേശം ഇതാണ്: "നിൻെറ ഹൃദയത്തെ എല്ലാററിൽനിന്നും വേർതിരിക്കുക: അനന്തരം ദൈവത്തെ അന്വേഷിക്കുക; അപ്പോൾ നീ തന്നെ കണ്ടെത്തും." ദൈവത്തെ സ്നേഹിക്കുന്നവർക്ക് ഭൂമിയിൽനിന്നു തങ്ങളെത്തന്നെ വേർതിരിക്കുന്നതിന് എളുപ്പത്തിൽ സാധിക്കുമെന്നാണ് അവൾ പല

പ്പോഴും പറഞ്ഞിരുന്നതു്. "ഹാ! എൻ്റെ ദൈവമെ, ഞങ്ങൾക്കു് നിന്നെ നന്നായി സ്നേഹിക്കേണ്ട കാൎയ്യമേ ഉള്ളൂ, ഞങ്ങൾക്കെല്ലാം ലഘുവാക്കിത്തരേണ്ടതു് നിൻ്റെ കാൎയ്യമാകുന്നു" എന്നു അവൾ പറഞ്ഞിരുന്നു. അവൾ ഒരിടത്തു് ഇപ്രകാരമെഴുതുന്നു: "ഞങ്ങൾ ജീവിക്കേണ്ടതാകയാൽ ഞങ്ങളുടെ സ്വാൎത്ഥതല്പരതയെല്ലാം നീങ്ങുവാൻ തക്കവണ്ണം നിനക്കായി ജീവിക്കട്ടെ. നിന്നെ പ്രസാദിപ്പിക്കുന്നതിലല്ലാതെ മറെറന്തിലാണു് കൂടുതൽ പ്രയോജനം ഒരുത്തനു് കണ്ടെത്താൻ സാധിക്കുക? ഹാ! എൻ്റെ ദൈവമേ, എൻ്റെ ആനന്ദമേ, നിന്നെ പ്രസാദിപ്പിക്കാൻ ഞാൻ എന്തു ചെയ്യട്ടെ?" തന്നെക്കാൾ കൂടുതൽ സൗഭാഗ്യം അനുഭവിക്കുന്ന ഒരാൾ സ്വൎഗ്ഗത്തിലുണ്ടായിരുന്നാലും തന്നെക്കാൾ കൂടുതൽ ദൈവത്തെ സ്നേഹിക്കുന്ന ഒരാൾ അവിടെ ഉണ്ടായിരിക്കരുതെന്നായിരുന്നു വിശുദ്ധ അമ്മത്രേസ്യായുടെ നിശ്ചയം.

നമ്മുടെ ആശ്ചൎയ്യവിഷയമായി പുണ്യവതിയിൽ കാണുന്ന ഒരു വിശിഷ്ടഗുണം ദൈവത്തിനു സ്വീകാൎയ്യമായിരിക്കുമെന്നു തോന്നിയിരുന്നതെല്ലാം പ്രവൎത്തിക്കാനുണ്ടായിരുന്ന ധൈൎയ്യവിശേഷമാണു്. "ഞാൻ ചെയ്യേണ്ടതായി എന്തെങ്കിലും നിശ്ചയിക്കപ്പെട്ടാൽ എത്ര പ്രയാസമുണ്ടായാലും ധൈൎയ്യസമേതം അതു ഞാൻ കയ്യേൽക്കുന്നതാണു്. ആ ഉദ്യമത്തിൽനിന്നും എന്നെ തടയുവാൻ യാതൊന്നിനും സാധിക്കയില്ല" എന്നാണു് അവൾ പറഞ്ഞിരുന്നതു്. ദൈവത്തെപ്രതി അദ്ധ്വാനിക്കയും സഹിക്കയും ചെയ്യുന്നതിനുള്ള ഒരു ദൃഢനിശ്ചയം വഴിയായിട്ടാണു് ദൈവസ്നേഹം പ്രാപിക്കേണ്ടതു്" എന്നാണു് അവളുടെ ഉപദേശം. സ്ഥിരതയില്ലാത്ത ആത്മാക്കളെ പിശാചിനു് യാതൊരു ഭയവുമില്ലെന്നായിരുന്നു അവളുടെ ബോദ്ധ്യം. ദൈവത്തെ സന്തോഷിപ്പിക്കാനായി കൂടുതൽ പരിപൂൎണ്ണമായവ ചെയ്തുകൊള്ളാമെന്നു് അവൾ ഒരു പ്രതിജ്ഞ ചെയ്തിട്ടുണ്ടായിരുന്നു. ദൈവത്തെപ്രതി സഹിക്കുകയെന്നതു് സ്നേഹത്തിൻ്റെ പ്രബലമായ തെളിവാകയാൽ സഹിക്കാൻ മാത്രം ജീവിക്കാനാണു് അവൾ ആഗ്രഹിച്ചതു്. അതിനാൽ അവൾ ഇപ്രകാരം എഴുതുന്നു: "സഹിക്കാനായിട്ടല്ലാതെ വേറെ യാതൊന്നിനാംവേണ്ടി ജീവിക്കേണ്ട ന്യായം ഞാൻ കാണുന്നില്ല. ഇതു മാത്രമാണു് ഞാൻ ദൈവത്തോടപേക്ഷിക്കുന്നതു്. സഹിക്കുക, അല്ലെങ്കിൽ മരിക്കുക, ഇതല്ലാതെ മറെറാന്നും കൎത്താവേ, ഞാൻ നിന്നോടു

ചോദിക്കുന്നില്ല എന്നു് എന്റെ പരിപൂർണ്ണഹൃദയത്തോടെ ഞാൻ പറയും." അവളുടെ സ്നേഹം അതിമാത്രം ജ്വലിച്ചിരുന്നതിനാൽ ഒരിക്കൽ ഈശോ അവളോടു പറഞ്ഞു: "ത്രേസ്യായേ, നീ മുഴുവനും എന്റേതാകുന്നു; ഞാൻ മുഴുവനും നിന്റേതും."

അവൾ തന്റെ പ്രിയമണവാളനായ ഈശോയിക്കു് അത്യന്തം പ്രസാദിച്ചതിനാൽ തന്റെ ഭക്തിജ്വാലകനായ ഒരു ദൈവദൂതനെ അയച്ചു് അവളുടെ ഹൃദയത്തെ അഗ്നിമയമായ ശരത്താൽ താൻ മുറിവേല്പിച്ചു. അവൾ ജീവിച്ചതുപോലെ തന്നെ, മുഴുവനും സ്നേഹത്താൽ ജ്വലിച്ചു് സ്വർഗ്ഗലോകം ചേരുകയും ചെയ്തു. അവളുടെ ജീവിതം അവസാനിക്കാറായപ്പോൾ ദൈവത്തോടു ചേരാനുള്ള അതീവദാഹത്താൽ മരണത്തിനായി ദീർഘനിശ്വാസങ്ങൾ വിട്ടുകൊണ്ടിരുന്നു. അവൾ പറഞ്ഞു: "ഹാ മരണമേ, നിന്നെ ആരു ഭയപ്പെടുമെന്നു ഞാൻ അറിയുന്നില്ല. എന്തുകൊണ്ടെന്നാൽ നിന്നിലത്രെ ജീവൻ; എന്റെ ആത്മാവേ, നിന്റെ ദൈവത്തെ നീ സേവിക്കുക. നിന്റെ ക്ലേശങ്ങൾക്കു താൻ ശമനമുണ്ടാക്കിത്തരുമെന്നു് ശരണപ്പെട്ടുകൊള്ളുക." തിരുപാഥേയം കൊണ്ടു വന്നപ്പോൾ അവൾ പറഞ്ഞു: ഹാ, എന്റെ രക്ഷകാ, ഞാൻ അനേകനാളായി പ്രതീക്ഷിച്ചിരുന്ന സമയം ഇതാ അടുത്തു; നാം തമ്മിൽ അഭിമുഖമായി കാണുന്ന സമയം ഇതാ ആരംഭിച്ചിരിക്കുന്നു." തദനന്തരം അവൾ സമാധാനത്തിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. അതെ, അവളുടെ സ്നേഹാധിക്യംനിമിത്തം അവൾ ഐഹികവാസം വെടിഞ്ഞു.

സംഭാഷണം:— ഭക്തിജ്വാലകസദൃശയായ വി. അമ്മത്രേസ്യായേ, നിന്റെ ജീവിതകാലത്തു് നീ അത്യധികം സ്നേഹിച്ചിരുന്ന ദൈവത്തിൽ ഇപ്പോൾ നീ ആനന്ദിക്കുന്നുവല്ലോ. ഞങ്ങളും നിന്നോടുകൂടെ ദൈവത്തെ അഭിമുഖമായി കണ്ടു് സ്വർഗ്ഗത്തിൽ നിത്യാനന്ദം അനുഭവിക്കുന്നതിനുള്ള ഭാഗ്യം ഞങ്ങൾക്കു നീ പ്രാപിച്ചു തരേണമേ.

# II. വിശുദ്ധ അമ്മ ത്രേസ്യായുടെ നവനാൾ ജപങ്ങൾ

## ഒന്നാം ദിവസം

പ്ര. സ്നേഹസമ്പൂർണ്ണനായ ഈശോയേ, ഞങ്ങളുടെ നന്ദിഹീനതയെ നീ മുൻകൂട്ടി അറിഞ്ഞിരുന്നിട്ടും, നിരവധി അനുഗ്രഹങ്ങൾ ഞങ്ങളുടെമേൽ പൊഴിക്കുന്നതിനും, സത്യവിശ്വാസത്തിലേക്കു ഞങ്ങളെ വിളിക്കുന്നതിനും മാത്രമല്ല ഇത്ര സ്നേഹപൂർവ്വം ഇത്ര കൂടെക്കൂടെയും വി. കുർബ്ബാന വഴിയായി നിന്നെത്തന്നെ ഞങ്ങൾക്കു നൽകിയരുളുന്നതിനും, നീ തിരുമനസ്സായല്ലൊ. ഞങ്ങളുടെ വിശ്വാസത്തിനനുസൃതമായി ഞങ്ങൾ വ്യാപരിക്കുന്നതിന് നിന്റെ അനുഗ്രഹാധിക്യത്താൽ ഞങ്ങളുടെ ഹൃദയത്തെ നീ ജ്വലിപ്പിക്കണമെ ഹാ! ദിവ്യനാഥാ, നിന്നെ ഞങ്ങൾ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാൻ ആരംഭിക്കുന്ന ദിവസം എന്നു വരും? നിന്റെ പ്രിയ മണവാട്ടിയും ഞങ്ങളുടെ മദ്ധ്യസ്ഥയുമായ വി. ത്രേസ്യായെ വണങ്ങുവാൻ ഞങ്ങൾ ആരംഭിച്ചിരിക്കുന്ന ഈ ദിവസം തന്നെ ആ സൗഭാഗ്യദിനമായിരുന്നെങ്കിൽ നന്നായിരുന്നു. നിന്റെയും, നിന്റെ തിരുമാതാവിന്റെയും യോഗ്യതകളെക്കുറിച്ച് വി. അമ്മ ത്രേസ്യായിൽ പ്രശോഭിച്ചിരുന്ന വിധം സജീവമായ വിശ്വാസം ഞങ്ങളിൽ നീ ജ്വലിപ്പിക്കണമെ. അതിനാൽ ഞങ്ങളുടെ വിചാരം, വചനം, പ്രവൃത്തികളെല്ലാം ഈ വിശ്വാസത്തിൽ അടിസ്ഥാനപ്പെടുത്തിയതായിരിപ്പാൻ കൃപ ചെയ്യണമെ. പ്ര. ആ.

വ. പരിശുദ്ധ ദൈവമാതാവേ, നിന്റെ പ്രിയപുത്രിയായ വി. ത്രേസ്യാ ചെയ്ത ആത്മസമർപ്പണത്തിലും അവളുടെ വിശ്വാസചൈതന്യത്തിലും ദിവ്യകാരുണ്യത്തിൽ സ്ഥിതി ചെയ്യുന്ന നിന്റെ തിരുക്കുമാരനോടുണ്ടായിരുന്ന സ്നേഹാധിക്യത്തിലും സന്തുഷ്ടയായി അവൾക്കു നീ അനേകം അനുഗ്രഹങ്ങൾ പ്രാപിച്ചുകൊടുത്തുവല്ലൊ. നിന്റെ മക്കളെന്നു പറയുവാൻ

അയോഗ്യരായ ഞങ്ങളെ നിന്റെ മാധുൎയ്യമേറിയ സംരക്ഷണത്തിൽ നീ ചേൎക്കയും വിശ്വാസപരമായ ജീവിതത്തിലും ദിവ്യകാരുണ്യഭക്തിയിലും കൂടുതൽ കൂടുതൽ വൎദ്ധിച്ചു വരുവാൻ ഞങ്ങളെ സഹായിക്കയും ചെയ്യണമെ. പ. നന്മ.

ന. സുസ്ഥിരമായ വിശ്വാസത്താലും ദിവ്യകാരുണ്യഭക്തിയാലും ഈശോയെ സംപ്രീതനാക്കിയ ഭക്തിജ്വാലകയായ വി. അമ്മത്രേസ്യായേ, വിശ്വാസത്തെപ്രതി രക്തം ചിന്തുവാൻ ചെറുപ്പം മുതൽ നിനക്കുണ്ടായിരുന്ന ആഗ്രഹവും. ദിവ്യകാരുണ്യത്തോടുള്ള ഭക്തിയും ഒന്നിനൊന്നു വൎദ്ധിച്ചുവരുകയും അവയിൽ നീ പരിപൂൎണ്ണത പ്രാപിക്കയും ചെയ്തുവല്ലോ. തിരുസ്സഭയുടെ ആരാധന ക്രമത്തിലെ ഏററവും ചെറിയ നിയമത്തെപ്പോലും സംരക്ഷിക്കുവാൻ വേണ്ടി എന്തും സഹിക്കാൻ നീ സന്നദ്ധയായിരുന്നതും, കത്തോലിക്കാ സഭയുടെ സന്താനമായി മരിക്കുന്നുവെന്നു പറഞ്ഞുകൊണ്ടു് നീ ഐഹികവാസം വെടിഞ്ഞതും നിന്റെ വിശ്വാസ ദാർഢ്യത്തിന്റെ ലക്ഷണങ്ങൾ ആയിരിക്കുന്നു. നിന്റെ അചഞ്ചലമായ വിശ്വാസവും ദിവ്യകാരുണ്യത്തോടുള്ള തീക്ഷ്ണമായ ഭക്തിയും ഞങ്ങളിൽ ഉളവാക്കുന്നതിനു് സഹായം ചെയ്യണമെ പിതാവിനെപ്പോലെ ഉപദേശിക്കയും, പ്രിയനെപ്പോലെ സംഭാഷിക്കയും, അടിക്കടി ദിവ്യകാരുണ്യം വഴിയായി സ്വയം നിനക്കു നൽകുകയും ചെയ്തുകൊണ്ടു് ഈശോ നിന്റെമേൽ പൊഴിച്ച ദിവ്യാനുഗ്രഹങ്ങൾക്കു് ഞങ്ങളും അൎഹരാകുവാൻ അനുഗ്രഹം പ്രാപിച്ചു തന്നരുളണമെ. പ. ത്രി.

## രണ്ടാം ദിവസം

പ. ഈശോയേ, നിന്റെ പ്രിയ മണവാട്ടിയായ വി. അമ്മത്രേസ്യായുടെ മേൽ നീ പൊഴിച്ച അനുഗ്രഹങ്ങളും, അബലയായ അവൾ പ്രവൎത്തിച്ച മഹൽകാൎയ്യങ്ങളും മൂലം നിന്നിൽ ശരണപ്പെടുന്ന ആത്മാക്കൾക്കു് ചെയ്യാൻ അസാദ്ധ്യമായതൊന്നുമില്ലെന്നു ലോകത്തിനു വെളിപ്പെടുത്തുവാൻ നീ തിരുമനസ്സായല്ലോ. നിന്റെ നാമത്തിൽ എന്തെങ്കിലും പിതാവിനോടു ചോദിച്ചാൽ ലഭിക്കുമെന്നു കാരുണ്യവാനും വിശ്വസ്തനുമായ നീ ചെയ്ത വാഗ്ദാനമനുസരിച്ചു്, നിന്റെ നാമത്തിൽ ചോദിക്കുന്നതെല്ലാം

ഞങ്ങൾക്കു ലഭിക്കുമെന്നു ഞങ്ങൾ പൂൎണ്ണമായി ശരണപ്പെടുന്നു. നിനക്കു മനുഷ്യഗണത്തോടുള്ള നിത്യസ്നേഹത്തെക്കുറിച്ചും, നിന്റെ വിശ്വസ്തശുശ്രൂഷകയായ വി. അമ്മത്രേസ്യായുടെ യോഗ്യതകളെക്കുറിച്ചും, അവളിൽ പ്രശോഭിച്ചിരുന്ന സുസ്ഥിരമായ ശരണം ഞങ്ങളിലും കൈവളത്തണമെ. നിന്റെ ദയയിലല്ലാതെ ഞങ്ങൾക്കു യാതൊരു പ്രത്യാശയുമില്ല. കൎത്താവേ, ഞങ്ങളുടെ ആത്മാവും ആശകളും നിന്റെ തൃക്കരങ്ങളിൽ ഞങ്ങൾ സമൎപ്പിക്കുന്നു. ഞങ്ങളുടെ ആയുഷ്കാലമെല്ലാം നിനക്ക് ഇഷ്ടപ്പെട്ടവരായി ജീവിച്ചു്, സമാധാനപൂൎവ്വം അന്ത്യശ്വാസം വിടുവാൻ അനുഗ്രഹം തന്നരുളണമെ. ൧ ആ.

൮. ഞങ്ങളുടെ പ്രിയ മാതാവും ഞങ്ങളുടെ ശരണവുമായ മറിയമേ, ശിശുസഹജമായ പ്രത്യാശയോടെ നിന്നെ സമാശ്രയിച്ച വി. ത്രേസ്യാക്കു് നീ എന്നും സംരക്ഷകയായിരുന്നുവല്ലൊ. ഈശോയുടെയും നിന്റെയും യോഗ്യതകളിൽ യഥാൎത്ഥമായ ശരണം ഞങ്ങൾക്കുണ്ടാകുവാനും, നിന്റെ വത്സലപുത്രിയായ വി. ത്രേസ്യാക്കു് നീ പ്രാപിച്ചുകൊടുത്ത ശരണമെന്ന സ്വൎഗ്ഗീയ വരത്താൽ ഞങ്ങളും അലംകൃതരായിത്തീരുവാനും സഹായം ചെയ്യണമെ ൧ നന്മ.

൯. വി. അമ്മ ത്രേസ്യായേ, അപേക്ഷിക്കുന്നതെല്ലാം ലഭിക്കുമെന്നു നിന്റെ ദിവ്യവരൻ അരുളിച്ചെയ്തിരുന്ന പ്രകാരം നീ അനേകം അനുഗ്രഹങ്ങൾ തന്നോട് പരിപൂൎണ്ണശരണത്തോടെ അപേക്ഷിക്കുകയും അവയെല്ലാം പ്രാപിക്കുകയും ചെയ്തുവല്ലൊ. ദൈവസഹായത്തോടെ എല്ലാം സാധിക്കാമെന്നും, ലോകത്തിന്റെ എത്ര ഉദാരമായ സഹായമുണ്ടായാലും ദൈവസഹായമില്ലെങ്കിൽ ഒന്നും സാധിക്കയില്ലെന്നും നീ പറഞ്ഞിട്ടുള്ളതിൽനിന്നും ദൈവത്തിലുള്ള നിന്റെ പരിപൂൎണ്ണമായ മനോവിശ്വാസം കണ്ടു് ഞങ്ങൾ സന്തോഷിക്കുന്നു. അതിനാൽ നിന്റെ ശക്തിമത്തായ മാദ്ധ്യസ്ഥംമൂലം ഈ മനോവിശ്വാസം ഞങ്ങൾ പ്രാപിപ്പാൻ ഇടവരുത്തണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ൧ ത്രി.

# മൂന്നാം ദിവസം

൧. സ്നേഹസംപൂർണ്ണനായ ഈശോയേ, ലോകപക്ഷങ്ങൾ സകലതും മറന്ന് നിന്നെമാത്രം സ്നേഹിക്കയും, ആ ദിവ്യസ്നേഹത്തിന്റെ അഗ്നിയാൽ സദാ ജ്വലിച്ചുകൊണ്ടിരിക്കയും ചെയ്ത നിന്റെ സ്നേഹപാത്രമായ വി. അമ്മത്രേസ്യായെ നിന്റെ സ്നേഹശരത്താൽ മുറിവേല്പിക്കയും, നിന്നിൽനിന്നു സ്വതന്ത്രയാവാതെയും, ലോകവ്യാപാരങ്ങളിൽ മുഴുകാതെയും അവളെ നിന്റെ സ്നേഹത്തിൽ നീ നിലനിറുത്തുകയും ചെയ്തുവല്ലോ. അതിനാൽ ഞങ്ങളും നിന്നാൽ മുറിവേല്പിക്കപ്പെട്ട് സ്നേഹാർഹനായ നിന്നോടുള്ള സ്നേഹത്താൽ എരിയുകയും, സകല സൃഷ്ടികളെയും മറന്ന് നിന്നെമാത്രം സ്നേഹിക്കയും ചെയ്വാൻ ഇടയാക്കണമെ. ൧ ആ.

൨. സകല സൃഷ്ടികളെയുംകാൾ ദൈവത്തെ കൂടുതൽ സ്നേഹിക്കയും, ദൈവത്താൽ കൂടുതൽ സ്നേഹിക്കപ്പെടുകയുംചെയ്ത കന്യക മറിയമേ, നീ വഴിയായി ദൈവസ്നേഹം പ്രാപിക്കാമെന്നു പാർത്തിരിക്കുന്ന ഞങ്ങൾ നിന്റെ മകളായ വി. ത്രേസ്യായെപ്പോലെ നിന്റെ തിരുക്കുമാരനോടുള്ള സ്നേഹബന്ധത്തിൽ ജീവിച്ചുകൊണ്ട്, നിത്യഭാഗ്യം കരസ്ഥമാകാൻ ഇടവരുത്തണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ൧ നന്മ.

൩. ഞങ്ങളുടെ മദ്ധ്യസ്ഥയായ വി. ത്രേസ്യായേ, സ്നേഹശരത്താൽ മുറിവേല്പിക്കയും, സ്വർഗ്ഗം സൃഷ്ടിക്കപ്പെട്ടിരുന്നില്ലെങ്കിൽ നിനക്കായിട്ട് അതു സൃഷ്ടിക്കുമായിരുന്നെന്ന് നിന്നോടു അരുളിച്ചെയ്കയും, തന്റെ ലോകജീവിതകാലത്ത് മറിയം മഗ്ദലേനയെ സ്നേഹിച്ചിരുന്നതുപോലെ നിന്റെ ജീവിതകാലത്ത് നിന്നെയും പ്രത്യേകവിധം സ്നേഹിക്കയും ചെയ്ത ആ ദിവ്യവരനെ നീ എന്തുമാത്രം സ്നേഹിച്ചിട്ടുണ്ടായിരിക്കണം! ഭൂമിയിലെക്കാൾ കൂടുതൽ നിർമ്മലവും പ്രകാശസംപൂർണ്ണവുമായ ജ്വാലകളാൽ എരിഞ്ഞുകൊണ്ട് ഇപ്പോൾ സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന നീ ഞങ്ങൾക്കും ആ പരിശുദ്ധാഗ്നിയുടെ ഒരു പൊരികയെങ്കിലും വാങ്ങിത്തന്ന്, അതു വഴിയായി ലോകത്തോടും സൃഷ്ടികളോടും ഞങ്ങളോടു തന്നെയും പോരാടുവാൻ ഞങ്ങളെ ശക്തരാക്കണമെ. ദൈവത്തിൻപക്കൽ മഹാ സ്വാധീനശക്തി പ്രാ

പിച്ചിരിക്കുന്ന അമ്മേ, ഞങ്ങളേവരും ദിവ്യസ്നേഹാഗ്നിയാൽ ജ്വലിക്കുന്നവരായിത്തീരുവാൻ ഞങ്ങൾക്കു നീ അനുഗ്രഹം പ്രാപിച്ചു തരണമെ. ൧ ത്രി.

---

## നാലാം ദിവസം

൧. ഈശോയേ, നിന്റെ വാത്സല്യപാത്രമായ വി. അമ്മത്രേസ്യാ നിന്റെ ഉപരി മഹത്വത്തിനായി കൂടുതൽ പരിപൂർണ്ണമായതുമാത്രം ചെയ്തുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്കയും, അതിനെ അന്യൂനമായി പാലിക്കയും ചെയ്തുവല്ലൊ. പുണ്യത്തിൽ അതിയായ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടായിരുന്നിട്ടും ഉഗ്രമായ തപസ കൃത്യങ്ങളിൽനിന്നും വിരമിക്കാതെ "പാടുപെടുക അല്ലെങ്കിൽ മരിക്കുക" എന്നു പറഞ്ഞുകൊണ്ട് സഹനത്തിനായി ദാഹിച്ചിരുന്നതു് പുണ്യപൂർണ്ണതയുടെ എത്രയോ വലിയ ലക്ഷ്യമായിരിക്കുന്നു! എന്നാൽ പുണ്യപൂർണ്ണതയ്ക്കായി പരിശ്രമിക്കാതെയും അതിന്ന് ആഗ്രഹിക്കാതെയും ഇരിക്കുക മാത്രമല്ല, പാപപരമായ തഴക്കങ്ങളിൽപോലും പെട്ടിരിക്കുന്ന ഞങ്ങളുടെ സ്ഥിതി എത്ര ദയനീയം! കർത്താവേ, നിന്റെ പ്രേമഭാജനമായ വി. ത്രേസ്യായുടെ മഹനീയമായ ആദർശത്തെ ഞങ്ങളും അനുകരിക്കാനും, പുണ്യസമ്പന്നന്മാരും സ്വർഗ്ഗീയ കിരീടത്തിന്ന് അർഹന്മാരുമായിത്തീരാനും ഞങ്ങൾക്കു നീ ഇടവരുത്തണമെ.

൧ അ.

൨. പരിശുദ്ധ കന്യക മറിയമേ, ഉത്ഭവക്ഷണം മുതൽ അനുനിമിഷം പുണ്യത്തിൽ ഉയർന്നുയർന്ന് മറ്റു യാതൊരു സൃഷ്ടിക്കും പ്രാപിപ്പാൻ പാടില്ലാത്ത ഉന്നതപദവി നീ പ്രാപിച്ചുവല്ലൊ. നിന്നെ ആശ്രയിച്ച വി. ത്രേസ്യായെ നീ പുണ്യപൂർണ്ണതയ്ക്കു സഹായിക്കയും നീ വഴിയായി ലഭിച്ച അനുഗ്രഹങ്ങളാൽ അവൾ അതിൽ ഉയർന്ന പദവി പ്രാപിക്കയും ചെയ്തു. പ്രിയ മാതാവേ, നിന്റെ ആശ്രയം തേടുന്ന ഞങ്ങളെയും നിന്റെ തൃക്കരം നീട്ടി സഹായിക്കയും, പുണ്യപൂർണ്ണതയുടെ ഉയർന്ന പടികളിലേയ്ക്കു് നീ തന്നെ ഞങ്ങളെ കയററിക്കൊണ്ടു പോകയും ചെയ്യണമെ. ൧ നന്മ.

൯. ആന്തരിക ജീവിതത്തിന്റെ പ്രത്യേക മദ്ധ്യസ്ഥയായ വി. അമ്മത്രേസ്യായേ, ആദ്ധ്യാത്മിക മാന്ദ്യത്തിൽ ഒട്ടുനാൾ ജീവിതം കഴിച്ചുവെങ്കിലും അതിൽനിന്നുണർന്നു് ദൈവാനുഗ്രഹങ്ങളോടു സഹകരിച്ചു് സുസ്ഥിരമായി പ്രയത്നിച്ചതിനാൽ നീ ശീഘ്രത്തിൽ പുണ്യപൂർണ്ണത പ്രാപിക്കുകയും, മരണം വരെ അതിൽ നിലനില്ക്കുകയും ചെയ്തുവല്ലോ. എന്നാൽ പാപികളായ ഞങ്ങൾ ഈ നാശഗർത്തത്തിൽനിന്നു കയറി ഉന്നതങ്ങളിലേയ്ക്കു് ഉയർന്നു പറക്കുവാൻ ശക്തിഹീനരായിരിക്കുന്നു. അതിനാൽ, നിന്റെ അപേക്ഷകൾ വഴിയായി അനേകരുടെ ജീവിത നവീകരണം നീ സാധിച്ചതുപോലെ ഞങ്ങളുടെയും ജീവിതനവീകരണം നീ സാധിച്ചു തന്നരുളണമെ. ൧ ത്രി.

## അഞ്ചാം ദിവസം

൧. വിനീതനായ ഈശോയേ, അധിക്ഷേപങ്ങൾ സഹിക്കുന്നതും അവ മധുരമാക്കിത്തീർക്കുന്നതും എങ്ങനെയെന്നു് ഞങ്ങളെ പഠിപ്പിക്കുവാൻ വേണ്ടി നീ മനുഷ്യരുടെ പരിഹാസപാത്രവും നിന്ദാവിഷയവുമായിത്തീരാൻ തിരുമനസ്സായല്ലോ. നിന്റെ ദൃഷ്ടാന്തമനുകരിച്ച വി. ത്രേസ്യായും ലോകസ്തുതികളെ വെറുക്കുകയും, അന്യരുടെ തെറ്റിദ്ധാരണകളെയും, ആക്ഷേപങ്ങളെയും സന്തോഷസമേതം സഹിക്കുകയും, മാത്രമല്ല, അവരെ കൂടുതൽ സ്നേഹിക്കുകയും ചെയ്തതിൽ അടങ്ങിയിരിക്കുന്ന എളിമ എത്രയോ വലുതായിരിക്കുന്നു! നല്ലവളെന്നു ലോകം വിധിക്കാതിരിക്കുന്നതിനു് തന്റെ പാപങ്ങളെ എല്ലായിടത്തും പ്രസിദ്ധമാക്കണമെന്നു് തന്റെ കുമ്പസ്സാരക്കാരനോട്ടു് അവൾ പറഞ്ഞതോർക്കുമ്പോൾ, ന്യായമായ നിസ്സാരനിന്ദനം പോലും സഹിക്കുന്നതിനു് സങ്കടം പ്രദർശിപ്പിക്കുന്ന ഞങ്ങളുടെ അഹങ്കാരമനസ്ഥിതിയോർത്തു് ഞങ്ങൾ ലജ്ജിക്കുന്നു. സ്നേഹരക്ഷകാ, നിർദ്ദോഷിയായ നീ അനുഭവിച്ച നിന്ദാപമാനങ്ങളിൽ ഞങ്ങളും സസന്തോഷം പങ്കുകാരാകുന്നതിനും ഞങ്ങൾ നിനക്കു വരുത്തിയ നിന്ദനങ്ങൾക്കു പരിഹാരം ചെയ്യുന്നതിനും, ഞങ്ങളുടെ ഗുണത്തിനായി നീ അനുഭവിക്കുന്ന എല്ലാ ദുഃഖാവമാനങ്ങളും ആനന്ദത്തോടുകൂടി സ്വീകരിക്കുന്നതിനും, എളിമയിൽ മഹാ പദവി പ്രാപിച്ച വി. ത്രേസ്യാം

യുടെ യോഗ്യതകളെക്കുറിച്ച് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ൧ ആ.

൨. ഈശോ കഴിഞ്ഞാൽ എല്ലാവരെക്കാൾ എളിമയുള്ള പരിശുദ്ധ ദൈവമാതാവേ, സ്വർഗ്ഗരാജ്ഞീ, നിന്റെ എളിമ നിന്നെ ഇത്ര മഹൽസ്ഥാനത്തേയ്ക്കുയർത്തിയിരിക്കുന്നതിനാൽ യഥാർത്ഥമായ എളിമ ഞങ്ങൾക്കു പ്രാപിച്ചു തന്നരുളണമെ. കൂടുതൽ മഹിമ സിദ്ധിക്കണമെന്നുള്ള ആഗ്രഹത്തെക്കാൾ ദൈവത്തെ കൂടുതൽ പ്രസാദിപ്പിക്കണമെന്നും, ഈശോയോടും നിന്നോടും അനുരൂപരായിത്തീരണമെന്നുമുള്ള ആഗ്രഹത്തെക്കുറിച്ച് ഈ അനുഗ്രഹം നിന്റെ വിനീതപുത്രിയായ വി. ത്രേസ്യാ യുടെ മാദ്ധ്യസ്ഥം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്നു. ൧ നന്മ.

൩. എളിമയെന്ന വിശിഷ്ട പുണ്യത്താൽ കർത്താവിന്റെ ഹൃദയത്തെ പ്രസാദിപ്പിച്ച വി. അമ്മത്രേസ്യായേ, ദൈവമാതാവായ മറിയത്തിനോടും, നിന്റെ പ്രിയ മണവാളനായ ഈശോയോടും നിനക്കുണ്ടായിരുന്ന സ്നേഹത്തെക്കുറിച്ച് യഥാർത്ഥമായ എളിമ ഞങ്ങൾക്കു പ്രാപിച്ചു തന്നരുളണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇതു വഴിയായി ഈശോ തന്റെ ഐഹികവാസത്തിൽ അനുഭവിച്ച നിന്ദാപമാനങ്ങളിൽ ഞങ്ങളും നിന്നോടുകൂടെ പങ്കെടുത്ത് തനിക്കു സദൃശരായി ഭവിച്ചിട്ട് പറുദീസായിൽ നിന്നോടുകൂടെ തന്നെ കാണുന്നതിനും സ്നേഹിക്കുന്നതിനും ഇടയാകണമെ. ൧ ത്രി.

---

## ആറാം ദിവസം

൧. ദിവ്യരക്ഷകനായ ഈശോയേ! നിന്റെ പ്രിയ മണവാട്ടിയായ വി. അമ്മ ത്രേസ്യാ നിന്റെ പരിശുദ്ധ ജനനിയോടും നിന്റെ വളർത്തുപിതാവിനോടും അത്യന്ത ഭക്തിയുള്ളവളായി ജീവിച്ചതിനാൽ അവരുടെ മാദ്ധ്യസ്ഥംമൂലം വളരെ അനുഗ്രഹങ്ങൾ അവൾക്കു നീ നൽകുവാൻ തിരുമനസ്സായല്ലൊ. അജ്ഞാതപാത്രമായിരുന്ന നിന്റെ വളർത്തുപിതാവിനോടുള്ള ഭക്തി പ്രചരിപ്പിക്കുവാൻ ഈ ദുർബ്ബലമായ ആയുധത്തെ നീ തെരിഞ്ഞെടുത്തതിൽ ഞങ്ങൾ സന്തോഷിക്കുന്നു. അവൾ ഈ ഭക്തി വഴിയായി

തനിക്കും മററുള്ളവൎക്കുംവേണ്ടി പ്രാപിച്ച അനുഗ്രഹങ്ങൾ എത്രയോ അധികം! അതിനാൽ കരുണാനിധിയായ ഈശോയേ, നിൻെറ പരിശുദ്ധ മാതാവും വളൎത്തുപിതാവും വഴിയായി നിൻെറ പക്കലേയ്ക്കു് അടുക്കുവാൻ ആഗ്രഹിക്കുന്ന ഞങ്ങളെ നിൻെറ തൃക്കരം നീട്ടി അനുഗ്രഹിച്ചരുളണമെ. ൧ ത്രി.

൨. പരിശുദ്ധ കന്യകമറിയമേ നിന്നെ മാതൃനിൎവ്വിശേഷം സ്നേഹിച്ച വി. ത്രേസ്യായ്ക്കു് അനേകവരങ്ങൾ നീ പ്രാപിച്ചു കൊടുക്കുകയും നിൻെറ സ്നേഹലക്ഷ്യമായി അവളുടെ കബറത്തെ അത്ഭുതകരമായ സ്വൎഗ്ഗീയമാല്യത്താൽ അലങ്കരിക്കയും ചെയ്തുവല്ലൊ. അതിനാൽ അവളുടെ ആദൎശമനുസരിച്ചു് ഞങ്ങളും നിന്നോടുള്ള ഭക്തിയിൽ വൎദ്ധിക്കാനും അതു വഴിയായി സ്വൎഗ്ഗീയാനുഗ്രഹങ്ങൾക്കു യോഗ്യരായിത്തീരാനും ഇടയാകണമെ. സാൎവ്വത്രിക സഭയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പേ, ഈശോയുടെയും നിൻെറ പരിശുദ്ധ മണവാട്ടിയായ മറിയത്തിൻെറയും; നിൻെറ ഭക്തി പ്രചരിപ്പിക്കാൻ അത്യന്തം പ്രയത്നിച്ച വി. അമ്മത്രേസ്യായുടെയും സ്നേഹത്തെക്കുറിച്ചു് ഞങ്ങളെ നിൻെറ സംരക്ഷണത്തിൽ ചേൎത്തുകൊണ്ടു് ഞങ്ങളുടെ ആവശ്യങ്ങളെല്ലാം നീ സാധിച്ചു തരണമെ. നിന്നെപ്പോലെ ഈശോയുടെയും മറിയത്തിൻെറയും കരങ്ങളിൽ കിടന്നു് മരണം പ്രാപിക്കുന്നതിനും സഹായിക്കണമെ. ൧ നന്മ.

൩. ഞങ്ങളുടെ മദ്ധ്യസ്ഥയായ വി. അമ്മത്രേസ്യായേ, എല്ലാററിനും വല്ലഭയായ ദൈവജനനിയോടു് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. പാപികളുടെ സങ്കേതമായിരിക്കുന്നതു് തൻെറ ഒരു മഹത്വമായി കരുതുന്ന ആ അമ്മയോടു് പാപികളിൽ ഏററം പാപിയാണു് ഞാനെന്നു് ഉണൎത്തിക്കണമെ. മേലാൽ ഞങ്ങളെ കൃപയോടെ കടാക്ഷിക്കണമെന്നും, പ്രലോഭനങ്ങളിലും മരണസമയത്തും ഞങ്ങളെ സഹായിക്കണമെന്നും അവളോടു യാചിക്കണമെ. ഞങ്ങളുടെ നിത്യരക്ഷ അവൾ വഴിയായി പാൎത്തിരിക്കണമെന്നും നീ പറയണമെ. ഇഹത്തിലായിരുന്നപ്പോൾ നിന്നെ അവൾ ഇത്രയധികം സ്നേഹിച്ചുവെങ്കിൽ സ്വൎഗ്ഗത്തിൽ അവളെ കൂടുതൽ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്ന ഇപ്പോൾ എത്രയോ അധികം അവൾ നിന്നെ സ്നേഹിക്കുന്നുണ്ടായിരിക്കണം! ഈശോയുടെ പക്കൽ മറിയം ഞങ്ങളുടെ വലിയ മദ്ധ്യസ്ഥയായിരിക്കുന്നതുപോലെ മറിയത്തിൻെറ പക്കൽ നീയും

ഞങ്ങളുടെ മദ്ധ്യസ്ഥയായിരിക്കണമെ. ഞങ്ങളുടെ പ്രിയ അമ്മേ, ഇഹത്തിൽ അനേകം അനുഗ്രഹങ്ങൾ നിനക്കു പ്രാപിച്ചുതരികയും നിന്നെ ആർദ്രമായി സ്നേഹിക്കയും ചെയ്തു നിൻെറ പിതാവായ വി. യൗസേപ്പിനോടുകൂടെയുള്ള സ്വർഗ്ഗവാസത്തിൽ ഞങ്ങൾ നിന്നോടുകൂടെ സന്തോഷിക്കുന്നു. ഈ പിതാവിൽനിന്നു നിനക്കു ലഭിച്ച അനുഗ്രഹങ്ങൾക്കെല്ലാം നീ നന്ദി പ്രദർശിക്കയും, ഈശോ തനിക്കു നൽകിയ മഹിമപ്രതാപത്തെക്കണ്ടു ആനന്ദിക്കയും ചെയ്യുന്ന ഇപ്പോൾ ഈ മഹാ മദ്ധ്യസ്ഥനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. നികൃഷ്ടരെങ്കിലും ഞങ്ങളെക്കൂടെയും തൻെറ സങ്കേതത്തിൽ സ്വീകരിപ്പാൻ പ്രാർത്ഥിക്കണമെ.

൧ ത്രി.

---

## ഏഴാം ദിവസം

൧. ആത്മാക്കളുടെ രക്ഷക്കായി അവസാനത്തുള്ളി രക്തം കൂടെയും ചിന്തുവാൻ തിരുമനസ്സായ നല്ല ഈശോയേ, നിൻെറ പ്രേമഭാജനമായ വി. അമ്മത്രേസ്യാ ആത്മാക്കളെ രക്ഷിക്കാനുള്ള ദാഹത്താൽ തൻെറ സൽകൃത്യങ്ങളും അപേക്ഷകളും അവക്കായി കാഴ്ച്ചവെയ്ക്കുകയും, ആശ്രമഭിത്തികൾക്കുള്ളിലിരുന്നുകൊണ്ടു മഹാ പ്രേഷിതനായ ശവരിയാർ പുണ്യവാനെപ്പോലെ നിരവധി ആത്മാക്കളെ അവൾ നിനക്കായി നേടുകയും ചെയ്തുവല്ലൊ. എന്നാൽ മററുള്ളവരുടെ ആത്മരക്ഷയിൽ മാത്രമല്ല, സ്വന്ത ആത്മരക്ഷയിൽപോലും ശുഷ്കാന്തി കൂടാതെയിരിക്കുന്ന ഞങ്ങളോടു നീ ക്ഷമിക്കണമെ. മേലാൽ ഞങ്ങളുടെയും അന്യരുടെയും ആത്മരക്ഷയ്ക്കായി ശുഷ്കാന്തിപൂർവ്വം ഞങ്ങൾ പരിശ്രമിച്ചുകൊള്ളാം. അതിനുള്ള അനുഗ്രഹം ഞങ്ങൾക്കു നീ തന്നരുളണമെ,

൧ ആ.

൨. പാപികളുടെ സങ്കേതമായ പരിശുദ്ധ ദൈവമാതാവേ, മനുഷ്യരക്ഷയ്ക്കുവേണ്ടി അത്യധികം പ്രയത്നിച്ച നീ എല്ലാവരും രക്ഷപെടണമെന്ന് ആഗ്രഹിക്കയും നിൻെറ സങ്കേതം തേടുന്ന ഏവരെയും നിത്യനാശത്തിൽനിന്നു സംരക്ഷിക്കയും ചെയ്യുന്നുവല്ലൊ. പാപദാസ്യത്തിൽ ജീവിക്കുന്ന ഞങ്ങളെ അതിൽനിന്നും മോചിപ്പിച്ച് രക്ഷാമാർഗ്ഗത്തിലെത്തിക്കണമെ. ആത്മാക്ക

ളുടെ രക്ഷയിൽ യഥാശക്തി ഉത്സാഹിച്ച വി. അമ്മത്രേസ്യായെപ്പോലെ ഞങ്ങളും നിന്റെ സഹായത്തോടുകൂടി ആത്മാക്കളുടെ മാനസാന്തരത്തിൽ പ്രാർത്ഥനയാലും പ്രവൃത്തിയാലും പരിശ്രമിപ്പാൻ ശുഷ്കാന്തി പ്രാപിച്ചു തന്നരുളണമെ. ൧ നന്മ.

൩. മഹാ പ്രേഷിതയായ വി. അമ്മത്രേസ്യായെ, ഒരു ദർശനംമൂലം നിരവധി ആത്മാക്കൾ നരകാഗ്നിയിൽ കിടക്കുന്നതു കണ്ടനാൾ മുതൽ ആത്മാക്കളുടെ മാനസാന്തരത്തിനും, പ്രത്യേകമായി അവരുടെ പാലകന്മാരായ വൈദികന്മാൎക്കുംവേണ്ടി ഉള്ളഴിഞ്ഞ് നീ അപേക്ഷിക്കയും, അതിന്റെ സമൃദ്ധമായ ഫലങ്ങൾ കാണ്മാൻ നിനക്ക് ഭാഗ്യമുണ്ടാകയും ചെയ്തുവല്ലൊ. വല്ലഭമുള്ള മദ്ധ്യസ്ഥേ, ഇപ്പോൾ ലോകത്തിന്റെ നാനാഭാഗത്തും വിവിധതര പാപങ്ങളിൽ മുഴുകി അന്ധതയിലും നൈരാശ്യത്തിലും കിടന്നുഴലുന്ന ജനങ്ങളെ നീ തൃക്കൺപാൎക്കണമെ. നിന്റെ കൈ ദിവ്യരക്ഷകന്റെ പക്കലേക്കു നീ നീട്ടണമെ. "കൎത്താവെ, നമുക്ക് അയാളെ നമ്മുടെ സ്നേഹിതനായി സ്വീകരിക്കാം" എന്ന് നിന്റെ ഐഹിക ജീവിതത്തിൽ ഒരിക്കൽ ഈശോയുടെ ഒരു ദാസനുവേണ്ടി നീ അപേക്ഷിച്ചതുപോലെ പാപികളായ ഞങ്ങൾക്കുവേണ്ടിയും, ഇപ്പോൾ തന്റെ സന്നിധിയിൽ നീ ഒരു വാക്ക് ഉണൎത്തിക്കണമെ. ൧ ത്രി.

---

## എട്ടാം ദിവസം

൧. സ്നേഹനിധിയായ ഈശോയെ, നിന്റെ പ്രിയ മകളായ വി. അമ്മത്രേസ്യാ നിന്നോടുള്ള സ്നേഹത്തിന്റെ അധിക്യത്താലും നിന്നെ നഷ്ടമാക്കിയേക്കുമോ എന്നുള്ള ഭയത്താലും, ഐഹികവാസം വെടിഞ്ഞു നിന്നോടു ചേരുവാൻ അത്യന്തം അഗ്രഹിക്കയും അതിനായി മരണത്തെ പ്രാൎത്ഥിച്ചുകൊണ്ട് ജീവിതശേഷം കഴിച്ചുകൂട്ടുകയും ചെയ്തുവല്ലൊ. ഈശോയെ, നിന്നെ യഥാൎത്ഥമായി സ്നേഹിക്കുന്ന പുണ്യാത്മാക്കൾ മരണത്തെ ഓൎത്തു സന്തോഷിക്കുമ്പോൾ, പാപികളായ ഞങ്ങൾ ലോകവസ്തുക്കളോടുള്ള വേഴ്ചയും, ഞങ്ങളുടെ പാപാധിക്യവും കാരണം അതിനെ ഭയപ്പെടുന്നു. അതിനാൽ, വി. ത്രേസ്യാ മരണഭീതിക്കു കാരണമായവയെല്ലാം മാററി നിന്റെ സ്നേഹത്തിൽ ജീവിച്ചതുപോലെ,

ഞങ്ങളും മരണത്തെ ഭയങ്കരമാക്കിത്തീക്കാതെ അതു് മധുരമാക്കിത്തീക്കാൻ തക്കവണ്ണം പരിശുദ്ധ ജീവിതം കഴിക്കാനും, അതു വഴിയായി നിത്യഭാഗ്യത്തിൽ പ്രവേശിക്കാനും ഇടയാകണമെ. ൧ ആ.

൨. പരിശുദ്ധ ദൈവമാതാവെ, മരണം വഴിയായി നിന്റെ തിരുക്കുമാരനോടു ചേരുവാൻ നീ ആഗ്രഹിച്ചതുപോലെ നിന്റെ പ്രിയ മകളായ വി. അമ്മത്രേസ്യായും, ഈശോയുടെയും നിന്റെയും മഹത്വത്തിൽ പങ്കുകാരിയാകുന്നതിനു് മരണത്തെ സന്തോഷത്തോടെ പാത്തിരുന്നുവല്ലോ. ഞങ്ങളും അപ്രകാരം ഞങ്ങളുടെ സ്നേഹനിധിയായ രക്ഷകനോടും, വത്സലമാതാവായ നിന്നോടും കൂടെ സ്വഗ്ഗഭാഗ്യമനുഭവിക്കുന്നതിനു് വന്നെത്തുവാനായി മരണത്തിനു് സദാ സന്നദ്ധരായിരിപ്പാൻ അനുഗ്രഹം പ്രാപിച്ചു തന്നരുളണമെ. ൧ നന്മ.

൩. ഞങ്ങളുടെ മദ്ധ്യസ്ഥയായ വി. അമ്മത്രേസ്യായെ, നിന്റെ ഉല്ക്കൃഷ്ടസ്ഥലമായ സ്വഗ്ഗരാജ്യത്തിൽ കഴിയുന്നതും വേഗത്തിൽ ചെന്നു ചേരാനുള്ള അതിയായ ആഗ്രഹത്താൽ ഐഹികജീവിതംതന്നെ ഒരു കാരാഗൃഹവാസമായി നീ കഴിച്ചുകൂട്ടിയല്ലോ. നല്ല അമ്മെ, ലോകബന്ധങ്ങൾ ഞങ്ങളുടെ മരണത്തെ ക്ലേശസംപൂണ്ണമാക്കിത്തീക്കാതിരിപ്പാനും, ക്ഷണഭംഗുരമായ ഭൗമികസുഖങ്ങളെല്ലാം പരിത്യജിച്ചു് ദൈവസ്നേഹത്തിൽ ജീവിച്ചുകൊണ്ടു് അന്ത്യസമയം മാധുയ്യസംപൂണ്ണമാക്കിത്തീക്കാനും നീ ഞങ്ങൾക്കു സഹായം ചെയ്യണമെ. ൧ ത്രി.

---

## ഒമ്പതാം ദിവസം

൧. ദിവ്യരക്ഷകനായ ഈശോയെ, "നീതിമാന്മാരുടെ മരണം കത്താവിന്റെ മുമ്പാകെ വിലയുള്ളതാകുന്നു" എന്ന വേദവാക്യം നിന്റെ സ്നേഹമണവാട്ടിയായ വി. അമ്മത്രേസ്യായെ സംബന്ധിച്ചിടത്തോളം എത്രയോ അത്ഥസമ്പൂണ്ണമായിരിക്കുന്നു! നീതിമാന്മാക്കായി ഒരുക്കിയിരിക്കുന്ന ആ സൗഭാഗ്യസ്ഥലത്തേക്കു് അവളെ നീ പ്രവേശിപ്പിക്കുകയും, അനശ്വരമായ സമ്മാനത്താൽ അവളെ നീ ആനന്ദിപ്പിക്കുകയും ചെയ്തുവല്ലോ. ഹാ! സ്നേഹനാഥാ! നിന്നെ പ്രാപിക്കുന്നതുമാത്രം ഞങ്ങളുടെ ചിന്താവിഷയവും, നി

ന്നെ സ്നേഹിക്കുന്നതുമാത്രം ഞങ്ങളുടെ ആനന്ദവുമായിരിക്കട്ടെ. കണ്ണുകണ്ടിട്ടില്ലാത്തതും, ചെവി കേട്ടിട്ടില്ലാത്തതും, ഹൃദയംകൊണ്ടു് അനുഭവിച്ചറിഞ്ഞിട്ടില്ലാത്തതുമായ ആ പറുദീസായിൽ വന്നു ചേരാനുള്ള അനുഗ്രഹം വി. അമ്മത്രേസ്യായുടെ യോഗ്യതകളെക്കുറിച്ച് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ൧ ആ.

൨. സകല ദൈവദൂതന്മാരുടെയും, വിശുദ്ധരുടെയും സ്തുതിഗീതങ്ങൾ ശ്രവിച്ചുകൊണ്ടു് അവരാൽ പരിസേവിതയായി വാഴുന്ന സ്വർഗ്ഗരാജ്ഞി, പാപികളായ ഞങ്ങളുടെമേൽ നിന്റെ ദയാദൃഷ്ടി തിരിക്കണമെ. നിന്റെയും, വിശുദ്ധ അമ്മത്രേസ്യായുടെയും മാദ്ധ്യസ്ഥത്താൽ സ്വർഗ്ഗംചേർന്നു്, "ദൈവത്തിന്റെ കരുണകളെ ഞാൻ പാടി സ്തുതിക്കും" എന്നു് നിന്റെ മകളായ അവൾ ഭൂമിയിലായിരുന്നപ്പോൾ സന്തോഷത്തോടെ ചൊല്ലിയിരുന്ന ആ വാക്കുകൾ ആവർത്തിച്ചു പാടാനും ഞങ്ങൾക്കിട വരുത്തണമെ. ൧ നന്മ.

൩. വി. അമ്മത്രേസ്യായെ, നിന്റെ പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നു. നിനക്കു കൂടുതൽ ആഗ്രഹിക്കാൻ ഒന്നും ശേഷിക്കാതെ നിന്റെ ഹൃദയത്തെ നിത്യമായി സംതൃപ്തമാക്കുന്നതും യഥാർത്ഥമായ ഒരു ജീവിതം നിനക്കു് ഇതാ സ്വർഗ്ഗത്തിൽ കൈവന്നിരിക്കുന്നു. നിന്റെ സ്നേഹവിഷയമായ ആ നന്മയിൽ നീ ഇപ്പോൾ ആനന്ദിക്കുന്നു. എന്നാൽ, നിന്റെ പ്രതാപത്തിൽ പാപികളായ ഞങ്ങളെ നീ മറന്നുകളയരുതെ. ഈ കണ്ണുനീരിന്റെ താഴ്‌വരയിൽക്കൂടി വിലാപത്തോടും ദൈവത്തെ നഷ്ടമാക്കിയേക്കുമെന്നുള്ള ആപല്ഭയത്തോടുംകൂടി പ്രയാണംചെയ്യുന്ന ഞങ്ങളോടു നീ കൃപ കാണിക്കണമെ. ഞങ്ങൾ ഇതുവരെ ചെയ്തിട്ടുള്ള എല്ലാം പാപങ്ങളുടെയും മോചനത്തിനായി അനുകമ്പയോടെ ഈശോയുടെ പക്കൽ നീ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ഞങ്ങളുടെ നിത്യഭാഗ്യത്തിനു് പ്രതിബന്ധമായി നിൽക്കുന്ന സകല ലൌകികപക്ഷങ്ങളെയും പൂർണ്ണമായി പരിത്യജിച്ചുകൊണ്ടു്, സ്വർഗ്ഗത്തിൽ വന്നു ചേരുവാനും നിന്നോടുകൂടെ എന്നേക്കും ദൈവത്തെ സ്നേഹിക്കുവാനും സഹായിക്കണമെ.

൧ ത്രി.

## വിശുദ്ധ അമ്മത്രേസ്യായ്ക്കുള്ള പ്രതിഷ്ഠാജപം

ഈശോയുടെ വി. ത്രേസ്യായെ, ഭക്തിജ്വാലകസദൃശയായ കന്യകെ, നിത്യവചനത്തിന്റെ പ്രിയ മണവാട്ടീ, ഞാൻ... .....നിന്റെ ദാസനായിരിക്കാൻ അയോഗ്യനെങ്കിലും നിന്നെ ശുശ്രൂഷിക്കാനുള്ള വലിയ ആഗ്രഹത്താൽ നിന്റെ മഹാനന്മയിൽ ആശ്രയിച്ചുകൊണ്ട് പരിശുദ്ധ ത്രിത്വത്തിന്റെ സന്നിധിയിൽ എന്റെ കാവൽമാലാഖായുടെയും, സകല സ്വർഗ്ഗവാസികളുടെയും മുമ്പാകെ, പരിശുദ്ധ മറിയം കഴിഞ്ഞാൽ നിന്നെ എന്റെ അമ്മയും, നാഥയും, പ്രത്യേകമദ്ധ്യസ്ഥയുമായി ഇന്നു തെരിഞ്ഞെടുക്കുന്നു. നിന്നെ ഞാൻ എപ്പോഴും ശുശ്രൂഷിച്ചുകൊള്ളാമെന്നും മററുള്ളവരും നിന്നെ ശുശ്രൂഷിക്കുന്നതിനു് ഞാൻ യഥാശക്തി പ്രയത്നിച്ചുകൊള്ളാമെന്നും ഇതാ പ്രതിജ്ഞ ചെയ്യുന്നു. അതിനാൽ എന്റെ മദ്ധ്യസ്ഥെ, നിന്റെ ദിവ്യമണവാളൻ എനിക്കായി ചിന്തിയ തിരുരക്തത്തെക്കുറിച്ച്, നിന്റെ ഭക്തരായ ദാസന്മാരുടെഗണത്തിൽ എന്നെയും ചേർത്തുകൊള്ളണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എന്റെ ആവശ്യങ്ങളിൽ നീ എന്നെ സഹായിക്കയും, മേലാൽ നിന്റെ മാതൃകാനുസരിച്ച് സുകൃതവഴിയിൽ വ്യാപരിക്കുന്നതിനുള്ള അനുഗ്രഹം പ്രാപിച്ചുതരികയും ചെയ്യണമെ. ഇപ്രകാരം ആ പരമനന്മയെ ധ്യാനിക്കയും സ്നേഹിക്കയും ചെയ്തുകൊണ്ട് എന്റെ നിരൂപണ വചനം പ്രവൃത്തികളിൽ അല്പമായിട്ടുപോലും, നിനക്കും എന്റെ ദൈവത്തിനും അനിഷ്ടമായി ഒന്നും ഉണ്ടാകാതിരിപ്പാൻ ഇടയാകട്ടെ. നിന്റെ ശുശ്രൂഷയിൽ ഞാൻ പ്രവേശിച്ചതിന്റെ അടയാളമായി ഈ വിനീത സമർപ്പണത്തെ നീ സദയം സ്വീകരിച്ച്, എന്റെ ജീവിതകാലത്തും പ്രത്യേകം മരണനേരത്തും എന്നെ സഹായിക്കണമെ. ആമ്മേൻ.

## ആത്മാക്കളുടെ മാനസാന്തരത്തിനായുള്ള വി. അമ്മത്രേസ്യായുടെ ഒരപേക്ഷ

ഹാ! എൻെറ ദൈവമേ! ഞങ്ങളുടെമേൽതന്നെ യാതൊരു അനുകമ്പയുമില്ലാത്തവരുടെമേൽ നീ കൃപയുള്ളവനായിരിക്കണമേ. മരിച്ച തന്നെ ഉയിൎപ്പിക്കണമെന്ന് ലാസർ നിന്നോടു ആവശ്യപ്പെട്ടില്ലെങ്കിലും പാപിയായ ഒരു സ്ത്രീയുടെ അപേക്ഷമൂലം ഈ അത്ഭുതം നീ പ്രവൎത്തിച്ചുവല്ലൊ. ഇതാ അവളേക്കാൾ പാപിയായ ഒരാൾ ഇവിടെ നിൻെറ തൃപ്പാദത്തുങ്കൽ സാഷ്ടാംഗം വീണു കിടക്കുന്നു. ഹാ! കൎത്താവേ! നിൻെറ അനുഗ്രഹാധിക്യം നീ കാണിക്കണമെ. അതേ, ഈ അനുഗ്രഹത്തിനായി തന്നെ ഞാൻ അപേക്ഷിക്കാത്ത നിർഭാഗ്യവാന്മാൎക്കുവേണ്ടി ഞാനിതാ അതിനെ നിന്നോടു സാഷ്ട്യപ്പെട്ടപേക്ഷിക്കുന്നു. ഞങ്ങളുടെ അന്ധതയും അയോഗ്യതയും നീ നോക്കാതെ ഞങ്ങളെപ്രതി നിൻെറ ദിവ്യകുമാരൻ ചിന്തിയ വിലതീരാത്ത തിരുരക്തത്തെ മാത്രം തൃക്കൺപാൎത്തുകൊണ്ട് കരുണയുള്ള കൎത്താവേ! ഈ പാപികളുടെമേൽ നീ കൃപയുള്ളവനായിരിക്കണമെ.

# III പുണ്യപൂർണ്ണതയ്ക്കുള്ള കുറുക്കുവഴി

(വി. അമ്മത്രേസ്യായുടെ പഠനങ്ങളിൽനിന്ന്
വേദപാരംഗതനായ അല്ഫോൻസ് ലിഗോരി പുണ്യവാൻ
സംഗ്രഹിച്ചത്.)

പുണ്യപരിപൂർണ്ണത രണ്ടു സംഗതികളുടെ അനുഷ്ഠാനത്തിലാണ് അന്തർല്ലീനമായിരിക്കുന്നത്. സൃഷ്ടികളിൽനിന്നുള്ള അകൽച്ചയും സ്രഷ്ടാവിനോടുള്ള ഐക്യവും. "യാതൊരുവൻ എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സ്വയം പരിത്യജിച്ച് സ്വന്തകുരിശും വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കട്ടെ" എന്നീ വാക്കുകളാൽ മിശിഹാ ഇതു നമ്മെ സ്പഷ്ടമായി പഠിപ്പിക്കുന്നു.

## I

## സൃഷ്ടികളിൽനിന്നുള്ള അകൽച്ച

"നിങ്ങൾ ലോകത്തെയോ ലൗകികവസ്തുക്കളെയോ സ്നേഹിക്കരുത്. എന്തുകൊണ്ടെന്നാൽ ഭൗമികമായ സമസ്തവും ജഡത്തിന്റെ ദുരിച്ഛയും, കണ്ണുകളുടെ ദുരാശയും, ജീവിതത്തിന്റെ നിഗളവും ആകുന്നു" എന്നത്രെ സൃഷ്ടികളിൽനിന്നുള്ള അകൽച്ചയെപ്പറ്റി വി. യോഹന്നാൻ സുവിശേഷകൻ പഠിപ്പിക്കുന്നത്. നമ്മുടെ സർവ്വ അപൂർണ്ണതകളും ക്രമവിരുദ്ധമായ ത്രിവിധ സ്നേഹത്തിൽനിന്നും — വിഷയാസക്തി, ദ്രവ്യാശ, ബഹുമാനേച്ഛ എന്നിവയിൽനിന്നും — ഉൽഭൂതമാകുന്നു. നശ്വരവസ്തുക്കളോടു യോജിച്ചിരിക്കുന്ന ഏവനും അവയോടുകൂടെ നശിക്കേണ്ടതുതന്നെയാണ്" എന്നത്രെ തത്സംബന്ധമായി വി. അമ്മത്രേസ്യാ അഭിപ്രായപ്പെടുന്നത്.

## 1. വിഷയാസക്തി

ക്രമവിരുദ്ധമായ ഒന്നാമത്തെ സ്നേഹം വിഷയാസക്തിയാണ്. ആഭ്യന്തരമായും ബാഹ്യമായും ഉള്ള ഇന്ദ്രിയനിഗ്രഹത്താൽ ഏതുതരത്തെ ജഡികസന്തോഷങ്ങളിൽനിന്നും വേർപെടുത്തിക്കൊണ്ടാണ് ഇതിനെ ഉൻമൂലനം ചെയ്യേണ്ടത്.

### A ആഭ്യന്തരമായ ഇന്ദ്രിയനിഗ്രഹം

സ്വസ്നേഹം, സ്വാർത്ഥതല്പരത, ലൗകികോദ്ദേശ്യം എന്നിവയാലുള്ള പ്രേരണകൂടാതെ, ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ള ഏകോദ്ദേശ്യത്തോടെ നമ്മുടെ ആശാപാശങ്ങളെ നിയന്ത്രിക്കുന്നതിനാണ് ആഭ്യന്തരമായ ഇന്ദ്രിയനിഗ്രഹം എന്നു പറയുന്നത്. നമ്മുടെ ആശാപാശങ്ങളാകട്ടെ ക്രോധവികാരങ്ങൾ, സ്നേഹവികാരങ്ങൾ എന്നിങ്ങനെ രണ്ടു തരത്തിലാണ്.

a) ക്രോധവികാരങ്ങളിൽ സർവ്വപ്രാധാന്യം അർഹിക്കുന്ന ആശാപാശം കോപം ആകുന്നു. ഇതിനെ ശാന്തത എന്ന പുണ്യത്താലാണ് പരാജിതമാക്കേണ്ടത്.

#### ശാന്തതയിൽ പരിശീലിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

1. അന്യരോടു ഒരിക്കലും കോപിക്കാതിരിക്കുക.

2. എല്ലാവരോടും സൗമ്യമായി സംസാരിക്കുക.

3. ഏവരോടും, ക്ഷിപ്രകോപികളോടു പ്രത്യേകിച്ചും, വിനീതസ്വരത്തിലും, മുഖപ്രസന്നതയോടും, സൗമ്യവാക്കുകളിലും സംസാരിക്കുക.

4. അന്യരുടെ ബലഹീനതകളെയും, ഉപദ്രവങ്ങളെയും, അസഹ്യതകളെയും സമാധാനപൂർവ്വം സഹിക്കുക.

5. സ്വന്ത തെറ്റുകളിൽ അക്ഷമരോ, അധൈര്യരോ ആകാതെ സ്വയം എളിമപ്പെടുകയും ഒരു പശ്ചാത്താപപ്രകരണത്താൽ അവയിൽനിന്നും എഴുന്നേല്പുകയും ചെയ്തുകൊണ്ടു് ഭൂതകാലത്തെപ്പററി ചിന്തിക്കാതെ അനന്തരജീവിതം കൂടുതൽ തീക്ഷ്ണതയോടും ദൈവത്തിലുള്ള കൂടുതൽ പ്രത്യാശയോടുംകൂടെ നയിക്കുവാൻ ശ്രമിക്കുക. നാം എപ്പോഴെല്ലാം വീണുപോകുന്നുവോ അപ്പോഴെല്ലാം ഇങ്ങനെതന്നെ ചെയ്യേണ്ടതാണ്.

a) ഹൃദയം കലങ്ങിയിരിക്കുമ്പോൾ ഒന്നും സംസാരിക്കാതെയും, പ്രവർത്തിക്കാതെയും ഇരിക്കുക. വി. ഫ്രാൻസീസ് സാലെസ് പറയുന്നു: "എന്റെ ഹൃദയം കലങ്ങിയിരിക്കുമ്പോൾ ഞാൻ ഒന്നും സംസാരിക്കയില്ല. എന്ന് എന്റെ നാവുമായി ഒരു ഉടമ്പടി ഞാൻ ചെയ്തിട്ടുണ്ട്." താദൃശവേളകളിൽ ആത്മികോപദേഷ്ടാവിന് ഹൃദയസ്ഥിതി വെളിപ്പെടുത്തുന്നതും വളരെ ഉപകാരപ്രദമായിരിക്കും.

b) സ്നേഹവികാരങ്ങളിൽ സർവ്വപ്രധാനമായത് വിവിധ തരത്തിലുള്ള മനുഷ്യരോടു, യൗവ്വനയുക്തരായ ഇതരവർഗ്ഗക്കാരോട് പ്രത്യേകിച്ചും, നമുക്കുളവാകുന്ന അമിതസ്നേഹം ആകുന്നു. വി. അമ്മത്രേസ്യാ ഇതുസംബന്ധമായി പ്രബോധിപ്പിക്കുന്നത് "പാപകരമായ കാരണങ്ങളിൽ നീ ഉൾപ്പെടാതിരുന്നാൽ നിന്റെ ആത്മാവ് അതിശീഘ്രത്തിൽ ദൈവത്തിങ്കലേക്ക് തിരിഞ്ഞുകൊള്ളും" എന്നാണ്. പാപകാരണങ്ങളിലേക്ക് നമ്മെ ആകർഷിക്കുന്നവർ സംബന്ധികളാണെങ്കിൽ ഏതു സമയവും അവരെ അപേക്ഷിച്ച് ദൈവത്തെ പ്രസാദിപ്പിക്കുവാനാണ് നാം പരിശ്രമിക്കേണ്ടത് എന്നു സദാ നാം ഓർക്കണം. അവർ നമ്മുടെ നന്മയെക്കാൾ അവരുടെ സ്വന്തം അഭിലാഷങ്ങളെയാണ് കൂടുതൽ സ്നേഹിക്കുക.

### അമിതസ്നേഹത്തെ പരാജിതമാക്കാനുള്ള മാർഗ്ഗങ്ങൾ

1. അന്യരുമായുള്ള പ്രത്യേകിച്ചും യൗവ്വനയുക്തരായ ഇതരവർഗ്ഗക്കാരുമായുള്ള സംഭാഷണം, സ്നേഹപ്രകടനങ്ങൾ, എഴുത്തുകുത്തുകൾ, സമ്മാനദാനങ്ങൾ, ആംഗ്യങ്ങൾ എന്നിങ്ങനെ സ്നേഹത്തെ വർദ്ധമാനമാക്കുന്നതായ സർവ്വപ്രവൃത്തികളെയും ദൂരതഃ പരിത്യജിക്കുക.

2. സംബന്ധികളുടെ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്താനായി നമ്മുടെ പുണ്യാഭ്യാസങ്ങളിൽനിന്നും നാം ഒരിക്കലും വിരമിക്കരുത്.

3. ദൈവം നമ്മെ ഉപരി പുണ്യപൂർണ്ണതയ്ക്കുള്ള ഒരു ജീവിതാന്തസ്സിലേക്ക് ക്ഷണിക്കുമ്പോൾ, സംബന്ധികളെക്കാൾ കൂടുതൽ ദൈവത്തെ അനുസരിച്ചുംകൊണ്ട് അവരെ നാം സധൈര്യം പരിത്യജിക്കേണ്ടതാണ്.

4. കുടുംബ സംബന്ധമായ കാര്യങ്ങളിൽ, ഉപവിയാൽ നാം നിർബന്ധിക്കപ്പെടുന്നില്ലെങ്കിൽ, ഒരിക്കലും നാം ഇടപെടരുത്. എന്തെന്നാൽ, അത് പലവിധത്തിലും നമുക്ക് ഉപദ്രവകരമായിരിക്കും.

സ്നേഹവികാരങ്ങളിൽ ഉൾപ്പെട്ട വേറൊന്നാണ് സ്വന്തമനസ്സ്. ഇതിനെ അനുസരണയാലത്രെ പരാജിതമാക്കേണ്ടത്. "പുണ്യപൂർണ്ണതയ്ക്കുള്ള ഒരു കുറുക്കവഴിയാണ് അനുസരണം" എന്നത്രെ വി. അമ്മത്രേസ്യായുടെ അഭിപ്രായം. "സർവ്വപ്രവൃത്തികളും ചെയ്യുവാൻ സുസാധമായ അനുസരണമെന്ന പുണ്യമെ" എന്ന് വിശുദ്ധ നിലവിളിക്കുന്നു. "മറ്റെല്ലാം സൽപ്രവൃത്തികളെയുംകാൾ ദൈവത്തെ കൂടുതൽ പ്രസാദിപ്പിക്കുന്നത് അനുസരണമാണ്" എന്ന് ബൊദ്ളോഞ്ഞായിലെ വി. കത്രീനായും പറയുന്നു.

"ആത്മാവിൻെറ സർവ്വ ഉൽക്കർഷവും ഇതിൽ (അനുസരണത്തിൽ) ആണ് നിക്ഷിപ്തമായിരിക്കുന്നതെന്ന് പിശാചു നന്നായി ഗ്രഹിച്ചിട്ടുണ്ട്. അതിനാൽ ഇതിൽനിന്നും ആത്മാവിനെ അകറ്റി നിറുത്തുവാൻ അവൻ കഴിയുന്നത്ര പരിശ്രമിക്കുന്നതാണ്" എന്നും, എന്നാൽ നേരെമറിച്ച് "ദൈവത്തെ സ്നേഹിക്കുവാൻ അഗ്രഹിക്കുന്ന ഒരാത്മാവിൽനിന്ന് അനുസരണമല്ലാതെ മറ്റു യാതൊന്നും ദൈവം അഗ്രഹിക്കുന്നില്ല" എന്നും ആണ് വി. അമ്മത്രേസ്യാ ഉൽബോധിപ്പിക്കുന്നത്.

### അനുസരണത്തിൽ പരിശീലിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

1. നമ്മുടെ അധികാരികൾക്കും, നിയമങ്ങൾക്കും, ആത്മപിതാക്കന്മാർക്കും, ആത്മാവിനെ സംബന്ധിക്കുന്ന സർവ്വകാര്യങ്ങളിലും അവ എത്ര നിസ്സാരങ്ങൾ തന്നെയായാലും കീഴ്വഴങ്ങികൊണ്ട് നാം നമ്മെത്തന്നെ നിയന്ത്രിക്കണം.

2. പാപമില്ലെന്ന സ്പഷ്ടമായിട്ടുള്ള ഏതു സംഗതിയിലും എത്ര പ്രതിരോധനങ്ങളുണ്ടായിരുന്നാലും അതിനെ എല്ലാം അവഗണിച്ചുകൊണ്ട് നാം നമ്മുടെ അധികാരികളെ അനുസ്യൂതം അനുസരിക്കേണ്ടതാണ്.

3. അസംതൃപ്തിയോടെയല്ല, പ്രത്യുത പൂർണ്ണമനസ്സോടെ കീഴ്വഴങ്ങണം.

4. നാം നമ്മുടെ വികാരങ്ങളെപ്പോലും അധികാരികളുടേതിനോട്ട് അനുരൂപപ്പെടുത്തുകയും, കാരണങ്ങളെ അരായാതെ കണ്ണടച്ച് അനുസരിക്കയും വേണം.

5. അനുസരണത്തിനു് പ്രതികൂലമല്ലാത്ത എല്ലാം നല്ല സംഗതികളിലും നമ്മുടെ ഹൃദയാഭിലാഷങ്ങൾക്ക് വിരുദ്ധമായി പ്രവൎത്തിക്കുന്നതാണ് ഏററവും ഉചിതമായിട്ടുള്ളതു്.

## B. ബാഹ്യേന്ദ്രിയ നിഗ്രഹം

കണ്ണ്, മൂക്ക്, നാവ്, ചെവി, ത്വക്ക് ഇവയുടെ നിഗ്രഹത്താൽ നമ്മെത്തന്നെ ഐന്ദ്രികസന്തോഷങ്ങളിൽനിന്ന് വിമുക്തമാക്കുന്നതിലാണ് ബാഹ്യേന്ദ്രിയനിഗ്രഹം അന്തർഭൂതമായിരിക്കുന്നതു്.

1. നയനേന്ദ്രിയം:- നിയമവിരുദ്ധവും, അപകടകരവും, കൗതുകകരവുമായവയെ വീക്ഷിക്കാതിരിക്കുക. ദൃഷ്ടി താഴ്ത്തി നടക്കുക. വസ്ത്രം ധരിക്കുമ്പോഴും മാറുമ്പോഴും എന്നുവേണ്ട, നിന്റെ എല്ലാ പ്രവൎത്തനങ്ങളിലും വേണ്ടത്ര അടക്ക ഒതുക്കത്തോടുകൂടെ വൎത്തിക്കുക.

2. ഘ്രാണേന്ദ്രിയം:- സൌരഭ്യപുഷ്പങ്ങളെയും, സുഗന്ധദ്രവ്യങ്ങളെയും കഴിയുന്നത്ര ഘ്രാണിക്കാതിരിക്കുക.

3. ശ്രവണേന്ദ്രിയം:- അവലാതികളെയും, വ്യൎത്ഥമൊ അനുചിതമൊ ആയ വാൎത്തകളെയും ശ്രവിക്കാതിരിക്കുക.

4. രസനേന്ദ്രിയം:- ഭക്ഷണത്തിന്റെ അളവിനെ സംബന്ധിച്ചു പറയുന്നതായാൽ ഇന്ദ്രിയേച്ഛയെ തൃപ്തിപ്പെടുത്തുന്നതിനു് മാത്രമായി ഭക്ഷിക്കുകയൊ, കുടിക്കുകയൊ ചെയ്യരുതു്. പ്രത്യുത, ജീവിതസന്ധാരണത്തിനുപയുക്തമായിടത്തോളം മാത്രമേ ഭക്ഷിക്കാവൂ. ക്ലിപ്തസമയങ്ങൾവിട്ടു ഭക്ഷിക്കാതിരിക്കുക. ഭക്ഷ്യങ്ങളിൽ ചിലതു് ദൈവത്തെപ്രതി പരിത്യജിക്കുക. വൈകുന്നേരം കുറച്ചുമാത്രം ഭക്ഷിക്കുകയും ചിലപ്പോൾ മുഴുവനായി ഉപേക്ഷിക്കുകയും ചെയ്യുക. ഇനി ഭക്ഷ്യങ്ങളുടെ വിശേഷതയെപ്പററി പറഞ്ഞാൽ, രുചികരമായതും, അസാമാന്യമായതും വിശേഷരീത്യാ പാകം ചെയ്യുന്നതുമായ ഭക്ഷ്യങ്ങളെ അന്വേഷിക്കാതിരിക്കുക. ഭക്ഷണപദാൎത്ഥങ്ങളോടുകൂടെ ചിലപ്പോഴെങ്കിലും കയ്പുരസമുള്ള വല്ല സാധനങ്ങളും ചേൎക്കുക. മോശമായി പാകം ചെയ്തതോ, തണുത്തതോ ആയ ഭക്ഷണപദാൎത്ഥങ്ങളാണ് നി

നകു ലഭിക്കുന്നതെങ്കിൽ അതിനെക്കുറിച്ച് ആവലാതി പറയാതിരിക്കുക.

5. സ്പർശനേന്ദ്രിയം:- കിടപ്പിടം, വസ്ത്രം, സാമഗ്രികൾ ആദിയായവയിൽ അമിതസുഖം ആരായാതിരിക്കുക. തണുപ്പുകാലത്തു് തീ കായാതിരിക്കുകയും, വേനൽക്കാലത്തു പങ്ക, വിശറി മുതലായവ ഉപയോഗിക്കാതിരിക്കുകയും ചെയ്യുക. ചമ്മട്ടി, മുള്ളരഞ്ഞാണം ആദിയായ പ്രായശ്ചിത്തക്കരുക്കൾ വിവേകപൂർവ്വം ഉപയോഗിക്കുക. പക്ഷേ, ഈ സംഗതിയിൽ ആത്മപിതാവിന്റെ അനുവാദം അപരിത്യാജ്യമാണ്. എന്തെന്നാൽ വി. ഫിലിപ്പുനേരി അഭിപ്രായപ്പെട്ടതുപോലെ ഈ അനുവാദത്തിന്റെ അഭാവത്തിൽ നമ്മുടെ ആരോഗ്യം അഥവാ വിനയം നശിച്ചുപോകുവാനിടയുണ്ട്. ദീനം, ക്ഷീണം, അസുഖം, ആത്മീയവിഷമതകൾ ഇത്യാദിയിൽ ആവലാതിപ്പെടാതിരിക്കുകയെങ്കിലും ചെയ്തുകൊണ്ട് സർവ്വതും മിശിഹാക്കു സമർപ്പിക്കുക. ബാഹ്യേന്ദ്രിയനിഗ്രഹത്തെക്കുറിച്ച് വി. അമ്മത്രേസ്യാ പറയുന്നതു് പ്രത്യേകം പ്രസ്താവയോഗ്യമാണ്. നിരന്തരം സ്വന്ത സുഖത്തെ ആരായുന്നവനെ ദൈവം തന്റെ സ്നേഹിതനായി പരിഗണിക്കുമെന്നു വിചാരിക്കുന്നതു സർവ്വാബദ്ധമാണ്. സുഖേച്ഛയുടെ അതൃപ്തിയും, പ്രാർത്ഥനയുടെ അതൃപ്തിയും തമ്മിൽ യാതൊരു ബന്ധവും ഇല്ല. ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്ന ആത്മാക്കൾ സുഖേച്ഛുക്കളാകയില്ല.”

6. ഭാഷണേന്ദ്രിയം:- നാവിനെ മൗനം വഴിയായി നിയന്ത്രിക്കുന്നതും ഒരു ബാഹ്യേന്ദ്രിയനിഗ്രഹമാകുന്നു. അതു് അഭ്യസിക്കുന്നതിനുവേണ്ടി കുറച്ചുമാത്രം, അതും ശ്രദ്ധാപൂർവ്വം സംസാരിക്കുക. അനുദിനം ക്ലിപ്തസമയത്തേക്കു പൂർണ്ണമായ മൗനം അനുഷ്ഠിക്കുക. അത്യാവശ്യത്തെപ്രതിയല്ലാതെ ആ സമയം യാതൊന്നും പറയാതിരിക്കുക. ദൈവത്തോടു അനുസ്യൂതം പ്രാർത്ഥിക്കുകയും സാമാന്യ സംഭാഷണം കഴിയുന്നത്ര ആദ്ധ്യാത്മികമായിരിക്കാൻ പരിശ്രമിക്കുകയും ചെയ്യുക. “ദൈവശുശ്രൂഷികളുടെ സംഭാഷണത്തിൽ മിശിഹാ സദാപി സന്നിഹിതനായിരിക്കുകയും അവർ തന്നിൽ ആനന്ദിക്കുന്നതിനാൽ മിശിഹാ സംതൃപ്തി അടയുകയും ചെയ്യുന്നു” എന്നാണ് വി. അമ്മത്രേസ്യായുടെ അഭിമതം.

## 2. ദ്രവ്യാശ

ക്രമവിരുദ്ധമായ രണ്ടാമത്തെ സ്നേഹം ദ്രവ്യാശയാണ്. ഇതിനെ ദാരിദ്ര്യത്താലാണ് ഉന്മൂലനം ചെയ്യേണ്ടത്.

### മനോദാരിദ്ര്യത്തിൽ പരിശീലിക്കാനുള്ള മാർഗ്ഗങ്ങൾ

1. ആവശ്യത്തിലധികമായ വസ്തുക്കളെ പരിവർജ്ജിക്കുകയും അത്യാവശ്യമായിട്ടുള്ളതു മാത്രം സൂക്ഷിക്കുകയും ചെയ്യുക. ഉപയോഗിക്കുന്ന വസ്തുക്കളോടുള്ള അനുചിതമായ എല്ലാ സ്നേഹത്തെയും പരിത്യജിക്കുക.

2. ഏററം താഴ്ന്നതരം വസ്തുക്കളെക്കൊണ്ട് തൃപ്തിപ്പെടുക.

3. അത്യന്താപേക്ഷിതമായ വസ്തുക്കളുടെ അഭാവത്തിൽ പോലും സന്തോഷിക്കുക. "ലോകത്തിലുള്ള സർവ്വ നന്മകളെയും സംഭരിച്ചിരിക്കുന്ന ഒരു ഗുണവിശേഷമത്രെ ദാരിദ്ര്യം" എന്നാണ് വി. അമ്മത്രേസ്യായുടെ അഭിപ്രായം. "ഇഹത്തിൽ നമുക്ക് എത്രത്തോളം വസ്തുക്കൾ കുറഞ്ഞിരിക്കുമോ അത്രത്തോളം കൂടുതൽ നന്മകൾ നമുക്കു നിത്യത്വത്തിൽ അനുഭവിക്കാം" എന്നും പ്രസ്തുത വിശുദ്ധതന്നെ പറയുന്നു.

## 3. ബഹുമാനേച്ഛ

ക്രമവിരുദ്ധമായ മൂന്നാമത്തെ സ്നേഹം ബഹുമാനേച്ഛയാണ്. ഇതിനെ എളിമയാലാണ് പരാജയപ്പെടുത്തേണ്ടത്.

### എളിമയിൽ പരിശീലിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

1. നാം എന്തെല്ലാം നന്മ ചെയ്താലും അതിൻെറയെല്ലാം സ്തുതി ദൈവത്തിനു നൽകുക. വ്യർത്ഥമായ എല്ലാ സംതൃപ്തികളെയും ഹൃദയത്തിൽനിന്ന് വിപാടനം ചെയ്യുക. "ദൈവത്തെ മാത്രം തൃപ്തിപ്പെടുത്തുന്നതിന് നാം അഭിലഷിക്കുമ്പോൾ എല്ലാമായ സ്തുതികളെയും നമ്മുടെ ഹൃദയത്തിൽനിന്നും ദൂരീകരിക്കുവാൻ താൻ നമ്മെ സഹായിക്കും" എന്നാണ് വി. അമ്മത്രേസ്യാ പറയുന്നത്.

2. മറെറവരെയുംകാൾ നാം നികൃഷ്ടന്മാരാണെന്നും, ഇതരന്മാർ നമ്മെക്കാൾ ഉൽകൃഷ്ടന്മാരാണെന്നും പരിഗണിക്കുകയും അവരിൽ പ്രശോഭിക്കുന്ന ഗുണഗണങ്ങളെയും, നമ്മുടെ ബലഹീനതകളെയും പററി ചിന്തിക്കുകയും തദുപരി ദൈവ

ത്തിൽനിന്ന് നമുക്കു കൈവന്നിട്ടുള്ള വിവിധാനുഗ്രഹങ്ങളെ അനുസ്മരിക്കുകയും ചെയ്യുക.

3. ഈ വിധം നാം എല്ലാവരാലും പരിഗണിക്കപ്പെടുന്നതിനും എല്ലാവരും നമ്മോടു അപ്രകാരം വർത്തിക്കുന്നതിനും യഥാർത്ഥമായി ആഗ്രഹിക്കുക.

3. ബഹുമാനമൊ, സ്തുതിയൊ, സ്ഥാനമാനങ്ങളൊ അന്വേഷിക്കാതിരിക്കുകയും അധികാരികളോടുള്ള അനുസരണത്തെപ്രതി അല്ലാതെ അവയെ സ്വീകരിക്കാതിരിക്കുകയും ചെയ്യുക.

5. നാം ശാസിക്കപ്പെടുമ്പോൾ — ദൈവമഹത്വത്തിന് പ്രതിബന്ധമായൊ, ഇതരന്മാൎക്ക് ദുർമ്മാതൃകയായൊ വന്നേക്കുമെന്നുള്ള സന്ദർഭങ്ങളിലല്ലാതെ — ഒഴിവുകഴിവു പറയുകയൊ സ്വയം ആദരിക്കുകയോ ചെയ്യാതിരിക്കുക. "ഒരാത്മാവിന് പുണ്യപൂർണ്ണതാപദവിയിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനു അനേക പ്രസംഗങ്ങളിൽനിന്നും ലഭ്യമാകുന്നതിനെക്കാൾ കൂടുതൽ ഗുണം ഒരിക്കൽ മാത്രം സ്വയം ആദരിക്കാതിരിക്കുന്നതുമൂലം കിട്ടും" എന്നു വി. അമ്മത്രേസ്യാ പറയുന്നു.

6. ബുദ്ധിവൈഭവം, ജനനം, മാതാപിതാക്കന്മാർ, ധനം ആദിയായവയെക്കുറിച്ചു് പ്രശംസയായി തക്ക കാരണംകൂടാതെ ഒരിക്കലും സംസാരിക്കാതിരിക്കുക.

7. അവഹേളിക്കപ്പെടുമ്പോഴും, താഴ്ത്തപ്പെടുമ്പോഴും, അപഹസിക്കപ്പെടുമ്പോഴും, അവിശ്വസിക്കപ്പെടുമ്പോഴും, പീഡിപ്പിക്കപ്പെടുമ്പോഴും ദൈവസന്നിധിയിൽ ക്ഷമയുള്ളവരും, സന്തുഷ്ടരും ആയിരിക്കുക. ഇതിനെ സംബന്ധിച്ചുള്ള വി. അമ്മത്രേസ്യായുടെ വാക്കുകൾ ശ്രദ്ധേയങ്ങളാണ്. "നമ്മുടെ രക്ഷകൻ മുറിവുകളാൽ നിബിഡീകൃതനായും, പീഡകളാൽ ഞെരുങ്ങുന്നവനായും നമ്മുടെ നയനങ്ങൾക്ക് വിഷയീഭവിക്കുമ്പോൾ ആരുതന്നെ അവയെ ആലിംഗനം ചെയ്യുവാൻ അഭിലഷിക്കുകയില്ല." ഏതൻമൂലമാണ് വിശുദ്ധന്മാർ ദൈവത്തെപ്രതി നിന്ദിക്കപ്പെടുന്നതിനുള്ള അനുഗ്രഹം പ്രാപിക്കുന്നതിനായി അനുസ്യൂതം പ്രാർത്ഥിച്ചുകൊണ്ടിരുന്നതു്. നമുക്കു അനുദിനം ലഭിക്കാനിടയുള്ള നിന്ദനങ്ങളെ മുൻകൂട്ടി ദർശിച്ചുകൊണ്ടു അവ സസന്തോഷം സഹിക്കുന്നതിന് ധ്യാനസമയത്തെങ്കിലും നാം നമ്മെത്തന്നെ സന്നദ്ധരാക്കേണ്ടതാണ്. "ഒരു എളിമപ്രവൃത്തി എല്ലാ

ഭൗമികങ്ങളായ സമസ്തത്തെയുംകാൾ അമൂല്യമായതാണ്" എന്നത്രെ വി. അമ്മത്രേസ്യാ ഉൽബോധിപ്പിക്കുന്നത്.

## II

## സ്രഷ്ടാവിനോടുള്ള ഐക്യം

ആരംഭത്തിൽ പ്രസ്താവിച്ചതുപോലെ പുണ്യപൂർണ്ണതയ്ക്കുള്ള സർവ്വപ്രധാനമായ മാർഗ്ഗങ്ങളിൽ രണ്ടാമത്തേത് ദൈവൈക്യമാകുന്നു. താഴെ വിവരിക്കുന്ന വിധത്തിലെല്ലാമാണ് ഇതിൽ അഭ്യസിക്കേണ്ടത്.

### 1. ദൈവസ്നേഹം

1. നാം ദൈവത്തെ ഏററം ഉപരിയായി സ്നേഹിക്കണം. മനസ്സറിവോടുകൂടെ എത്രയും നിസ്സാരമായ ഒരു പാപംപോലും ചെയ്യുന്നതിനെക്കാൾ മരിക്കുവാൻ സന്നദ്ധരായിരിക്കത്തക്കവണ്ണം നാം ദൈവത്തെ സർവ്വവസ്തുക്കളെക്കാൾ ഉപരിയായി സ്നേഹിക്കണം. "അറിഞ്ഞുംകൊണ്ടു ഒരു ലഘുവായ പാപംപോലും ചെയ്യുന്നതിനിടയാകാതെ ദൈവം നിന്നെ രക്ഷിക്കട്ടെ. എന്തുകൊണ്ടെന്നാൽ പിശാചു എത്രയും വലിയ വസ്തുക്കൾക്കുകൂടെയും നിഷ്പ്രയാസം പ്രവേശിക്കത്തക്കതായ ഒരു വലിയ പന്ഥാവിനെ ഏററം ചെറിയ കൂട്ടങ്ങൾകൊണ്ടു നിർമ്മിക്കുന്നു. ദൈവത്തെ യാതൊന്നിലും ഉപദ്രവിക്കാതെ നന്മയായിട്ടുള്ളതെല്ലാം ചെയ്യുന്നതിനു സദാ സന്നദ്ധമായി ഇരിക്കുന്നതിലത്രെ യഥാർത്ഥമായ ഭക്തി അടങ്ങിയിരിക്കുന്നത്" എന്നെല്ലാം വി. അമ്മത്രേസ്യാ പറയുന്നു.

2. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി ഉപരി പൂർണ്ണത പ്രാപിക്കുന്നതിനു അനുസ്യൂതം അഗ്രഹിച്ചുകൊണ്ടു നാം നമ്മുടെ പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കണം- ഇതു സംബന്ധമായി വി. അമ്മത്രേസ്യാ പറയുന്നു. "നമ്മുടെ ഏതൊരു നല്ല അഗ്രഹത്തിനും ദൈവം ഈ ലോകത്തിൽതന്നെ തക്കതായ പ്രതിസമ്മാനം നൽകാതിരിക്കുകയില്ല". അവൾ തുടർന്നു പറയുന്നു: "നമ്മുടെ കർത്താവു തന്നെ അതീവം സ്നേഹിക്കുവാൻ അഗ്രഹിക്കുന്നവർക്കല്ലാതെ തന്റെ സവിശേഷമായ

അനുഗ്രഹങ്ങളെ സാമാന്യമായി പ്രദാനം ചെയ്യാറില്ല." ഇതരന്മാരുടെ അപ്രീതിയേയും സ്വാഭിലാഷങ്ങളെയും ലൌകികകാര്യലാഭങ്ങളെയും ധീരധീരം അവഗണിച്ചുകൊണ്ടു് നമ്മുടെ നല്ല അനുഗ്രഹങ്ങളെ പ്രവൃത്തിയിലാക്കുവാൻ നാം ശ്രമിക്കണം.

3. നിരന്തരമായും, എല്ലാ സന്ദർഭങ്ങളിലും നാം ദൈവത്തെ സ്നേഹിക്കണം. ഈ അന്ത്യത്തിനായി നമ്മുടെ സകല പ്രവൃത്തികളും, ഭക്ഷിക്കുക, കുടിക്കുക, നടക്കുക, ശ്വസിക്കുക ആദിയായ നമ്മുടെ നിഷ്പക്ഷമായ പ്രവൃത്തികൾപോലും, മിശിഹായും കന്യകമറിയവും ലോകത്തിൽ നിവസിച്ചിരുന്നപ്പോൾ ചെയ്തിട്ടുള്ള പ്രവൃത്തികളോടു യോജിപ്പിച്ചുകൊണ്ടു് ദൈവത്തിനു് നാം സമർപ്പിക്കേണ്ടതാണു്. വിശിഷ്യ, ദൈവതിരുമനസ്സു നമ്മിൽനിന്നു് എന്തുതന്നെ ആഗ്രഹിച്ചാലും നാം അതിനു വിധേയരായിക്കൊണ്ടു ഏതു പ്രാതികൂല്യങ്ങളും, വ്യഥകളും, സസന്തോഷം സഹിക്കേണ്ടതുമാണു്. ഇതിനെ പരാമർശിച്ചുള്ള വി. അമ്മത്രേസ്യായുടെ അഭിപ്രായം പ്രസ്താവയോഗ്യമാണു്. "ദൈവത്തെ പ്രസാദിപ്പിക്കുന്നവ ചെയ്യുന്നതിനെക്കാൾ ശ്രേഷ്ഠമായി നമുക്കു മറ്റെന്തു് കാര്യലാഭമാണു് ഇച്ഛിക്കുവാനുള്ളതു്? നമ്മുടെ ജീവിതകാലത്തു് ദൈവത്തെ അനുഭവിക്കുന്നതിനുള്ള പരിശ്രമത്തിലല്ല, പ്രത്യുത തന്റെ തിരുമനസ്സുപോലെ പ്രവർത്തിക്കുന്നതിലാണു് നമ്മുടെ വിജയം നിക്ഷിപ്തമായിരിക്കുന്നതു്. ഇപ്രകാരം നമ്മുടെ മനസ്സു ദൈവത്തിനു് പ്രതിഷ്ഠിക്കുന്നതുകൊണ്ടുള്ള പ്രയോജനം അവാച്യമാണു്. എന്തുകൊണ്ടെന്നാൽ, ഈ പ്രവൃത്തിമൂലം ദൈവം തന്നെത്തന്നെ നമ്മുടെ ഹീനത്വത്തോടുകൂടി യോജിപ്പിക്കുന്നതിനു് പ്രേരിപ്പിക്കപ്പെടുന്നു. യഥാർത്ഥമായ ഐക്യം നമ്മുടെ മനസ്സ് ദൈവതിരുമനസ്സിനോടു ഐക്യപ്പെടുന്നതിലത്രെ അടങ്ങിയിരിക്കുന്നതു്."

ഈ ഐക്യത്തെ വർദ്ധമാനമാക്കുന്നതിനും, ദൈവസ്നേഹാഗ്നിയെ സജീവമായി സംരക്ഷിക്കുന്നതിനും കീഴെ വിവരിക്കുന്ന തരത്തിലുള്ള സ്നേഹപ്രകരണങ്ങൾ ദിവസത്തിൽ പല പ്രാവശ്യവും, വിശിഷ്യാ ദിവ്യഭോജനത്തിനു് അണയുകയിലും, ധ്യാനത്തിന്റെ സമയത്തും സതീക്ഷ്ണം ചെയ്യുക:— "എന്റെ സ്നേഹസർവ്വസ്വമേ, എന്റെ ഏകനിധിയേ, എന്റെ ദൈവമേ, എന്റെ സമസ്തവുമേ, ഞാൻ നിന്നെ എന്റെ പൂർണ്ണ ഹൃദയ

ത്തോടെ സ്നേഹിക്കുന്നു. എന്നെ പൂർണ്ണമായി ഞാൻ അങ്ങേക്ക് നൽകുന്നു. എൻെറ സർവ്വ അഭിലാഷങ്ങളെയും, ചിന്തകളെയും, സ്നേഹങ്ങളെയും ഞാൻ അങ്ങേക്ക് സമർപ്പിക്കുന്നു. ഞാൻ ആഗ്രഹിക്കുന്നതും, ദീർഘനിശ്വാസനം ചെയ്യുന്നതും, ആരായുന്നതും നിന്നെയല്ലാതെ മറ്റൊന്നുമല്ല. നിന്നെ പ്രസാദിപ്പിക്കുന്നതാണ് എൻെറ ഏക ആനന്ദം. നിനക്കിഷ്ടമുള്ള എന്തും എന്നിലും ഞാൻ വഴിയായും നീ പ്രവർത്തിക്കുക. എൻെറ ദൈവമേ, എൻെറ ഏകനന്മയേ! നിന്നെ സ്നേഹിക്കുന്നതിനുമാത്രം എന്നെ നീ അനുവദിക്കുക. എൻെറ യാചന ഇതൊന്നുമാത്രമാണ്.

## 2. ധ്യാനം അഥവാ മനഃപ്രാർത്ഥന

ദൈവൈക്യം പ്രാപിക്കുന്നതിന് നാം മാനസികപ്രാർത്ഥനയിൽ ബദ്ധശ്രദ്ധരായിരിക്കണം. വിശുദ്ധ യോഹന്നാൻ ക്ലീമാക്കൂസ് അഭിപ്രായപ്പെടുന്നതുപോലെ, മാനസിക പ്രാർത്ഥന നമ്മിൽ സ്നേഹത്തെ ജനിപ്പിക്കുകയും അതു വഴിയായി ആത്മാവ് ദൈവത്തോട്ട് യോജിക്കുകയും ചെയ്യും. ഇതത്രെ മനഃപ്രാർത്ഥനയുടെ മഹനീയഫലം. അതിനാൽ ഈ വിശുദ്ധാഭ്യാസത്തിനായി ലഭിക്കാവുന്നിടത്തോളം സമയം, കുറഞ്ഞപക്ഷം സായാഹ്നത്തിലും, പ്രഭാതത്തിലും അര മണിക്കൂർ വീതമെങ്കിലും, നിത്യത്വം, ദൈവികനന്മകൾ, തദുപരി മിശിഹായുടെ ജീവിതവും, മരണവും എന്നീ സംഗതികളെ അധികരിച്ച് ധ്യാനിക്കുന്നതിനായി വിനിയോഗിക്കുന്നത് അത്യന്തം ഉപകാരപ്രദമാണ്.

സർവ്വശക്തനായ ദൈവത്തിൻെറ പ്രത്യേകാനുഗ്രഹത്താൽ ഉന്നതധ്യാനത്തിലേക്ക് ആത്മാവ് നയിക്കപ്പെടാത്തപ്പോഴെല്ലാം സ്നേഹപ്രകരണങ്ങളും മററും ചെയ്തുകൊണ്ട് ധ്യാനാനന്തരം കുറെ സമയം വിനിയോഗിക്കുന്നതും നന്നായിരിക്കും. എന്നാൽ ഇതു നിർബന്ധപ്പെട്ടെന്നോണമോ, ഐന്ദ്രിക ഭക്തിയാൽ പ്രേരിതമായോ ആകാതെ നിഷ്കപടഹൃദയത്തിൽനിന്നും നിർഗ്ഗമിക്കുന്നതായിരിക്കണം. അവസാനത്തിൽ എന്തെങ്കിലും നല്ല പ്രതിജ്ഞകൾ ചെയ്യേണ്ടതാണെന്നുള്ള കാര്യം ഒരിക്കലും വിസ്മരിച്ചുകൂടാ. "ധ്യാനം കൂടാതെ കഴിച്ചുപോയ കാലം മുഴുവനായി നഷ്ടപ്പെട്ടുപോയി. ധ്യാനം ഉപേക്ഷിച്ചുകളയുന്ന ഒരാത്മാവ് സാത്താൻെറ പരിശ്രമം ഒന്നും കൂടാതെതന്നെ സ്വയം നരകത്തിൽ നിപതിക്കുന്നുവെന്നു പറയാം" എന്നാണ് ഈ വിഷയം

സംബന്ധിച്ച് വി. അമ്മ ത്രേസ്യാ പ്രസ്പഷ്ടമായി ഉൽബോധിപ്പിക്കുന്നു. ആ വിശുദ്ധ തുടന്നു പറയുന്നു. "വിനീതമായ ജ്ഞാനം ധ്യാനത്തിന് അതീവം ഉപയോഗപ്രദമാണ്."

ആത്മീയാന്ധകാരത്തെ സംബന്ധിച്ച് വിശുദ്ധ നമുക്കു വലിയ പ്രോത്സാഹനമാണ് നൽകുന്നത്. അവൾ പറയുന്നു: "നമ്മുടെ നാഥൻ ആത്മീയശുഷ്കതയാലും, പ്രലോഭനങ്ങളാലുമാണ് തൻെറ സ്നേഹിതന്മാരെ പരിശോധിക്കുന്നത്. ആജീവനാന്തം നാം ആത്മീയശുഷ്കതയിൽ നിമഗ്നരായിരുന്നാലും, ധ്യാനത്തിൽനിന്ന് ഒരിക്കലും വിരമിക്കരുത്. സർവ്വത്തിനും വിപുലമായ പ്രതിഫലം നൽകപ്പെടുന്ന ഒരു ദിനം ആഗതമാകും." വേറൊരു സ്ഥലത്തു വിശുദ്ധതന്നെ പറയുന്നു: "ദൈവസ്നേഹം ദുർബലമായ ഭക്തിയിലല്ല നിക്ഷിപ്തമായിരിക്കുന്നത്; പ്രത്യുത, ധീരതയോടും എളിമയോടുംകൂടി ദൈവത്തിനു സേവനം ചെയ്യുന്നതിലാകുന്നു. ധ്യാനത്തിന് വിഘാതമായി പിശാച് എടുത്തു കാണിക്കുന്ന പാപങ്ങളെ അവഗണിച്ച് ധ്യാനത്തിൽ സുസ്ഥിരചിത്തയായിരിക്കുന്ന ഒരാത്മാവിനെ നമ്മുടെ ദിവ്യനാഥൻ നിത്യ രക്ഷയുടെ കവാടത്തിലേക്ക് നയിക്കുമെന്നാണ് എൻെറ സുദൃഢമായ വിശ്വാസം. ധ്യാനത്തിൽ സുസ്ഥിരചിത്തയായിരിക്കുന്ന ഒരാത്മാവ് തനിക്കു നഷ്ടപ്പെട്ടതായി തന്നെ പിശാചു കരുതുന്നു. ധ്യാനപന്ഥാവിൽനിന്നു വ്യതിചലിക്കാത്ത ഒരാത്മാവിൻെറ പ്രയാണം സാവധാനമായിരുന്നാൽപോലും തൻെറ ഉള്ളിഷ്ടാന്ത്യം തീർച്ചയായും ആ ആത്മാവ് പ്രാപിക്കുന്നതാണ്."

ധ്യാനത്തിൽ സുസ്ഥിരമായി നില്ക്കുന്നതിന് മൂന്നു സംഗതികൾ അപരിത്യാജ്യമാണ്. ഏകാന്തത, മൗനം, സൃഷ്ടികളിൽനിന്നുള്ള അകൽച്ച. ധ്യാനം കൊണ്ടുമാത്രം സംതൃപ്തിയടയാതെ റൊഡ്റിഗെസ്, സെൻറ് ജൂർ ആദിയായവരുടെ സൽഗ്രന്ഥങ്ങളെ ദൈനംദിനം അരമണിക്കൂർ സമയമെങ്കിലും പാരായണം ചെയ്യുക. വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ ഇതിന് ഏററവും പര്യാപ്തങ്ങളാണെന്നാണ് വി. ഫിലിപ്പുനേരിയുടെ അഭിമതം.

### 3. ദിവ്യകാരുണ്യ സ്വീകരണം

ആത്മപിതാവിൻെറ അഭിപ്രായപ്രകാരം ഐക്യത്തിൻെറ കൂദാശയെന്ന അപരാഭിധാനമുള്ള വി. കർബാന കൂടെക്കൂടെ,

കഴിയുന്നത്ര അനുദിനവും, സ്വീകരിക്കുക. എന്നാൽ നമ്മുടെ
എല്ലാ സുകൃതാഭ്യാസങ്ങളും ഈ അന്ത്യത്തിനായി നിയോഗിച്ചു
കൊണ്ട് നാം ഈ ദിവ്യഭോജനത്തിനായി നമ്മെത്തന്നെ ഒരു
ക്കണം. വി. അമ്മത്രേസ്യാ പറയുന്നതുപോലെ, ഈശോമ്ശി
ഹാ തന്റെ പ്രസാദവരത്തെ വർഷിക്കുന്നതിനായി അനുഗ്രഹ
ത്തിന്റെ ഒരു സിംഹാസനത്തിലെന്നതുപോലെയാണ് നമ്മു
ടെ ഹൃദയാന്തർഭാഗത്തു ഉപവിഷ്ടനായിരിക്കുന്നത്. അവൾ പ
റയുന്നു: "ദിവ്യഭോജനാനന്തരം മിശിഹായോടുകൂടെ വസിക്കുന്ന
തിനുള്ള ഇത്ര അനുഗ്രഹപ്രദായകമായ ആ അവസരത്തെ നാം
നഷ്ടപ്പെടുത്തരുത്." "തനിക്കു യോഗ്യമായ ഒരു സ്വീകരണം
നൽകുന്ന ഒരു ഭവനത്തിന് അവിടന്ന് ദൗർഭാഗ്യത്തെ പ്ര
ദാനം ചെയ്യുക എന്നതു അസംഭാവ്യമാണ്" എന്നും വിശുദ്ധ
തന്നെ പേരൊരിടത്തു പ്രസ്താവിക്കുന്നു. ഒരുക്കത്തിനായും കൃത
ജ്ഞതാപ്രകാശനത്തിനായും മൂന്നു സംഗതികളെ അധികരിച്ചു
നാം പരിചിന്തനം ചെയ്യണം. 1. ആരാണ് ആഗതനാകുന്ന
തു? ഈശോ. 2. ഈ ആഗമനം ആരുടെ പക്കലേക്കാണ്? എ
ന്റിലേക്കു. 3. ആഗമനോദ്ദേശ്യമെന്തു? സ്നേഹിക്കപ്പെടുവാൻ.
ഇവ ഓരോന്നിനെ സംബന്ധിച്ചും വിശ്വാസത്തിന്റെയും,
എളിമയുടെയും, സ്നേഹത്തിന്റെയും പ്രകരണങ്ങൾ നാം ചെ
യ്യണം.

ദിവസത്തിന്റെ വിവിധ ഘട്ടങ്ങളിലായി ആദ്ധ്യാത്മിക
മായി ദിവ്യഭോജനം സ്വീകരിക്കുന്നതും ദൈവസംയോജ്യതയ്ക്കു
നന്നായി ഉപകരിക്കുന്ന അതിവിശിഷ്ടമായ ഒരു ഉപാധിയാ
കുന്നു. "ആദ്ധ്യാത്മിക ദിവ്യകാരുണ്യസ്വീകരണം വളരെ ഫല
പ്രദായകമാണ്. നമ്മുടെ നാഥനെ നിസ്തുല്യമായി നാം സ്നേഹി
ക്കുന്നുവെന്ന് വിശദമാക്കുന്ന ഈ വിശുദ്ധാഭ്യാസത്തിൽനിന്നും
നാം ഒരിക്കലും വിരമിക്കരുത്." ഇടക്കിടെ ദിവ്യകാരുണ്യനാഥ
നെ സന്ദർശിക്കുക. "ഈ പരിശുദ്ധതമമായ കൂദാശ ഇല്ലായി
രുന്നു എങ്കിൽ നമുക്ക് എന്തു സംഭവിക്കുമായിരുന്നു?" എന്നാണ്
വി. അമ്മത്രേസ്യാ ചോദിക്കുന്നത്. നമ്മുടെ പുണ്യപൂർണ്ണതാസി
ദ്ധിക്ക് ഏററവും പാവനമായ വിശുദ്ധ കുർബ്ബാനയിൽനിന്ന്
നമുക്കു ലഭിക്കുന്നതുപോലെ അത്രമാത്രം സഹായം മററു യാ
തൊന്നിൽനിന്നും നമുക്കു ലഭിക്കുന്നില്ല എന്നാണ് വി. ദീവന്നാ
സ്യോസിന്റെ അഭിമതം.

## 4. പ്രാർത്ഥന

തന്നോടു ചോദിക്കുന്നവർക്കുമാത്രമെ ദൈവം സാമാന്യമായി തന്റെ അനുഗ്രഹങ്ങളെ, പ്രദാനം ചെയ്യുന്നുള്ളു. വി. സുവിശേഷത്തിൽനിന്നും ഈ വസ്തുത നമുക്കു സുഗ്രാഹ്യമാണ്. അതിനാൽ ദൈവസംയോജ്യതയിൽ നമ്മെത്തന്നെ സുസ്ഥിരരായി നിലനിറുത്തുന്നതിനു് പ്രാർത്ഥന അത്യന്താപേക്ഷിതമാകുന്നു.

ഏതൻമൂലം പ്രഭാതത്തിൽ നാം ഉണരുമ്പോൾ നമ്മുടെ ആവശ്യങ്ങളിൽ നമ്മെ സഹായിക്കുന്നതിനായി ഈശോയ്ക്കും മറിയത്തിനും വിശ്വസ്തതാപൂർവ്വം നമ്മെത്തന്നെ നാം സമർപ്പിക്കണം.

നമ്മുടെ സൽപ്രവൃത്തികളുടെയും ആരംഭത്തിൽ നാം ഈ പ്രകാരം ബുദ്ധിപൂർവ്വം ചെയ്യണം. സായാഹ്നത്തിൽ പശ്ചാത്താപപ്രകരണങ്ങളോടും വ്യസനത്തോടുംകൂടെ ഒരു ആത്മശോധന നടത്താനും ശ്രമിക്കണം.

പ്രലോഭനാവസരങ്ങളിലും പാപം ചെയ്യേക്കുമെന്നു് ഭീതിയുള്ളപ്പോഴും "ഈശോ മറിയമേ!" എന്നുച്ചരിച്ചുകൊണ്ടെങ്കിലും ദൈവത്തിൽ അഭയം തേടുന്നതു് അവശ്യം ആവശ്യമാകുന്നു. വി. അമ്മത്രേസ്യാ പറയുന്നു: "ചില മനുഷ്യർ പിശാചു് പിശാചു് എന്നു് പറഞ്ഞു സ്വയം ഭയപ്പെടുത്തുന്നു. ഇതിനുപകരം അവർ ദൈവമേ! ദൈവമേ! എന്നു വിളിക്കാത്തതും അങ്ങനെ പിശാചിനെ ഭയപ്പെടുത്താത്തതും എന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല."

നമ്മുടെ അതിപ്രധാനങ്ങളായ ആശാപാശങ്ങളെ ജയിക്കുന്നതിനും പരിശുദ്ധമായ സ്ഥിരത, ദൈവസ്നേഹം, ദൈവതിരുമനസ്സിനോടുള്ള യോജിപ്പു ഇത്യാദി പ്രാപിക്കുന്നതിനും നാം പ്രാർത്ഥിക്കയല്ലാതെ ഗത്യന്തരമില്ല. "ലൗകികനന്മകൾ പോലെയുള്ള നിസ്സാരകാര്യങ്ങൾക്കായി ദൈവത്തോടു യാചിക്കുന്നതിനും സംഭാഷണം ചെയ്യുന്നതിനുമുള്ള കാലമല്ല ഇതു്" എന്നത്രെ വി. അമ്മത്രേസ്യാ പറയുന്നതു്.

## 5. ദൈവസാന്നിദ്ധ്യചിന്ത

സ്ഥലകാലവ്യത്യാസമെന്യേ ദൈവം നമ്മെ [illegible] നമ്മോടുകൂടെ വസിക്കുകയും ചെയ്യുന്നുവെന്നു് അനുസ്മരിച്ചും

കൊണ്ട് നിരന്തരമായ ദൈവസാന്നിദ്ധ്യചിന്തയെ കൈവളൎത്തുന്നതു് ദൈവൈക്യത്തിന് വളരെ ഉപകരിക്കുന്നതാണ്. നമ്മുടെ സൎവ്വാപരാധങ്ങൾക്കും നിദാനം ഈ വിശുദ്ധാഭ്യാസത്തിന്റെ അഭാവമാണെന്നു് വി. അമ്മത്രേസ്യാ അഭിപ്രായപ്പെടുന്നു. ദൈവം വിദൂരത്താണ് എന്നുള്ള ഭാവേന അനേകർ ദൈവസാന്നിദ്ധ്യചിന്ത കൂടാതെ വ്യാപരിക്കുന്നു എന്നും, നമുക്ക് ദൈവത്തിന്റെ നേൎക്കുള്ള സ്നേഹം നാമമാത്രമാകകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നും, ഒരു യഥാൎത്ഥ സ്നേഹിതൻ തന്റെ സ്നേഹവസ്തുവിനെ അനുസ്യൂതം സ്മരിക്കുന്നുവെന്നുമാണ് ആ വിശുദ്ധ പറയുന്നതു്. നമ്മുടെ നയനങ്ങൾക്ക് വിഷയീഭവിക്കത്തക്ക ഏതെങ്കിലും പ്രത്യേക ചിഹ്നങ്ങൾ നമ്മുടെ വസതിയിലോ, മേശമേലോ മറ്റോ നിക്ഷേപിക്കുന്നതു് ഈ ദൈവസാന്നിദ്ധ്യചിന്തയെ നമ്മിൽ കൈവളൎത്തുന്നതിന് അത്യന്തം ഉപയോഗപ്രദമായിരിക്കും.

ഭക്തിപരമായ സുകൃതജപങ്ങൾ, സ്നേഹപ്രകരണങ്ങൾ, ആത്മസമൎപ്പണങ്ങൾ ഇത്യാദികളോട്ട് ഈടുറ്റമായ സ്മരണകൾ സദാപി ചേൎന്നിരിക്കട്ടെ.

## 6. മുഴുവൻധ്യാനം

ഇതര ജോലികളെയും, സംഭാഷണങ്ങളെയും ദൂരതഃ പരിത്യജിച്ചുകൊണ്ട് ദൈവത്തോടുമാത്രം സംഭാഷിക്കുന്നതിനായി പ്രതിവത്സരം എട്ടോ, പത്തോ ദിവസം ഒരു മുഴുവൻ ധ്യാനത്തിനായി വിനിയോഗിക്കുക. ഈ മാൎഗ്ഗേണ വിശുദ്ധപദം സംസിദ്ധമായിട്ടുള്ളവർ നിരവധിയാണ്. പ്രതിമാസം ഒരു ദിവസം മുഴുവൻ ധ്യാനത്തിനായി വിനിയോഗിക്കുന്നതും ഉപയോഗപ്രദമാണ്.

ഇതോടു കൂടിത്തന്നെ വൎഷത്തിന്റെ വിവിധ ഘട്ടങ്ങളിലായി, രക്ഷകന്റെ ജനനത്തിന് പ്രാരംഭമായിട്ടുള്ള നവനാൾ, പരിശുദ്ധാത്മാവിന്റെ നവനാൾ, പരി. കന്യകയുടെ ഏഴ് പ്രധാനപ്പെട്ട തിരുനാളുകൾക്കുള്ള നവനാളുകൾ, ആദിയായ ദിനങ്ങളെ ദിവ്യകാരുണ്യസന്ദൎശനം, ജപമാലോച്ചാരണം തുടങ്ങിയ സൽപ്രവൃത്തികൾ ചെയ്തുകൊണ്ട് യഥായോഗ്യം നിൎവഹിക്കുക. "തന്റെ ദിവ്യമാതാവിന്റെ മഹത്വീകരണാൎത്ഥം ചെയ്യപ്പെടുന്ന സൽപ്രവൃത്തികളും മിശിഹാസ്സ് അത്യധികം

പ്രസാദിക്കുന്നു" എന്നുള്ള വി. അമ്മത്രേസ്യായുടെ വാക്കുകളെ അനുസ്മരിച്ചുംകൊണ്ടു് എല്ലാ ശനിയാഴ്ചകളിലും അഥവാ പരി. കന്യകയുടെ തിരുനാളുകളുടെ ജാഗരണനാളുകളിലെങ്കിലും ദൈവമാതാവിൻെറ സ്തുതിക്കായി ഉപവാസം അനുഷ്ഠിക്കുന്നതും ശ്ലാഘനീയമാകുന്നു.

നിൻെറ വി. മദ്ധ്യസ്ഥനിൽ പ്രത്യേകവിധം പ്രശോഭിച്ചിരുന്ന വിശുദ്ധാഭ്യാസങ്ങളെ സനിഷ്കർഷം ആചരിക്കുക. വിശ്വാസത്തിൽ നമ്മുടെ പിതാക്കന്മാരായ വി. ശ്ലീഹന്മാരോടു ഒരു പ്രത്യേകഭക്തി ഉണ്ടായിരിക്കണം.

## 7. അയല്ക്കാരരോടുള്ള ഉപവി

ആത്മാവിൻെറ ദൈവികൈക്യത്തെ സുരക്ഷിതമാക്കുന്നതിനു് നമ്മുടെ അയല്ക്കാരനെയും നാം സ്നേഹിക്കണം.

### പരസ്നേഹത്തിൻെറ ആഭ്യന്തരമായ പ്രവൃത്തികൾ

സ്വാഭാവികമായി നമുക്കു് തോന്നാവുന്ന വെറുപ്പിനെ അവഗണിച്ചുകൊണ്ടുപോലും നമുക്കു ലഭിക്കുവാൻ നാം ആഗ്രഹിക്കുന്ന നന്മ അപരനും ലഭിക്കുവാൻ ആഗ്രഹിക്കുകയും, നമുക്കു ഭവിക്കാതിരിപ്പാൻ അഭിലഷിക്കുന്ന തിന്മ അവനും സംഭവിക്കാതിരിക്കാൻ അഭിലഷിക്കുകയും, അവൻെറ നന്മയിൽ ആഹ്ലാദിക്കുകയും, അവൻെറ ദുരദൃഷ്ടങ്ങളിൽ സഹതപിക്കുകയും ചെയ്യുക.

### പരസ്നേഹത്തിൻെറ ബാഹ്യമായ പ്രവൃത്തികൾ

1. അപരനു വിരോധമായി ആവലാതിപ്പെടുകയോ, അവനെ അവഹേളിക്കുകയോ ചെയ്യരുതു്. പ്രത്യുത, അവൻെറ നന്മയെക്കുറിച്ചുമാത്രം സംസാരിക്കുകയും; അവനെ ആദരിക്കുകയും ചെയ്യുക.

2. അവനെ സസ്നേഹം സമാശ്വസിപ്പിക്കുക.

3. അവൻെറ ആദ്ധ്യാത്മികവും ലൗകികവുമായ ആവശ്യങ്ങളിൽ അവനെ സഹായിക്കുക.

4. വി. അമ്മത്രേസ്യാ പറയുന്നതുപോലെ പാപമല്ലാത്ത എല്ലാ സംഗതികളിലും അവൻെറ അഭ്യുദയത്തെ മുൻനിറുത്തി സ്വയം താഴ്ത്തുക. ഏതന്നിമിത്തം വി. ഫ്റാൻസീസ് സാലേസ് അഭിപ്രായപ്പെടുന്നതുപോലെ, നമുക്കും നമ്മുടെ സഹോദരനും ഓരോ സമുചിതമായ സമയം നാം നിശ്ചയിക്കുകയും അവനോ

ടുള്ള നമ്മുടെ കർത്തവ്യങ്ങളിൽ കുറവു വന്നുപോയാൽ അവൻെറ അഭീഷ്ടത്തെ സാധിച്ചുകൊടുക്കുന്നതിന്ന് വേറൊരു അവസരം ആരായുകയും ചെയ്യണം.

5. അയല്ക്കാരനു ദുരുപദേശമൊ, ദുർമ്മാതൃകയൊ നല്കാതിരിക്കാൻ ജാഗ്രതകരായിരിക്കുക.

6. സന്ദർഭത്തിനനുസരിച്ച് നാം സാവകാശത്തിൽ അവനെ അനുശാസിക്കണം. എന്നാൽ ഇതു അവൻ വികാരക്ഷുബ്ധനായിരിക്കുന്ന അവസരത്തിൽ ആയിരിക്കരുത്.

7. വിശിഷ്യ, തിന്മക്കു പകരം നന്മ ചെയ്യുന്നതിനും, നിന്നെ ഉപദ്രവിച്ചവരെക്കുറിച്ച് നന്നായി സംസാരിക്കുന്നതിനും, അവരോടു സൌമ്യതയോടെ വർത്തിക്കുന്നതിനും അവർക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം യാചിക്കുന്നതിനും, അവരിൽനിന്നും അനുഭവിക്കേണ്ടിവന്ന അസഹ്യതകളും ദുരദൃഷ്ടങ്ങളും ക്ഷമിക്കുന്നതിനും അശ്രാന്തപരിശ്രമംതന്നെ ചെയ്യുക.

## മഹദ്വാക്യങ്ങൾ

ഈ ചെറിയ കൃതിയുടെ ഒരുപസംഹാരമായി വിശുദ്ധ അമ്മത്രേസ്യാ തൻെറ കൃതികളുടെ വിവിധ ഭാഗങ്ങളിലായി നമുക്കു പ്രദാനം ചെയ്തിരിക്കുന്ന ചില സിദ്ധാന്തങ്ങളെ ഇവിടെ ഉദ്ധരിക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു.

സ്വന്ത ആത്മവിശ്വാസത്തെ പൂർണ്ണമായി ത്യജിച്ച് നമ്മുടെ വിശ്വാസം മുഴുവനും ദൈവത്തിൽ നാം നിക്ഷേപിക്കാത്ത പക്ഷം നമ്മുടെ പ്രയത്നങ്ങൾ തുച്ഛമായ ഫലമേ പുറപ്പെടുവിക്കുകയുള്ളൂ.

അഭ്യന്തരമായി നമ്മുടെ സ്നേഹം മുഴുവനും ദൈവത്തിനു നല്കുവാൻ നാം വിമുഖരായിരിക്കുന്നതുകൊണ്ട് തൻെറ സ്നേഹഭണ്ഡാഗാരത്തെ താൻ നമുക്കും പ്രദാനം ചെയ്യുന്നില്ല.

കപടഭക്തിയിൽനിന്നും ദൈവം നമ്മെ ഉദ്ധരിക്കട്ടെ.

പിശാചുക്കളെ ഓടിക്കുന്നതിനു് തീർത്ഥജലത്തെക്കാൾ കുറിക്കു കൊള്ളുന്ന ഒരുപകരണമില്ലെന്നു് എനിക്കു ധാരാളം അനുഭവഗോചരമായിട്ടുണ്ട്.

നമ്മുടെ രക്ഷകൻ നമുക്കുവേണ്ടി ചിന്തിയ ഒരു തുള്ളി രക്തത്തോടു താരതമ്യപ്പെടുത്തിയാൽ നമുക്കു ചെയ്യാൻ സാധിക്കുന്ന സമസ്തവും വെറും ശൂന്യം മാത്രമായിരിക്കും.

നമ്മുടെ ഭാഗത്ത് കുററമൊന്നുമില്ലെങ്കിൽ നാം വിശുദ്ധന്മാരായിരിക്കുന്നതിന് അവശ്യം വേണ്ടതായ സഹായങ്ങൾ ദൈവം നമുക്ക നൽകുമോ എന്ന നാം ശങ്കിക്കേണ്ട ആവശ്യമില്ല.

ദൈവസ്മരണയോടുകൂടി നാം സ്വർഗ്ഗത്തിലേക്ക് നോക്കുന്ന ഒരു നോട്ടത്തിനുപോലും ദൈവം തക്ക പ്രതിസമ്മാനം നൽകാതിരിക്കുകയില്ല.

തൻെറ ഭാഗത്തുനിന്ന് പ്രവർത്തിക്കേണ്ടതായ സർവ്വവും പ്രവർത്തിക്കുന്നതിനുവേണ്ടി ദൈവം നമ്മിൽനിന്ന് സുസ്ഥിരമായ ഒരു മനസ്സല്ലാതെ മററൊന്നും ആഗ്രഹിക്കുന്നില്ല.

ദൈവം നമുക്ക യാത്രയാക്കുന്ന ഓരോ പീഡക്കും അനന്തരകാലത്ത് തൻെറ അനുഗ്രഹബാഹുല്യത്താൽ താൻ തക്ക പ്രതിസമ്മാനം നൽകുന്നതാണ്. സമ്മാനാർഹമല്ലാത്ത യാതൊരു പീഡയും താൻ നമുക്ക നൽകാറില്ല.

ആത്മാവ് ഭൗമികസന്തോഷങ്ങളെ ദൂരതഃ പരിവർജ്ജിക്കാത്തപക്ഷം അതു ദൈവികപഥത്തിൽ അശ്രദ്ധയായിരിക്കും.

ഭക്തിയിൽ അപൂർണ്ണരായവരോടു നിൻെറ പ്രലോഭനങ്ങളെ അറിയിക്കരുത്. എന്തുകൊണ്ടെന്നാൽ തദ്വാരാ നീ നിനക്ക തന്നെയും അവക്കും ഉപദ്രവമായിരിക്കും വരുത്തിവെക്കുക. ഭക്തിയിൽ പൂർണ്ണരായവക്കു മാത്രം നീ അവയെ വെളിപ്പെടുത്തുക.

ദൈവത്തെ ദർശിക്കണമെന്നത് നിൻെറ ഏക ആഗ്രഹവും, തന്നെ പരിത്യജിച്ചേക്കുമോ എന്നത് നിൻെറ ഏകഭയവും, തനിക്കവേണ്ടി എന്തെങ്കിലും നിർവ്വഹിക്കുന്നത് നിൻെറ ഏക ആനന്ദവും ആയിരിക്കട്ടെ.

ഈശോയും, മറിയവും, യൌസേപ്പും, ത്രേസ്യായും എന്നന്നേക്കും വാഴട്ടെ. ആമ്മേൻ.

*L. D. S. & M.*

---

*Printed and Published for the Proprietor by*
*P. K. Joseph at the St. Joseph's Press,*
*Mannanam 1948.*

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M08

*Acc. No.* 14118

This book should be returned on or before the date last stamped below.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* 1508 *Acc. No.* 14112

This book should be returned on or before the date last stamped below.

25 MAY 1977

൩൪൮ 14112

ഗ്രീഗരി.

വി: അമ്മ ത്രേസ്യാ।